

ഖുത്ബ്ബ:
സർവസ്തുതിയും യഥാർഥ ആരാധ്യനായ
അല്ലാഹുവിനാകുന്നു

# സത്യദൂതൻ

2012 മാർച്ച് | ലക്കം 3
വില ₹ 20



## ജൂതജനതയും
### ആധുനിക കാലവും


## ജിന്ന്: വിശുദ്ധഖുർആൻ എന്തു പറയുന്നു?




**Masjid Baitul Nasir**, USA



**Baitul Nasr,** USA




The Sathyadoothan Monthly

لا اله الا الله محمد رسول الله


# സത്യദൂതൻ

2012 മാർച്ച്
ഹി.ശ.1390 – അമാൻ
1433 റ.ആഖർ – ജ. അവ്വൽ
പുസ്തകം 84 ലക്കം 3
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**5** **എഡിറ്റോറിയൽ**

**6** **യുഗശബ്ദം**



**7**

ഖുത്ബ
**സർവസ്തുതിയും യഥാർഥ ആരാധ്യനായ അല്ലാഹുവിനാകുന്നു**
ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു..)



**12**

**ഖൻദക്ക് (കിടങ്ങ്) യുദ്ധവും അദ്ഭുതകരമായ പ്രവചനസാക്ഷാത്ക്കാരവും**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**14**
**ഹദ്റത്ത് അഹ്മദി(അ) ന്റെ സത്യസാക്ഷ്യം വിശുദ്ധ ഖുർആനിലൂടെ**
മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

**17**
**ജിന്ന്: വിശുദ്ധ ഖുർആൻ എന്തു പറയുന്നു?**
മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ

**19**
**അവസാനത്തെ ശരീഅത്തും അവസാനിക്കാത്ത നുബുവ്വത്തും**
ശറഫുദ്ദീൻ ഇർഫാനി, അഗത്തി



**23**

**ജൂതജനതയും ആധുനിക കാലവും**
എ.എം.മുഹമ്മദ് സലിം

ചരിത്രത്തിലുടനീളം പീഢനങ്ങളും പ്രവാസ ജീവിതവും നിഴൽ പോലെ പിന്തുടർന്ന ജൂത ജനതയുടെ യേശുവിന് ശേഷമുള്ള ആധുനിക ചരിത്രത്തിന്റെ രേഖാചിത്രം

**27**

**സ്വവർഗരതി: ഇസ്‌ലാമിക വീക്ഷണം**
സിറാജുൽ ഹഖ്

സ്വവർഗരതി കുറ്റവിമുക്തമാക്കികൊണ്ടുള്ള ഡൽഹി ഹൈക്കോടതി വിധി സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ധാർമികവും ആത്മീയവുമായ മൂല്യങ്ങളിലധിഷ്ഠിതമായ മനുഷ്യന്റെ ലൈംഗിക സദാചാരത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ വ്യക്തമായ മാർഗദർശനം നൽകുന്നു. സ്വവർഗരതി അനാശാസ്യവും ശിക്ഷ അർഹിക്കുന്ന നിയമലംഘനവുമാണെന്നാണ് വിശുദ്ധ ഖുർആന്റെ നിലപാട്.

**30**

**റഷ്യയിൽ ഇസ്‌ലാമിന്റെ ഭാവി**
റാവീൽ ബുഖാറയേവ്



**33**

**അഹ്മദികൾ ഇസ്‌ലാമിലെ നവീകൃത വിഭാഗം**
ജസ്റ്റീസ്. വി ആർ കൃഷ്ണയ്യർ

വിശദമായ നിയമ വിശകലനങ്ങൾക്കും മത ശാസ്ത്ര പഠനങ്ങൾക്കും ശേഷം അഹ്മദി കൾ മുസ്‌ലിംകൾ തന്നെ യെന്ന് വിധിച്ചുകൊണ്ടുള്ള ജസ്റ്റിസ് കൃഷണയ്യരുടെ വിധിയുടെ മൂന്നാം ഭാഗം



**35**

**കർബല: സ്നേഹപ്രകടനത്തിന്റെ ശരിയായ മാർഗം**
അമീർ സഫീർ

**39**
കുറിപ്പുകൾ
**മുറുകുന്ന മുടിവിവാദം**
മുസാഫിർ

**42**

**വാർത്തകൾ**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി – 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിച്ചവരേ, മതപണ്ഡിതന്മാരിൽ നിന്ന് അധികപേരും മനുഷ്യരുടെ ധനം അന്യായമായി കരസ്ഥമാക്കി ഭക്ഷിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും സംഭരിച്ചു വെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനാജനകമായ ശിക്ഷയുണ്ടെന്ന് മുന്നറിയിപ്പ് നൽകുക **(9:34)**.



## നബിവചനം

ഹദ്റത്ത് അബ്ദുല്ല(റ)യിൽ നിന്നു നിവേദനം. നബി(സ) അരുളി: മനുഷ്യരിൽ നിന്ന് അറിവ് അല്ലാഹു ഒറ്റയടിക്ക് പിടിച്ചെടുക്കില്ല. പണ്ഡിതന്മാരെ മരണപ്പെടുത്തുക വഴിയാണ് വിദ്യയെ മനുഷ്യരിൽ നിന്ന് അവൻ പിടിച്ചെടുക്കുക. അവസാനം കുറെ മൂഢന്മാർ അവശേഷിക്കും. അവരോട് മനുഷ്യൻ മതവിധി ചോദിക്കും . അപ്പോൾ സ്വന്തം അഭിപ്രായമനുസരിച്ച് അവർ വിധി കൽപ്പിക്കും. അങ്ങനെ അവർ സ്വയം വഴിപിഴക്കുകയും മറ്റുള്ള വരെ പിഴപ്പിക്കുകയും ചെയ്യും. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം

### എനിക്കെതിരെ പ്രാർഥന ഫലം ചെയ്യില്ല



മൗലവിമാരോടും അവരുടെ സഹയാത്രികരോടും അല്ലാഹുവിനെ മുൻനിർത്തി ഞാൻ പറയുന്നു. ചീത്തപറയുകയും നിന്ദിക്കുകയും ചെയ്യുക മാന്യമായ മാർഗമല്ല. നിങ്ങളുടെ സ്വഭാവം ഇതാണെങ്കിൽ ആകട്ടെ, നിങ്ങളുടെ ഇഷ്ടം. എന്നാൽ നിങ്ങളെന്നെ കള്ളവാദിയായി കരുതുന്നുവെങ്കിൽ നിങ്ങൾക്കിതും ചെയ്യാം. നിങ്ങൾ പള്ളികളിൽ ഒരുമിച്ചു കൂടിയിട്ടോ ഒറ്റയൊറ്റയായിട്ടോ എന്റെ നാശത്തിനായി പ്രാർഥിച്ചു കൊള്ളുവിൻ. വാവിട്ടു നിലവിളിച്ചു കൊണ്ട് എന്നെ നിർമൂലനം ചെയ്യുവാൻ പ്രാർഥിക്കുവിൻ. ഞാൻ കള്ളവാദിയാണെങ്കിൽ നിശ്ചയമായും ആ പ്രാർഥനകൾ സ്വീകരിക്കപ്പെടും. എന്നാൽ ഓർത്തു കൊള്ളുവിൻ! നിങ്ങളുടെ നാവുകൾ മുറിക്കപ്പെട്ടുപോകുമാറ് നിങ്ങൾ പ്രാർഥിച്ചാലും നിങ്ങളുടെ നെറ്റി തേഞ്ഞുമാഞ്ഞു പോകുമാറ് നിങ്ങൾ സുജൂദ് ചെയ്താലും അശ്രു ധാരകളാൽ കൺകുഴികൾ ചീഞ്ഞു പോകുകയും കൺപീലികൾ കൊഴിഞ്ഞു പോകുകയും കാഴ്ച്ച നഷ്ടപ്പെട്ടു പോകുകയും ഒടുവിൽ ബുദ്ധി മന്ദിച്ചു അപസ്മാരമോ ഭ്രമതയോ ബാധിക്കുകയും ചെയ്യുമാറ് നിങ്ങൾ കരഞ്ഞും വിലപിച്ചും പ്രാർഥിച്ചു കൊണ്ടിരിക്കയും ചെയ്താലും നിങ്ങളുടെ ആ പ്രാർഥനകൾ സ്വീകരിക്കപ്പെടുകയില്ല. എന്തെന്നാൽ ഞാൻ ദൈവത്തിൽ നിന്നുള്ളവനാകുന്നു. ആർ എന്റെ നാശത്തിനായി പ്രാർഥിക്കുന്നുവോ ആ പ്രാർഥന അവന്റെ മേൽ തന്നെ തിരിഞ്ഞു ചെല്ലുന്നതാണ്. എന്നെ പറ്റി 'അവന്റെമേൽ ശാപം' എന്ന് ആർ പറയുന്നുവോ ആ 'ലഅ്നത്ത്' അവന്റെ ഹൃദയത്തിൽ തന്നെ പതിക്കുന്നതുമാണ്. ( **അർബയീൻ)**

എഡിറ്റോറിയൽ

# മുസ്‌ലിം ലോകം കാത്തിരുന്ന ദൈവനിയുക്തൻ

സമൂഹങ്ങൾ ജീർണിക്കുമ്പോൾ പുനരുജ്ജീവനത്തിനായി ദൈവം ഒരു ദൂതനെ എഴുന്നേൽപ്പിക്കുന്നു. എന്നത് ചരിത്രാരംഭം മുതൽ കണ്ടു വരുന്ന പ്രതിഭാസമാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

***ആദം സന്തതികളേ! എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരുന്ന നിങ്ങളിൽ നിന്നുള്ള ദൂതന്മാർ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ, ആർ സൂക്ഷ്മത കൈക്കൊള്ളുകയും സ്വയം നന്നാക്കിത്തീർക്കുകയും ചെയ്യുന്നുവോ, അവർക്ക് യാതൊന്നും ഭയപ്പെടാനില്ല, അവർ വ്യസനിക്കുകയുമില്ല.(7:36)***

മനുഷ്യനെ ദൈവോന്മുഖനാക്കി മാറ്റാൻ കലാകാലങ്ങളിൽ ദൈവദൂതന്മാർ അവതരിക്കുമെന്ന ദൈവിക നിയമം നിരവധി സ്ഥലങ്ങളിൽ ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ ചരിത്രത്തിലുടനീളം മനുഷ്യരിൽ ഭൂരിപക്ഷവും ഈ ദൈവികാനുഗ്രഹത്തിന്റെ നിഷേധകരും നിന്ദകരുമാണ്. വിശുദ്ധ ഖുർആൻ അത്തരം ചരിത്രവൃത്താന്തങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ആത്മീയമായും ജൈവികമായും മനുഷ്യനേയും സമൂഹങ്ങളേയും വളർത്തികൊണ്ടു വരുന്നതും ജീർണതയിൽ നിന്ന് കരകയറ്റുന്നതും പരമ കാരുണികനായ ദൈവമാണ്. മനുഷ്യന്റെ ജീവിതം ആരംഭിക്കുന്നതിനും നിലനിർത്തുന്നതിനും അവന്റെ വളർച്ചക്കും കാരണമായ പ്രാപഞ്ചിക നിയമങ്ങൾ, സൂര്യൻ, വായു, വെള്ളം എന്നിവയുടെ നിർമാണത്തിലോ അതിന്റെ ചലന വ്യവസ്ഥയിലോ മനുഷ്യകരങ്ങളുടെ യാതൊരു പങ്കുമില്ല എന്നത് അനിഷേധ്യസത്യമാണ്, ഒരു പരാദത്തെപോലെ മനുഷ്യൻ അതിന്റെയെല്ലാം നിസ്സഹായനായ ഗുണഭോക്താവ് മാത്രമാണ്. അപ്പോൾ മനുഷ്യ ജീവിതം ജീർണതയേറ്റ് ഈ കാലഘട്ടത്തിൽ തകരുമ്പോൾ ദൈവികമായ ഇടപെടലുണ്ടാവില്ല എന്ന് കരുതുന്നത് ദൈവികാനുഗ്രഹത്തിന്റെ നിഷേധമാണ്.

ഇന്ന് സമൂഹത്തിന്റെ മതപരമായ ജീർണത മാറ്റിയെടുക്കാൻ നിരവധി സംഘടനകളും പ്രസ്ഥാനങ്ങളും രംഗത്തുണ്ട് എന്നത് തന്നെ ഇത്തരം ഒരു ദൈവദൂതന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. മനുഷ്യന്റെ സഹായമില്ലാതെ സൂര്യനെ ഉദിപ്പിച്ച് മനുഷ്യന്റെ ഭൗതികാസ്തിത്വത്തെ നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുന്ന ദൈവം മാനുഷതയുടെ പരമ സത്തയായ ആത്മീയതയെ പോഷിപ്പിക്കാൻ ഒരു ദൈവപ്രേഷിതനെ അയക്കാൻ സാധ്യതയില്ല എന്ന് ശഠിക്കുന്നത് ഖുർആന് വിരുദ്ധമായ ഒരു നിരർഥക വാദമാണ്.

ദൈവം യഥാസമയം ഒരു ദിവ്യാത്മാവിനെയും ദിവ്യസംവിധാനത്തേയും ഏർപ്പെടുത്തി ഈ കുറവ് പരിഹരിച്ചിരിക്കുന്നു. പക്ഷേ അതിനെ നിഷേധിച്ചു കൊണ്ട് സമൂഹത്തിന്റെ ആത്മീയ സംസ്ക്കരണത്തിന് നിരവധി കക്ഷികളും സംഘടനകളും സ്വയം ധൃഷ്ടരായ് മുന്നോട്ട് വന്നിരിക്കയാണ്. ഇക്കൂട്ടർ എത്ര പെരുകുന്നുവോ അത്രയും കക്ഷിപ്പോരും കുഴപ്പങ്ങളും കൊണ്ട് മുസ്‌ലിം സമൂഹം സംഘർഷ ഭരിതമാവുന്നു എന്നത് നമ്മുടെ അനുഭവ യാഥാർഥ്യവുമാണ്.

ഈ അവസരത്തിൽ വിശുദ്ധ ഖുർആനിൽ പറഞ്ഞ റസൂൽ തിരുമേനി(സ)യുടെ രണ്ടാം വരവിനെക്കുറിച്ചും അതിന് റസൂൽ തിരുമേനി (സ)പറഞ്ഞ വ്യാഖ്യാനവും മുസ്‌ലിം സഹോദരന്മാർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല ഇമാം മഹ്ദിയേയും മസീഹിനെയും സംബന്ധിച്ച പ്രവചനം നമുക്ക് ഹൃദിസ്ഥവുമാണ്. ഖുർആൻ പറയുന്നു:

***അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ(അറബികളിൽ)അവരിൽ നിന്നുള്ള ഒരു ദൂതനെ എഴുന്നേൽപ്പിച്ചത്... അവരോടൊപ്പം ചേർന്നിട്ടില്ലാത്ത മറ്റൊരു ജനതയിലും അവൻ ദൂതനെ എഴുന്നേൽപ്പിക്കുന്നതാണ് .അവൻ പ്രതാപവാനും അഗാധജ്ഞനുമാണ്.(സൂറ: ജുമുഅ: 62:3,4)***റസൂൽ തിരുമേനി(സ)ഇതിനെ വ്യാഖ്യാനിച്ചു പറഞ്ഞു: *സത്യവിശ്വാസം കാർത്തിക നക്ഷത്രത്തിലേക്ക് ഉയർന്ന് പോകുമ്പോൾ ഫാർസി വംശജനായ ഒരാൾ അതിനെ ഭൂമിയിലേക്ക് തിരിച്ചു കൊണ്ടുവരികയും വീണ്ടും ലോകത്ത് സ്ഥാപിക്കുകയും ചെയ്യും (ബുഖാരി, തഫ്സീർ-സൂറ: ജുമുഅ:)*

അത്പ്രകാരം അല്ലാഹു നിയോഗിച്ചയച്ച പുണ്യാത്മാവാണ് **ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)**. ആ മഹാത്മാവിനെ നിഷേധിക്കുന്നതും നിന്ദിക്കുന്നതും ചരിത്രത്തിന്റെ ആവർത്തനമാണെന്നും മുസ്‌ലിംകളുടെ എല്ലാ ദൈന്യതക്കും ദുഃഖങ്ങൾക്കും കാരണവും ഇതാണെന്നും മറ്റാരെക്കാളും മുസ്‌ലിംകൾ മനസ്സിലാക്കേണ്ടതാണ്. ഈ തിരിച്ചറിവ് മുസ്‌ലിംകൾക്കുണ്ടാവട്ടെ എന്ന് പ്രാർഥിക്കുന്നു..



ഹദ്റത്ത് അഹ്മദ്(അ)

# പ്രകാശിക്കുന്ന പൂർണമനുഷ്യൻ


**സൂ**ര്യനിൽ എന്ന പോലെ മനുഷ്യാത്മാവിലും ഒരു തേജസ്സ് അഥവാ, വിവേക ബുദ്ധിയുടെയും ജ്ഞാനത്തിന്റെയും പ്രകാശം സ്ഥിതി ചെയ്യുന്നുണ്ട്. അതുമൂലം അവന് മുഴു ലോകത്തെയും പ്രകാശമാനമാക്കിത്തീർക്കുവാൻ സാധിക്കുന്നതാണ്. ചന്ദ്രനെപോലെ അവൻ സർവ തേജോകേന്ദ്രമായ ദൈവത്തിൽ നിന്നുള്ള ആത്മദർശനവും ദിവ്യവെളിപാടുമാകുന്ന പ്രകാശം സ്വീകരിക്കുകയും മനുഷ്യ പൂർണത സിദ്ധിക്കാതെ അന്ധകാരത്തിൽ വർത്തിക്കുന്നവർക്ക് തൽപ്രഭാപൂരം വിതരണം ചെയ്യുകയും ചെയ്യുന്നു. അതിനാൽ പ്രവാചക പട്ടം വെറും ഭോഷ്കാണെന്നും സർവോന്നതനായ ദൈവത്തിൽ നിന്നുള്ള ദൗത്യവും ധർമനിയമവും തത്ത്വഗ്രന്ഥവുമെല്ലാം സ്വാർഥത പുലർത്തുന്നതിനുള്ള കുതന്ത്രമാണെന്നും പറയുന്നത് തീരെ ബുദ്ധി പൂർവകമല്ല.

പകൽ പ്രകാശ പൂർണമായിരിക്കുന്നത് കൊണ്ട് സകല മാർഗങ്ങളും പാതകളും അവയുടെ ഉയർച്ചയും താഴ്ച്ചയും കുന്നും കുഴിയുമെല്ലാം തെളിഞ്ഞു കാണുമാറാകുന്ന പ്രകാരം, അധ്യാത്മ പ്രഭയുടെ അഹസ്സാകുന്ന പരിപൂർണ മനുഷ്യന്റെ ആവിർഭാവത്താൽ എല്ലാമാർഗവും ദൃഷ്ടി ഗോചരമായി ഭവിക്കുന്നതാണ്. ആ സൽപൂമാൻ, സത്യത്തിന്റെയും സൽഗതിയുടെയും ഉജ്ജ്വല ദിനമായിരിക്കുന്നതിനാൽ സത്യാസത്യങ്ങളെ വേർതിരിച്ച് നേരായ മാർഗം കാണിച്ചു തരുന്നു. ഇതേപ്രകാരം, രാത്രിയാകട്ടെ ക്ഷീണിതർക്കും ബലഹീനർക്കും വിശ്രമം നൽകുന്നു എന്നത് പ്രത്യക്ഷമാണ്. പകൽ സമയം ജോലി ചെയ്ത് ക്ഷീണിക്കുന്ന തൊഴിലാളികൾ നിശയാകുന്ന ശയ്യയിൽ വിശ്രമിക്കുകയും സുഖമായി നിദ്ര കൊള്ളുകയും ചെയ്യുന്നു. തന്നെയുമല്ല, രാത്രി എല്ലാവരുടേയും കുറ്റങ്ങളും കുറവുകളും മറയ്ക്കുന്ന ഒരാവരണം കൂടിയാണ്. ഈ വിധം തന്നെ പരിപൂർണ ഗുണങ്ങളോടു കൂടിയ ദൈവദാസൻ ലോകത്തിന് സൗഖ്യവും ആശ്വാസവും പ്രദാനം ചെയ്യുവാനായിട്ടാണ് ആവിർഭവിക്കുന്നത്. ദൈവത്തിന്റെ പ്രേമാത്മകമായ ഭാഷണവും വെളിപാടും സിദ്ധിച്ച പുണ്യാത്മാവ് വിവേക ജ്ഞാനികളുടെ ആന്തരീയ രോഗങ്ങൾ നിഗ്രഹിച്ച് അവർക്ക് സൗഖ്യവും സമാശ്വാസവും നൽകുന്നു. മഹാബുദ്ധിമാന്മാർക്ക് പോലും കണ്ടെത്താൻ സാധിക്കാത്ത ആത്മീയ തത്ത്വങ്ങളും ജ്ഞാന രഹസ്യങ്ങളും ആ ദൈവ ദാസൻ മുഖേന വെളിപ്പെടുകയും സുഗ്രാഹ്യമായി ഭവിക്കുകയും ചെയ്യുന്നു. ദൈവവചനത്തിന്റെ വെളിപാട് മനുഷ്യന്റെ വിവേക ബുദ്ധിയെ തീക്ഷ്ണതരമാക്കുകയും അതിന്റെ ന്യൂനതകളെ മറച്ചുകളയുകയും അതിന്റെ വീഴ്ച്ചകൾ ലോകത്തിന് വെളിപ്പെടാതിരിക്കാൻ സൂക്ഷിക്കുകയും ചെയ്യുന്നു. വിവേകികൾ ദൈവ വചനത്തിന്റെ പ്രകാശം സിദ്ധിക്ക മൂലം ആന്തരീയമായ തങ്ങളുടെ തെറ്റുകൾ തിരുത്തുകയും ദൈവത്തിന്റെ വിശുദ്ധ വെളിപാടിന്റെ സഹായത്താൽ ലോകാപവാദത്തിൽ നിന്ന് സ്വയം രക്ഷിക്കുമാറാകുകയും ചെയ്യുന്നു. അതിനാലാണത്രെ ഇസ്‌ലാമിലുണ്ടായ ഒരു തത്ത്വജ്ഞാനിയും യവന ദാർശനികനായ പ്ളാറ്റോ (അഫ്ലാത്തൂൻ)വിനെ പോലെ വിഗ്രഹത്തിന് ബലിയർപ്പിക്കാതിരുന്നത്. ഏതാദൃശമായ പ്രകാശസിദ്ധിക്ക് ഭാഗ്യമില്ലാതിരുന്നതിനാൽ പ്ളാറ്റോ തെറ്റിദ്ധാരണകൾക്ക് വശഗതനായി ഭവിച്ചു. മഹാ തത്ത്വജ്ഞാനിയായിരുന്നിട്ടും അദ്ദേഹത്തിന് അനഭിലഷണീയമായ ഈ മൗഢ്യം പിണയുക തന്നെ ചെയ്തു. എന്നാൽ ഇസ്‌ലാമിലെ തത്ത്വജ്ഞാനികളെ ഇത്തരം വിവേക ശൂന്യമായ ക്രിയകളിൽ നിന്ന് നിരോധിച്ചത്, നബി നായകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ഉപദർശനമാണെന്ന കാര്യം നിസ്സന്ദേഹമത്രേ. ഇങ്ങനെ ദൈവവചന മാകുന്ന വെളിപാട് രാത്രിയെ പോലെ വിവേകികൾക്ക് ഒരാവരണമായി തീരുന്നു. (ഇസ്‌ലാംമത തത്ത്വ ജ്ഞാനം )

# സർവസ്തുതിയും യഥാർഥ ആരാധ്യനായ അല്ലാഹുവിനാകുന്നു

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)**
**ഖലീഫത്തുൽ മസീഹ്**

**സൂ**റ ഫാത്തിഹ എല്ലാ നമസ്ക്കാരത്തിലും നാം ഓതുന്ന സൂറത്താണ്. ഹദീസുകളിൽ അതിന്റെ വിവിധ പേരുകളും ശ്രേഷ്ഠതകളും വിവരിച്ചിട്ടുണ്ട്. അതിന്റെ ഒരു നാമം സൂറത്തു സ്വലാത്ത് എന്നുമാണ്. ഹ. അബൂഹുറൈറ(റ) രിവായത്ത് ചെയ്യുന്നു. തിരുനബി(സ) അരുളുകയുണ്ടായി. അല്ലാഹു പറയുന്നു. ഞാൻ സ്വലാത്തിനെ അഥവാ സൂറാ ഫാത്തിഹായെ എനിക്കും സൃഷ്ടികൾക്കുമിടയിൽ പപ്പാതിയായി ഭാഗിച്ചിരിക്കുകയാണ്. സൂറത്തിന്റെ പകുതി ഭാഗം അല്ലാഹുവിന്റെ സിഫത്തുകൾ വിവരിച്ചിരിക്കുന്നു. തുടർന്നുള്ള പകുതിയിൽ സൃഷ്ടികൾക്ക് പ്രാർഥന പഠിപ്പിച്ചുകൊടുത്തിരിക്കുന്നു.



നമസ്ക്കരിക്കുന്ന ഓരോരുത്തരും സൂറ ഫാത്തിഹയുടെ ഈ പ്രാധാന്യം മനസ്സിലാക്കിവെക്കേണ്ടതാണ്. അല്ലാഹുവിന്റെ സിഫത്തുകളെ കുറിച്ച് ചിന്തിച്ചുകൊണ്ട് അതിൽ നിന്ന് കഴിവതും ഫലമെടുക്കാൻ ശ്രമിക്കുക. ഇതേപോലെ അതിലുള്ള ദുആയിൽ നിന്ന് ഫലമെടുക്കാനായി ചിന്തിക്കുകയും ഓരോ നമസ്ക്കാരത്തിലും അതിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാനായി ശ്രദ്ധാപൂർവം പാരായണം ചെയ്യുകയും ചെയ്യുക.

ഈ സൂറത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ കാലഘട്ടവുമായി പ്രത്യേക ബന്ധമുണ്ട്. മുൻവേദ ഗ്രന്ഥങ്ങളിലും ഇതിനെക്കുറിച്ച് പരാമർശമുണ്ട്. സൂറ ഫാത്തിഹയിലെ വിഷയങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തുണ്ടാകുന്ന അനുഗ്രഹങ്ങളെക്കുറിച്ചും അത് കരസ്ഥമാക്കേണ്ട മാർഗങ്ങളെക്കുറിച്ചും ആ കാലത്തുണ്ടാകുന്ന ശർറിനെക്കുറിച്ചും വിപത്തിനെക്കുറിച്ചും എല്ലാം പ്രതിപാദിക്കുന്നുണ്ട്. അതുകൊണ്ട് ഈ സൂറത്തിന് ഇന്നുള്ള മുസ്‌ലിംകൾക്ക് വലിയ പ്രാധാന്യം ഉണ്ടാകേണ്ടതാണ്.

**(10-02-2012 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) വെച്ച് നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.)**

എന്നാൽ ദൗർഭാഗ്യമെന്ന് പറയട്ടെ, മുസ്‌ലിം ഉലമാക്കൾ സമൂഹത്തെ തങ്ങളുടെ പരിധിയിൽ ഒതുക്കുകയും അവരെ ചിന്തിക്കുന്നതിൽ നിന്ന് തടഞ്ഞുനിർത്തിയിരിക്കുകയുമാണ്. ഇതുകാരണം ഇതിനെക്കുറിച്ച് പൊതുമുസ്‌ലിംകൾ ചിന്തിക്കുന്നില്ല. എന്നാൽ വാഗ്ദത്ത മസീഹിന്റെ ആവശ്യകതയെക്കുറിച്ച് അംഗീകരിക്കുകയും ഇതിനെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്ന ഒരു വിഭാഗം മുസ്‌ലിംകളിലുണ്ട്. മൗലവിമാരും മുല്ല വർഗവും ഇവരെ ശർറിലേക്കും വഴികേടിലേക്കുമാണ് കൊണ്ടുപോകുന്നത്. ശർറിന്റെയും ശിർക്കിന്റെയും വഴികേടിന്റെയും ആധിപത്യം നിലനിൽക്കുന്നു എന്ന് ചിന്തിക്കുന്ന ഓരോ മുസ്‌ലിമും അംഗീകരിക്കുന്നു. മാത്രമല്ല ഇത് എല്ലായിടത്തും വ്യാപിക്കുന്നത് കാണുകയും ചെയ്യുന്നു. അതിനെ അകറ്റാൻ അല്ലാഹുവിന്റെ തന്നെ ഒരു വരിഷ്ഠദാസൻ വരേണ്ടതുണ്ട്. ഇതിന് ഒരാൾ വേണമെന്ന് അവർ മനസ്സിലാക്കുന്നുണ്ട്. അപ്പോൾ അദ്ദേഹം വന്നിട്ടുണ്ടോ എന്ന് അവർ അന്വേഷിക്കേണ്ടതാണ്. ആ വ്യക്തി തീർച്ചയായും വന്നിരിക്കുന്നു. എന്നാൽ മുസ്‌ലിംകളിൽ ഭൂരിഭാഗവും പണ്ഡിതരെ ഭയപ്പെട്ടുകൊണ്ട് അദ്ദേഹത്തെ സ്വീകരിക്കാൻ തയ്യാറല്ല. അതിനാൽ ഉലമാക്കളും പൊതുജനങ്ങളും അല്ലാഹുവിനോട് യഥാർഥ മാർഗം കാണിച്ചുതരാൻ തേടുകയും പിടിവാശി ഉപേക്ഷിക്കുകയും ചെയ്യേണ്ടതാണ്. സന്ദേശം എത്തിക്കുക എന്നതാണ് നമ്മുടെ ഡ്യൂട്ടി. അത് നാം എത്തിച്ചുകൊണ്ടേ ഇരിക്കുന്നതാണ്. അതോടൊപ്പം തിരുനബി(സ)യുടെ ഈ പ്രിയ പ്രേമിയുമായി തങ്ങളെ ബന്ധപ്പെടുത്തുന്ന അഹ്മദികളായ നാം നമ്മുടെ അറിവും വിജ്ഞാനവും വർധിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. സൂറ ഫാത്തിഹയുടെ വിഷയങ്ങൾ കൂടുതൽ ഉൾകൊള്ളാൻ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ സൂറത്തിന്റെ വിഷയങ്ങൾ വിവിധ സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്. അത് അറിയാനും മനസ്സിലാക്കാനും നാം ശ്രമിക്കണം. എന്നാൽ മാത്രമെ ഇതിലെ കാര്യങ്ങൾ നമുക്ക് ജീവിതത്തിൽ പകർത്തി പ്രയോജനമടയാൻ സാധിക്കുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ സൂറത്തുൽ ഫാത്തിഹയുടെ രണ്ടാമത്തെ ആയത്തായ **അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ** എന്നതിനെക്കുറിച്ച് നൽകിയ വ്യാഖ്യാനം കേൾപ്പിക്കുകയാണ്. ഈ ആയത്തിൽ ഉൾകൊണ്ടിട്ടുള്ള വിവിധ

വിഷയങ്ങളെ വിവിധരീതിയിൽ ആ മഹാത്മാവ് വിവരിച്ചിട്ടുണ്ട്. ചില ഉദ്ധരണികൾ ഞാൻ എടുത്തിട്ടുണ്ട്. ഇവ ആ മഹാത്മാവിന്റെ വൈജ്ഞാനികവും ആത്മീയവുമായ ഖജനാവിൽ ഉള്ളതാണ്. ഈ ഒരായത്തിനെക്കുറിച്ച് തന്നെ ഇതല്ലാത്ത എത്രയോ ഉദ്ധരണികൾ വേറെയുമുണ്ട്. ഇത് വായിക്കുകയും കേൾക്കുകയും ചെയ്യുമ്പോൾ നമ്മുടെ അറിവും ജ്ഞാനവും വർധിക്കുന്നു. ഒരു പ്രാവശ്യം കേട്ടതുകൊണ്ട് അതിന്റെ അഗാധതലങ്ങളിൽ മനുഷ്യന് ഉടനെ ചെന്നെത്താൻ സാധ്യമല്ല. ഇത് മനസ്സിലാക്കാൻ സ്വയം അവ വായിക്കണം. കാലഘട്ടത്തിന്റെ ഇമാമിന്റെ ആത്മീയ ഭണ്ഡാരത്തെക്കുറിച്ച് അപ്പോഴാണ് നമുക്ക് ശരിയായ അറിവ് ലഭിക്കുക. അത് പ്രയോജനപ്പെടുത്താനും സാധിക്കുക.

**അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ** എന്നതിന്റെ വിശദീകരണം ചുരുങ്ങിയ രീതിയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് ഇപ്രകാരമാണ്. അൽഹംദുലില്ല. സർവസ്തുതിയും സർവസൽഗുണങ്ങളും സമ്മേളിച്ചിരിക്കുന്ന യഥാർഥ ആരാധ്യനായ അസ്തിത്വത്തിനാകുന്നു. അവനിൽ എല്ലാ സിഫത്തുക്കളും ഉൾ കൊള്ളുന്നു. അവന്റെ നാമം അല്ലാഹു എന്നാണ്. നാം നേരത്തെ തന്നെ വിവരിച്ചിരുന്നു. വിശുദ്ധ ഖുർആന്റെ പ്രയോഗത്തിൽ അല്ലാഹു എന്ന് പറഞ്ഞാൽ യഥാർഥ ആരാധ്യനും സർവഗുണ സമ്മേളിതനും സർവവിധ ദുർഗുണങ്ങളിൽ നിന്ന് പരിശുദ്ധനും ഏകനും പങ്കുകാരനില്ലാത്തവനും ആയ അസ്തിത്വത്തിന്റെ പേരാണ്. അവൻ എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടമാണ്. കാരണം അല്ലാഹു തന്റെ പവിത്രഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ തന്റെ നാമമായ അല്ലാഹു എന്നതിനെ മറ്റെല്ലാ നാമങ്ങളുടെയും ഗുണങ്ങളുടെയും വിശേഷ്യമായിട്ടാണ് പറഞ്ഞിരിക്കുന്നത്. അതായത് സർവ നാമങ്ങളും ഗുണങ്ങളും അല്ലാഹു എന്ന നാമത്തിൽ ഉൾകൊള്ളുന്നു. മറ്റൊരു നാമത്തിനും എവിടെയും തന്നെ ഈ സ്ഥാനം നൽകിയിട്ടില്ല. അതുകൊണ്ട് അല്ലാഹു എന്ന നാമത്തിന് മറ്റെല്ലാ നാമങ്ങളുടെയും വിശേഷ്യമായതുകൊണ്ട് മറ്റെല്ലാ നാമങ്ങളും ഇത് ഉൾകൊള്ളുന്നു. അല്ലാഹു എന്ന നാമം സർവ നാമങ്ങളുടെയും ഗുണങ്ങളുടെയും വിശേഷ്യമായതുകൊണ്ട് അതിന്റെ പൊരുൾ എന്നത് അത് സർവ സൽഗുണങ്ങളും ഉൾകൊള്ളുന്നതാണ്. (അല്ലാഹു എന്ന നാമത്തിൽ എല്ലാ ഗുണനാമങ്ങളും സമ്മേളിച്ചിരിക്കുന്നു) ചുരുക്കത്തിൽ അൽഹംദുലില്ലാഹ് എന്നതിന്റെ സംഗ്രഹം ഇതാണ്. എല്ലാതരം സ്തുതികളും, അത് ബാഹ്യമായാലും ആന്തരികമായാലും വ്യക്തി ഗുണങ്ങളായാലും പ്രകൃതിയുടെ അദ്ഭുതങ്ങളായാലും എല്ലാ സ്തുതിക്കും അല്ലാഹു മാത്രമാണ് അർഹനായിട്ടുള്ളത്. അതിൽ മറ്റാരും തന്നെ പങ്കാളികളായിട്ടില്ല. അതേപോലെ ഒരു ബുദ്ധിമാനായ വ്യക്തിക്ക് സ്വച്ഛമായ സ്തുതിയും പരിപൂർണശ്രേഷ്ഠതയും എത്രകണ്ട് ചിന്തിക്കാൻ കഴിയുമോ അതല്ലെങ്കിൽ ഒരു തത്ത്വചിന്തകന് തന്റെ മനസ്സിൽ ഉൾക്കൊള്ളാൻ കഴിയുമോ ആ എല്ലാ വിധ ശ്രേഷ്ഠതകളും അല്ലാഹുവിൽ ഉൾകൊള്ളുന്നു. എന്നാൽ ബുദ്ധി ഏതെങ്കിലും ഒരു നന്മയെക്കുറിച്ച് സാക്ഷ്യം പറയുകയും എന്നാൽ ആ സൽഗുണം ദൗർഭാഗ്യവാനായ മനുഷ്യനിൽ ഇല്ലാതിരിക്കുന്നതുപോലെ അല്ലാഹുവിൽ ഇല്ലാതിരിക്കുയും ചെയ്യുക എന്നത് അസംഭവ്യമാണ്. മനുഷ്യന്റെ ബുദ്ധി ഇന്നഗുണം നല്ലതാണെന്ന് സാക്ഷിപറയുകയും എന്നാൽ ആ ഗുണം അല്ലാഹുവിൽ ഇല്ലാതിരിക്കുകയും ചെയ്യുക എന്നത് അസാധ്യമാണ്. മാത്രമല്ല അല്ലാഹുവിൽ കാണാത്ത ഒരു സൽഗുണവും തന്നെ ഒരു ബുദ്ധിക്കും സമർപ്പിക്കാനേ സാധ്യമല്ല. മനുഷ്യന്റെ ചിന്തക്ക് എത്തിപ്പെടാൻ കഴിയുന്ന എല്ലാ സൽഗുണങ്ങളും അല്ലാഹുവിൽ ഉണ്ട്. അല്ലാഹുവിന് അവന്റെ അസ്തിത്വത്തിലും ഗുണത്തിലും സ്തുതിയിലും സമ്പൂർണ്ണ ശ്രേഷ്ഠത കരഗതമാണ്. സർവവിധ നീചഗുണങ്ങളിൽ നിന്നും അവൻ പരിശുദ്ധനുമാണ്.

അതുകൊണ്ടാണ് തിരുനബി(സ) ഒരു ദുആ നമ്മെ പഠിപ്പിച്ചുതന്നത്. അല്ലാഹുവേ, എന്റെ അറിവിലുള്ള നിന്റെ എല്ലാ നാമങ്ങളും മുൻ നിർത്തി ഞാൻ ചോദിക്കുന്നു. അതേപോലെ എന്റെ അറിവിൽ ഇല്ലാത്ത നിന്റെ നാമങ്ങളുടെ നന്മയും ഞാൻ തേടുന്നു. മനുഷ്യന് അല്ലാഹുവിന്റെ സിഫത്തുകളെ ഒരിക്കലും വലയം ചെയ്യാൻ സാധ്യമല്ല.

അൽഹംദുലില്ലാ എന്നതിനെ വിശദീകരിച്ചതിനുശേഷം ഹംദ് എന്നതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു. ഹംദ് എന്ന് പറഞ്ഞാൽ സ്തുതിക്കപ്പെടാൻ അർഹനായ വ്യക്തിയുടെ നല്ല പ്രവർത്തനത്തെ സ്തുതിക്കുന്നതിനാണ് പറയുക. അതേപോലെ സ്വന്തം ഇഷ്ടപ്രകാരം അനുഗ്രഹം ചെയ്ത വ്യക്തിയെ സ്തുതിക്കുന്നതിനുള്ള പേരാണ് ഹംദ് എന്നത്. ആ വ്യക്തി സ്വന്തം ഇംഗിത പ്രകാരമാണ് കരുണ ചെയ്തിരിക്കുന്നത്. സ്തുതി അത് യഥാർഥ അർഥത്തിൽ സർവ അനുഗ്രഹങ്ങളുടെയും പ്രകാശങ്ങളുടെയും ഉറവിടമായ അസ്തിത്വത്തിനാണ് അർഹതപ്പെട്ടത്. അവൻ ഉള്ളറിഞ്ഞുകൊണ്ട് ആർക്കെങ്കിലും അനുഗ്രഹം ചൊരിയുന്നു. അറിയാതെയോ നിർബന്ധിത സാഹചര്യത്തിലോ ആയിരിക്കരുത്. ഹംദ് എന്നതിന്റെ ഈ അർഥം എല്ലാം കേൾക്കുന്നവനും കാണുന്നവനുമായ അല്ലാഹുവിന്റെ അസ്തിത്വത്തിൽ മാത്രമാണ് കാണുന്നത്. അവനാണ് യഥാർഥത്തിൽ അനുഗ്രഹം നൽകുന്നവൻ. ആരംഭത്തിലും അവസാനത്തിലും എല്ലാംഉള്ള അനുഗ്രഹം അവനിൽ നിന്നാണ്. ഈ ലോകത്തും പരലോകത്തും സർവസ്തുതിയും അവനുള്ളതാണ്. അതേപോലെ അവനല്ലാത്ത ഇതർക്ക് നൽകപ്പെടുന്നസ്തുതിയുടെയും മടക്കസ്ഥാനം അവൻ തന്നെയാണ്. (അല്ലാഹു അല്ലാത്ത മറ്റുള്ളവർക്ക് ചെയ്യുന്ന സ്തുതിയും അല്ലാഹുവിന്റെ കാരണത്താലാണ് ചെയ്യുന്നത്. ദൈവേതരങ്ങൾക്ക് നൽകുന്ന സ്തുതി എന്നത് അല്ലാഹു അവർക്ക് നൽകിയ ഗുണങ്ങൾ കാരണമായാണ്. അല്ലാഹുവിന്റെ സിഫത്തുകളെ സ്വീകരിച്ചുകൊണ്ടോ അല്ലാഹുവിന്റെ റഹ്മാനിയ്യത്ത്, റഹീമിയ്യത്ത് എന്നീ ഗുണങ്ങൾ അവനിൽ വർഷിച്ചുകൊണ്ടോ അവൻ അനുഗ്രഹിക്കപ്പെട്ടതിന്റെ ഫലമായി അവൻ ചെയ്ത പ്രവർത്തിക്ക് മറ്റുള്ളവർ സ്തുതിക്കുന്നു.) ചുരുക്കത്തിൽ ലോകത്ത് ആര് എന്ത് ജോലി ചെയ്താലും അതെല്ലാം തന്നെ അല്ലാഹു നൽകിയ കഴിവനുസരിച്ചേ ചെയ്യാൻ കഴിയുകയുള്ളൂ. അതുകൊണ്ട് സ്തുതി അവസാനം ചെന്നെത്തുന്നത് തിരിച്ച് അല്ലാഹുവിലേക്ക് തന്നെയാണ്.

മറ്റൊരു സ്ഥലത്ത് പറയുന്നു: മാന്യനായ അധികാരസ്ഥനായ ഒരു വ്യക്തിയുടെ സ്തുത്യർഹമായ സേവനത്തിന് അദ്ദേഹത്തെ ആദരിക്കാനും ബഹുമാനിക്കാനുമായി നാവുകൊണ്ട് പറയുന്ന സ്തുതിക്കാണ് ഹംദ് എന്ന് പറയുക. സർവ സമ്പൂർണമായ സ്തുതി പ്രതാപവാനായ നാഥന് മാത്രമുള്ളതാണ്. എല്ലാതരം സ്തുതികളുടെയും മടക്കം, അത് ചെറുതാണെങ്കിലും വലുതാണെങ്കിലും ശരി, വഴികേടിലായവരെ നേർവഴി കാട്ടുകയും നിന്ദ്യരെ വന്ദ്യരാക്കുകയും സ്തുത്യർഹരുടെ സ്തുത്യർഹനും

ആയ നമ്മുടെ നാഥനിലേക്കാണ്. അതായത് ആ വ്യക്തികൾ സ്തുത്യർഹരായിരുന്നിട്ടും അവരെല്ലാം അവനെ സ്തുതിച്ചുകൊണ്ടിരിക്കുന്നു.)

ഞാൻ പറഞ്ഞതുപോലെ എല്ലാത്തിന്റെയും മടക്കം അവനിലേക്കാണ്. ഇവിടെ വഴികേടിലായവർക്ക് നേർവഴി കാണിക്കുന്നവൻ എന്ന് പറയുകയുണ്ടായി. ഇതുമുഖേന ഹിദായത്ത് ലഭിച്ചവൻ അല്ലാഹുവിനെ സ്തുതിക്കുന്നതാണ്. ലോകരുടെ ദൃഷ്ടിയിൽ നിന്ദ്യരായ ആളുകളുണ്ടാകും. അവർ അല്ലാഹുവിന്റെ മുമ്പിൽ ആദരണീയരായിത്തീരുന്നു. പ്രവാചകന്റെ എതിരാളികൾ എപ്പോഴും പറയാറുള്ളത് നിങ്ങൾ പൊതുവിൽ നിന്ദ്യരായി ഗണിക്കപ്പെടുന്ന സമൂഹമാണ് എന്നാണ്. എന്നാൽ അല്ലാഹു കാലചക്രം തിരിക്കുകയും ആ ഫിർഔൻ ജീവന് വേണ്ടി യാചിക്കുന്ന അവസരമുണ്ടാക്കുകയും ചെയ്യുന്നു. ആ മക്കയിലെ നേതാക്കന്മാർ തങ്ങളുടെ ജീവൻ സംരക്ഷിക്കാനായി സുരക്ഷയ്ക്ക് തേടുന്നു. ഈ അവസ്ഥ വിശ്വാസികളെ ഒരു യഥാർഥ സ്തുതിയിലേക്ക് ചെന്നെത്തിക്കുന്നു. ഇക്കാലത്തും അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് നിസ്സാരന്മാരാണെന്നും ഇവർക്ക് ഒരു വിലയുമില്ലെന്നും ധരിച്ചുകൊണ്ട് ഇവരെ തങ്ങൾ തൂത്തെറിയും എന്ന് വിചാരിക്കുന്നവരുണ്ട്. ഇതിനെതിരായി ഇടക്കിടക്ക് അല്ലാഹു തന്റെ ശക്തി പ്രകടനം കാണിക്കുന്നുണ്ട്. ഇനി ഒരു കാലം വരും, അന്ന് ഇവരെല്ലാം ഇല്ലാതായിത്തീരുന്നതാണ്. ചുരുക്കത്തിൽ അല്ലാഹുവിനാണ് സർവസ്തുതിയും. എല്ലാ സ്തുതിക്കും അർഹൻ അവൻ തന്നെയാണ്. ഒരു വിശ്വാസി ചെയ്യേണ്ടത് അല്ലാഹുവിന്റെ ഈ സ്തുതിയെക്കുറിച്ച് ഉള്ളു തുറന്ന് മനസ്സിലാക്കി അവന്റെ സംരക്ഷണത്തിൽ വരാൻ ശ്രമിക്കേണ്ടതാണ്. ഹംദ് എന്നതിനെ വിശദീകരിച്ചുകൊണ്ട് ഹംദ്കൊണ്ട് തന്റെ ഗ്രന്ഥം അല്ലാഹു തുടങ്ങിയത് എന്തിനാണെന്ന് പറഞ്ഞുകൊണ്ട് പറയുന്നു.

അല്ലാഹുവിന്റെ ഗ്രന്ഥം തുടങ്ങിയത് ഹംദ് എന്ന വാക്കുകൊണ്ടാണ്. ശുക്റ് മദ്ഹ് എന്ന വാക്കുകളല്ല ഉപയോഗിച്ചത്. കാരണം ഹംദ് എന്ന വാക്കിന്റെ പൊരുൾ ഈ രണ്ടുവാക്കുകളെയും പൂർണമായും വലയം ചെയ്യുന്നു. ഇവ രണ്ടിന്റെയും പ്രാതിനിധ്യം വഹിക്കുന്നുണ്ട്. എന്നാൽ ഇതിൽ മറ്റുള്ളവയെ അപേക്ഷിച്ച് പരിഷ്ക്കാരവും അലങ്കാരവും എല്ലാം കൂടുതലാണ്. നിഷേധികൾ യാതൊരുകാരണവും കൂടാതെ തങ്ങളുടെ ബിംബങ്ങളെ സ്തുതിക്കാറുണ്ടായിരുന്നു. അവരെ പുകഴ്ത്താൻ ഹംദ് എന്ന വാക്കാണ് അവർ ഉപയോഗിച്ചിരുന്നത്. അവരുടെ ബിംബങ്ങളാണ് എല്ലാ വരദാനങ്ങളുടെയും അനുഗ്രഹങ്ങളുടെയും ഉറവിടമെന്നും അവർ വിശ്വസിച്ചിരുന്നു. മാത്രമല്ല വലിയ ധർമിഷ്ഠൻ അതാണെന്ന് അവർ കരുതിപ്പോന്നു. ഇതുകൂടാതെ മരിച്ചവർക്കായി വിലപിക്കുന്നവരെ അവരുടെ പൊങ്ങച്ചവും പെരുമയും കാണിക്കുന്നസമയത്തും മൈതാനത്തും അതിഥി സൽക്കാരവേളകളിലും എല്ലാം സംരക്ഷകനും സഹായകനുമായ അല്ലാഹുവിനെ സ്തുതിക്കുന്നതുപോലെ അവർ സ്തുതിക്കാറുണ്ടായിരുന്നു. അതിനാൽ ഈ അൽഹംദുലില്ലാഹ് എന്നത് അങ്ങനെയുള്ളവരെയും മറ്റെല്ലാ മുശ്രിക്കുകളെയും നിഷേധിക്കാൻ വേണ്ടിയുള്ളതാണ്. ഉൾകാഴ്ചയോടുകൂടി പ്രവർത്തിക്കുന്നവർക്ക് ഇതിൽ ഗുണപാഠവുമുണ്ട്. ഈ വാക്കുകളിൽ യഥാർഥത്തിൽ അല്ലാഹു ബിംബാരാധകരെയും യഹൂദികളെയും ക്രിസ്ത്യാനികളെയും മറ്റെല്ലാ മുശ്രിക്കുകളെയും ശകാരിക്കുകയാണ് ചെയ്യുന്നത്. അവൻ ഇപ്രകാരം അവരോട് ചോദിക്കുകയാണ്. മുശ്രിക്കുകളെ നിങ്ങളുടെ പൊയ്ദൈവങ്ങളെ നിങ്ങൾ എന്തിന് നിങ്ങൾ ഹംദ് ചെയ്യണം. നിങ്ങളുടെ ആദരണീയ വ്യക്തികളെ ഇത്രമാത്രം പൊക്കിപ്പറയുന്നത് എന്തിന്? അവരാണോ നിങ്ങളുടെ റബ്ബ്? അവരാണോ നിങ്ങളെയും നിങ്ങളുടെ മക്കളെയും പോറ്റി പരിപാലിച്ചത്? അതല്ലെങ്കിൽ നിങ്ങളോട് ദയതോന്നുന്ന കരുണാർദ്രരാണോ അവർ? അവരാണോ നിങ്ങളുടെ പ്രയാസങ്ങൾ ദുരീകരിക്കുന്നവർ? നിങ്ങളുടെ ദുഃഖങ്ങളെയും ബുദ്ധിമുട്ടുകളെയും തടയുന്നവർ അവരാണോ? നിങ്ങൾക്ക് ലഭിച്ച നേട്ടങ്ങളെ സംരക്ഷിക്കുന്നവർ അവരാണോ? കഷ്ടപാടിന്റെ അവിശുദ്ധിയെയും മാലിന്യത്തെയും നിങ്ങളിൽ നിന്ന് കഴുകിക്കളയുന്നവർ അവരാണോ? നിങ്ങളുടെ രോഗത്തിന് ചികിത്സിക്കുന്നവർ അവരാണോ? ശിക്ഷാരക്ഷയുടെ ദിനത്തിന്റെ ഉടമസ്ഥരാണോ അവർ? അല്ല, യഥാർഥത്തിൽ നിങ്ങളുടെ സന്തോഷങ്ങളെ പൂർത്തീകരിക്കുന്നവനും നേർമാർഗത്തിലേക്കുള്ള വഴി കാണിക്കുന്നവനും ദുആ സ്വീകരിക്കുന്നവനും ശത്രുക്കളിൽ നിന്ന് മോചനം നൽകുന്നതിനായി നിങ്ങളോട് കരുണ ചെയ്തുകൊണ്ട് നിങ്ങളെ പരിപാലിക്കുന്നവൻ അല്ലാഹു ആകുന്നു. അല്ലാഹു സൽപ്രവർത്തകർക്ക് തീർച്ചയായും പ്രതിഫലം നൽകുന്നതായിരിക്കും.

അല്ലാഹുവിൽ സർവവിധ സൽഗുണങ്ങളും സമ്മേളിച്ചിരിക്കുന്നു എന്ന് വിശദീകരിച്ചുകൊണ്ട് പറയുന്നു.

ഇതോടൊപ്പം അൽഹംദുലില്ലാഹ് എന്നതിൽ ഉള്ള മറ്റൊരു സൂചന ദൈവികജ്ഞാനത്തിന്റെ കാര്യത്തിൽ തന്റെ ദുഷ്പ്രവൃത്തികാരണം ആരാണോ നശിപ്പിക്കപ്പെട്ടത്, അതല്ലെങ്കിൽ അവനെയല്ലാതെ മറ്റേതെങ്കിലും ഒന്നിനെ ആരാണോ ആരാധ്യനാക്കിയത്, അവർ മനസ്സിലാക്കേണ്ടത്, അല്ലാഹുവിന്റെ ശ്രേഷ്ഠതകളിൽ നിന്നും മുഖം തിരിച്ച കാരണത്താലും അവന്റെ അദ്ഭുതങ്ങൾ ദർശിക്കാത്ത കാരണത്താലും അല്ലാഹുവിന്റെ മഹത്വത്തിന് ചേർന്ന കാര്യങ്ങളിൽ നിന്ന് വ്യാജത്തെ സ്നേഹിക്കുന്നവർ അശ്രദ്ധരായിരിക്കുന്നതുപോലെ അശ്രദ്ധ കാണിച്ചകാരണത്താലും അവർ നശിപ്പിക്കപ്പെട്ടിരിക്കുന്നു. (അല്ലാഹു അല്ലാതെ മറ്റു ദൈവങ്ങളെ ആരാധിക്കുകയും അല്ലാഹുവിന്റെ മഹത്വങ്ങൾ കാണാതെ, അവന്റെ ദൃഷ്ടാന്തങ്ങൾ ശ്രദ്ധിക്കാതെ മറ്റുള്ളവരെ ആരാധ്യരാക്കിവെക്കുകയും ചെയ്യുന്നവർ നശിപ്പിക്കപ്പെടുന്നതാണ്) നീ ക്രിസ്ത്യാ

> അൽഹംദുലില്ലാഹ് എന്നതിൽ മുസ്‌ലിംകൾക്ക് നൽകിയിരിക്കുന്ന ഒരദ്ധ്യാപനം ഇതാണ്. അവരോട് നിങ്ങളുടെ ആരാധ്യൻ ആരാണെന്ന് ആരെങ്കിലും ചോദിക്കുകയോ അന്വേഷിക്കുകയോ ചെയ്യുകയാണെങ്കിൽ എന്റെ ആരാധ്യൻ സർവസ്തുതിക്കും അർഹനും എല്ലാവിധ ശ്രേഷ്ഠതയും കഴിവും സമ്മേളിച്ചിരിക്കുന്നവനുമായ നാഥനാണെന്ന് ഓരോ മുസ്‌ലിമും മറുപടി പറയേണ്ടത് നിർബന്ധമാണ്.

നികളെ കാണുന്നില്ലേ! അവർ തൗഹീദിലേക്ക് ക്ഷണിക്കപ്പെട്ടെങ്കിലും അവർ ഈ രോഗത്താൽ നശിപ്പിക്കപ്പെടുകയുണ്ടായി. വഴി പിഴപ്പിക്കുന്ന അവരുടെ ആത്മാവും മാർഗഭ്രംശം ചെയ്യുന്ന അവരുടെ അനുഗ്രഹങ്ങളും അവരുടെ വഴികേടിന്റെ ഈ മാർഗത്തെ മനോഹരമാക്കി അവർക്ക് കാണിച്ചുകൊടുക്കുകയും അങ്ങനെ ഒരു വിനീതദാസനെ ദൈവമായി അവർ വാഴ്ത്തുകയും ചെയ്തു. അങ്ങനെ മാർഗഭ്രംശത്തിന്റെയും അജ്ഞതയുടെയും മദ്യം അവർ കുടിക്കുകയുണ്ടായി. അല്ലാഹുവിന്റെ മഹത്വങ്ങളെയും വ്യക്തിഗതമായ ഗുണങ്ങളെയും അവർ മറന്നുപോയി. അവന് വേണ്ടി ആൺ കുട്ടികളെയും പെൺ കുട്ടികളെയും അവർ പടച്ചുണ്ടാക്കി. അവർ അല്ലാഹുവിന്റെ സിഫത്തുകളിലും അവന് ചേരുന്ന മഹത്വങ്ങളെക്കുറിച്ച് കൂലങ്കശമായി ചിന്തിച്ചിരുന്നുവെങ്കിൽ അവരുടെ ബുദ്ധിക്ക് ഒരിക്കലും തെറ്റുപറ്റുമായിരുന്നില്ല. അവർ നശിക്കുന്നവരിൽ ഉൾപ്പെടുമായിരുന്നില്ല. ചുരുക്കത്തിൽ ഇവിടെ അല്ലാഹു നൽകുന്ന സൂചന ഇതാണ്. അല്ലാഹുവിന്റെ ജ്ഞാനത്തെക്കുറിച്ചുണ്ടാകുന്ന തെറ്റുകളിൽ നിന്നും രക്ഷപ്രാപിക്കാനുള്ള നിയമം എന്നത് അവന്റെ ശ്രേഷ്ഠകളെക്കുറിച്ച് കൂലങ്കശമായി ചിന്തിക്കുക എന്നതും അവന്റെ അസ്തിത്വത്തിന് ചേർന്ന ഗുണങ്ങൾ ഏതെല്ലാമാണെന്ന് അന്വേഷിക്കുകയും എല്ലാ ഭൗതികമായ ദാനങ്ങളെക്കാളും മഹത്തരവും എല്ലാ സഹായങ്ങളെക്കാളും ഉത്തമവുമായ അവന്റെ ഗുണങ്ങളെ എപ്പോഴും സ്മരിച്ചുകൊണ്ടിരിക്കുക എന്നതുമാണ്. അവൻ തന്റെ പ്രവർത്തനം മുഖേന ഏതെല്ലാം ഗുണങ്ങൾ തെളിയിച്ചുകാണിച്ചിട്ടുണ്ടോ അതായത് അവന്റെ ശക്തി, അവന്റെ കഴിവ്, അവന്റെ മേധാവിത്വം, അവന്റെ ഔദാര്യം എന്നിവ ഓർക്കുക. അതുകൊണ്ട് ഈ കാര്യം ഓർക്കുകയും ഇതിൽ അശ്രദ്ധരാകാതിരിക്കുകയും ചെയ്യുക. അറിയുക, റുബൂബിയ്യത്ത് (പരിപാലനം) എന്നത് പൂർണമായും അല്ലാഹുവിനാണുള്ളത്. റഹീമിയ്യത്ത് പൂർണമായും അല്ലാഹുവിനാണുള്ളത്. വിധി നിർണയിക്കുന്ന നാളിലെ നിയന്ത്രണവും അധികാരവും പൂർണമായും അല്ലാഹുവിനാണുള്ളത്. അതുകൊണ്ട് നിന്റെ പരിപാലകനെ അനുസരിക്കുന്ന കാര്യത്തിൽ നിഷേധിയായിത്തീരരുത്. ഏകത്വത്തിൽ വിശ്വസിക്കുന്ന മുസ്ലീംകളിൽ ഉൾപ്പെടുക.

ഇതുകൂടാതെ ഈ ആയത്തിൽ അല്ലാഹു മറ്റൊരു കാര്യം പറയുന്നത് ഇതാണ്. ആദ്യസിഫത്ത് അസ്തമിച്ചതിന്ശേഷം പുതിയ സിഫത്തുകൾ സ്വീകരിക്കുന്നതിൽ നിന്നും തന്റെ മഹത്വത്തെ മാറ്റം വരുത്തുന്നതിൽ നിന്നും വല്ല ന്യൂനതയും അവനിൽ ഉണ്ടാകുന്നതിൽ നിന്നും ന്യൂനതക്ക്ശേഷം വല്ല മഹത്വവും സ്വീകരിക്കുന്നതിൽ നിന്നുമെല്ലാം അവൻ പരിശുദ്ധനാണ്. അല്ലാഹുവിൽ ഒരുവിധകുറവും ഉണ്ടാകുകയില്ല. ആദ്യത്തെ സിഫത്തുകളിൽ ചില മാറ്റങ്ങൾ ഉണ്ടായി അത് മെച്ചപ്പെടുത്തുക എന്ന ന്യൂനതയൊന്നും അല്ലാഹുവിനില്ല മറിച്ച് അവന് തുടക്കം മുതൽ അവസാനംവരെയും പ്രത്യക്ഷത്തിലും പരോക്ഷത്തിലും എന്നെന്നുമായി അവന് സ്തുതി മാത്രമാണുള്ളത്. ഇതിന് വിരുദ്ധമായി പറയുന്നവൻ സത്യത്തിൽ നിന്ന് വ്യതിചലിച്ചവനും കാഫിറുകളിൽ ഉൾപ്പെട്ടവനുമായി മാറുന്നു. അല്ലാഹു തആല എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനാണ്. അവന്റെ സിഫത്തുകളെക്കുറിച്ച് ശരിക്കും മനസ്സിലാക്കാത്തവർ നാശഗർത്തത്തിൽ ചെന്നുപതിക്കുന്നു. മുമ്പുള്ള സമൂഹങ്ങൾ നശിക്കാനുണ്ടായ കാരണം അവർ അല്ലാഹുവിന്റെ സിഫത്തുകളെ തിരിച്ചറിഞ്ഞില്ല എന്നതായിരുന്നു. അങ്ങനെ അവർ ശിർക്കിൽ പെട്ടുപോയി. തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ തന്നെ അവർ അത് മറന്നുപോയി.

മുസ്ലിംകളുടെ ദൈവത്തിനാണ് സർവസ്തുതിയും എന്ന് മുസ്ലിംകൾക്ക് പാഠംനൽകിയിട്ടുണ്ടെന്ന് വിശദീകരിച്ചുകൊണ്ട് പറയുന്നു.

അൽഹംദുലില്ലാഹ് എന്നതിൽ മുസ്ലിംകൾക്ക് നൽകിയിരിക്കുന്ന ഒരദ്ധ്യാപനം ഇതാണ്. അവരോട് നിങ്ങളുടെ ആരാധ്യൻ ആരാണെന്ന് ആരെങ്കിലും ചോദിക്കുകയോ അന്വേഷിക്കുകയോ ചെയ്യുകയാണെങ്കിൽ എന്റെ ആരാധ്യൻ സർവസ്തുതിക്കും അർഹനും എല്ലാവിധ ശ്രേഷ്ഠതയും കഴിവും സമ്മേളിച്ചിരിക്കുന്നവനുമായ നാഥനാണെന്ന് ഓരോ മുസ്ലിമും മറുപടി പറയേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് മറവിക്കാരിൽ നീ ഉൾപ്പെടരുത്. അൽഹംദുലില്ലാഹ് എന്ന് നാവുകൊണ്ട് ഉച്ചരിച്ചാൽ മാത്രംപോരാ. അത് പറയുമ്പോൾ ഞാൻ ആരാധിക്കുന്ന ഇവ്വിധ ഗുണങ്ങളുള്ള ഒരു നാഥൻ എനിക്കുണ്ടെന്ന ബോധം മനസ്സിൽ വരണം. അവൻ എന്റെ നാഥനായതുകൊണ്ടാണ് ഞാൻ ആരാധിക്കുന്നത്.

മറ്റൊരു സ്ഥലത്ത് പറയുന്നു:-

അൽഹംദുലില്ലാഹ് എന്നതുകൊണ്ടാണ് ഈ സൂറത്ത് തുടങ്ങിയിരിക്കുന്നത്. അല്ലാഹു എന്ന് പേരുള്ള ആ അസ്തിത്വത്തിനാണ് സർവ സ്തുതിയും. അൽഹംദുലില്ലാഹ് എന്ന വചനം കൊണ്ട് തുടങ്ങാനുള്ള കാരണം അല്ലാഹുവിനെ ആരാധിക്കുന്നത് നമ്മുടെ ആത്മാവിലുള്ള പ്രത്യേക ആവേശവും പ്രത്യേക ആകർഷണവും കാരണമായിരിക്കേണ്ടതാണ്. സ്നേഹത്തിലും പ്രേമത്തിലും നിറഞ്ഞുനിൽക്കുന്ന ഇങ്ങനെയുള്ള ആകർഷണം വെറുതേ ഉണ്ടാകുകയില്ല. ആ വ്യക്തി എല്ലാ ഗുണങ്ങളുടെയും സമ്പൂർണ രൂപമാണെന്ന് തെളിയിക്കുകയും അങ്ങനെ ആ ഗുണങ്ങളെക്കുറിച്ച് അറിയുമ്പോൾ അനിയന്ത്രിതമായി ഹൃദയം ആ വ്യക്തിയെ പുകഴ്ത്താൻ തുടങ്ങുകയും ചെയ്യുന്നു. സമ്പൂർണ സ്തുതി രണ്ട് കാര്യങ്ങൾ കാരണമായാണ് ഉണ്ടാവുക എന്നത് വ്യക്തമാണ്. ഒന്ന് അതിശ്രേഷ്ഠമായ സൗന്ദര്യം കാരണമായി. രണ്ട് അതിശ്രേഷ്ഠമായ അനുഗ്രഹവർഷം കാരണമായി. ആരിലെങ്കിലും നല്ല സൗന്ദര്യമുണ്ടെങ്കിൽ അവരെ സ്തുതിക്കുന്നു. അതേപോലെ ആരെങ്കിലും മറ്റുള്ളവർക്ക് അനുഗ്രഹം ചെയ്തിട്ടുണ്ടെങ്കിൽ അതുകാരണമായും അവരെ സ്തുതിക്കുന്നു. ഇനി ഈ രണ്ട് ഗുണങ്ങളും ഒരാളിൽ സമ്മേളിച്ചിട്ടുണ്ടെങ്കിൽ ഹൃദയം അവർക്കായി പൂർണമായി സമർപ്പിക്കപ്പെടുന്നു. വിശുദ്ധ ഖുർആന്റെ ഏറ്റവും വലിയ ഉദ്ദേശ്യം തന്നെ അല്ലാഹുവിന്റെ രണ്ട് തരത്തിലുമുള്ള ഗുണങ്ങളെ സത്യാന്വേഷികളുടെ മുമ്പാകെ സമർപ്പിക്കുക എന്നതാണ്. അതുമുഖേന അതുല്യമായ ഒരു അസ്തിത്വത്തിലേക്ക് ജനങ്ങൾ ഹഠാദാകർഷിക്കുമാറാകട്ടെ. അങ്ങനെ ആത്മാവിന്റെ സ്വയം ആവേശത്താലും ആകർഷണത്താലും അവന്റെ അടിമത്തം സ്വീകരിക്കുമാറാകട്ടെ. അതുകൊണ്ടാണ് ആദ്യ സൂറത്തിൽ തന്നെ വിശുദ്ധ ഖുർആൻ ഏതൊരു ദൈവത്തിലേക്കാണോ വിളിക്കുന്നത് ആ ദൈവത്തിന് എന്തെന്തെല്ലാം ഗുണങ്ങളാണുള്ളത് എന്ന് വിവരിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഈ സൂറത്ത് അൽഹംദുലില്ലാഹ് എന്ന വാചകം കൊണ്ട് തുടങ്ങിയിരിക്കുന്നത്. ഇതിന്റെ അർഥമിതാണ്. സർവസ്തുതിയും അല്ലാഹു എന്ന് നാമമുള്ള ആ അസ്തിത്വത്തിന് അർഹതപ്പെട്ടതാണ്. അല്ലാഹുവിന്റെ അസ്തിത്വത്തിൽ സൗന്ദര്യവും അനുഗ്രഹവും എല്ലാം സമ്മേളിച്ചിരിക്കുന്നു. അതുകൊണ്ടാണ്

അൽഹംദുലില്ലാഹ് മുതൽ ഇതു തുടങ്ങിയിരിക്കുന്നത്. അല്ലാഹുവിന്റെ ഹുസ്നും (സൗന്ദര്യം) ഇഹ്സാനും (അനുഗ്രഹങ്ങളും) എന്തെല്ലാമാണെന്ന് വളരെ വിശദമായി മറ്റൊരു സ്ഥലത്ത് വിവരിക്കുന്നുണ്ട്. അതിന്റെ ചുരുക്കം ഞാൻ വിവരിക്കാം.

അവന്റെ ഹുസ്ൻ എന്നത് അവനിൽ സർവവിധ ഗുണങ്ങളും സമ്മേളിച്ചിരിക്കുന്നു എന്നതാണ്. അവൻ സർവവിധ സൽഗുണങ്ങളുടെയും സമ്മേളിതരൂപമാണ്. ഈ സൂറത്തിന്റെ അടിസ്ഥാനത്തിൽ അവന്റെ ഇഹ്സാനെക്കുറിച്ച് (അനുഗ്രഹത്തെക്കുറിച്ച്) ഹദ്റത്ത് മസീഹ് മൗഊദ്(അ) 4 അടിസ്ഥാന കാര്യങ്ങൾ വിവരിക്കുന്നുണ്ട്. അത് ചുരുങ്ങിയ രീതിയിൽ വിവരിക്കുന്നതാണ്. ഒന്നാമത്തെ ഇഹ്സാൻ ഇതാണ്. അവൻ റബ്ബാണ്. സൃഷ്ടിച്ച് അതിനെ പരിപാലിക്കുകയും അതിന്റെ ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുകയും ചെയ്യുന്നു. രണ്ടാമത്തെ ഇഹ്സാൻ റഹ്മാനിയ്യത്ത് എന്ന ഗുണമാണ്. ഇതുമുഖേന എല്ലാ ജീവജാലങ്ങൾക്കും അവൻ ശക്തികളും കഴിവുകളും നൽകുകയും അവരുടെ ആവശ്യങ്ങൾ അനുസരിച്ച് അവരുടെ നിലനിൽപ്പിനുള്ള കാര്യങ്ങൾ ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. മനുഷ്യനാണ് അതിൽ ഏറ്റവും കൂടുതൽ അംശം നൽകിയിരിക്കുന്നത്. മൂന്നാമത്തെ ഇഹ്സാൻ എന്നത് അവന്റെ റഹീമിയ്യത്ത് എന്ന ഗുണമാണ്. ദുആകളെയും സൽപ്രവർത്തികളെയും അവൻ സ്വീകരിക്കുകയും വിപത്തുകളിൽ നിന്നും അപകടങ്ങളിൽ നിന്നും അവൻ സംരക്ഷിക്കുകയും ചെയ്യുന്നു. പ്രാർഥനക്കും പ്രവർത്തനങ്ങൾക്കുമുള്ള പ്രതിഫലം അവൻ നൽകുന്നു. നാലാമത്തെ അവന്റെ ഇഹ്സാൻ മാലികിയത്താണ്. വിധിനാളിലെ ഉടമസ്ഥതയാണ്. ഇതുമുഖേന തന്റെ പ്രത്യേക അനുഗ്രഹം മൂലം അവൻ ഉദ്ദേശിക്കുന്നവർക്ക് ഇഷ്ടം പോലെ നൽകുന്നു. പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം അവൻ നൽകുന്നു. ഇത് അല്ലാഹുവിന്റെ പ്രത്യേകമായ ഫള്ൽകൊണ്ട് മാത്രമേ ലഭിക്കുകയുള്ളൂ.

റബ്ബുൽ ആലമീനിൽ വഴികേടിന്റെ കാലത്തിന്ശേഷം ഹിദായത്ത് അല്ലാഹു കൊണ്ടുവരുന്നു എന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു സുബ്ഹാനഹുവത ആല തന്റെ വചനമായ റബ്ബുൽ ആലമീൻ എന്ന വചനത്തിൽ സൂചന നൽകുന്നത്, അവൻ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണെന്നാണ്. ആകാശഭൂമികളിലുള്ളതെല്ലാം അവന്റെ ഭാഗത്തുനിന്നാണ്. ഈ ഭൂമിയിൽ നേർവഴിയിലുള്ള ജമാഅത്തുകളെല്ലാംതന്നെ അതേപോലെ വഴികേടിലായവരും കുറ്റവാളികളായവരും എല്ലാം തന്നെ ആലമീൻ എന്നതിൽ ഉൾപ്പെടുന്നു. ചില കാലത്ത് വഴികേട്, നിഷേധം, ധിക്കാരം, അസന്തുലനം എന്നീ അവസ്ഥകൾ അധികരിക്കുന്നു. അങ്ങനെ ഭൂമി അക്രമത്താലും അനീതിയാലും നിറയുന്നു. ലോകർ പ്രതാപവാനായ ദൈവത്തിന്റെ മാർഗം വിട്ടൊഴിയുന്നു. ഉബൂദിയ്യത്തിന്റെ യാഥാർഥ്യം അവർ തിരിച്ചറിയുന്നില്ല. റുബൂബിയ്യത്തിന്റെ കടമ അവർ നിർവഹിക്കുന്നുമില്ല. ആ കാലം അന്ധകാര നിബിഢമായ രാത്രിപോലെ ആയിത്തീരുന്നു. ദീൻ ഈ വിപത്തിനകത്ത് ഞെങ്ങിഅമരുന്നു. അപ്പോൾ അല്ലാഹു പുതിയ ഒരു ആലം (പ്രപഞ്ചം) കൊണ്ടുവരുന്നു. അങ്ങനെ ഈ ഭൂമി മറ്റൊരു ഭൂമിയായി പരിവർത്തിക്കപ്പെടുന്നു. ആകാശത്ത് നിന്ന് പുതിയ ഒരു വിധി നടപ്പിൽ വരുന്നു. ലോകർക്ക് ദൈവത്തെ തിരിച്ചറിയാനുള്ള ഹൃദയവും ദൈവികാനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുവാനുള്ള സംസാരിക്കുന്ന നാവും നൽകപ്പെടുന്നു. അവർ തങ്ങളുടെ ആത്മാക്കളെ അല്ലാഹുവിന്റെ സവിധത്തിൽ ചവിട്ടിമെതിക്കപ്പെട്ട ഒരു വഴിപോലെ ആക്കിത്തീർക്കുന്നു. ഭയത്തോടും ഏറെ പ്രതീക്ഷയോടും കൂടി അവനിലേക്ക് വരുന്നു. ലജ്ജ കാരണം താഴോട്ട് പതിക്കുന്ന ദൃഷ്ടികളാലും തങ്ങളുടെ ലക്ഷ്യത്തിലേക്ക് മാത്രം തിരിക്കുന്ന മുഖത്തോടും കൂടി അവർ വരുന്നു. അത്യുന്നതങ്ങളെ മുട്ടിവിളിക്കുന്ന ദാസത്വത്തിന്റെ ധൈര്യം അവരിൽ നിന്ന് പ്രകടമാകുന്നു.

(ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇവിടെ ഭൂമി മറ്റൊരു ഭൂമിയാൽ മാറ്റപ്പെടും എന്ന് പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം കശ്ഫിൽ ഒരു ദൃശ്യം കാണുകയുണ്ടായി) ഞാൻ പുതിയ ഒരാകാശം പുതിയ ഭൂമിയും സൃഷ്ടിച്ചിരിക്കുന്നു. എന്നിട്ട് 'ഞാൻ പറഞ്ഞു. വരൂ നമുക്ക് മനുഷ്യനെ സൃഷ്ടിക്കാം'. അന്ന് മൗലവിമാർ വളരെ ഒച്ചപ്പാടുണ്ടാക്കി. ദൈവമാണെന്ന് വാദിക്കുന്നു എന്നാക്ഷേപിച്ചു. ആ മഹാത്മാവ് പറഞ്ഞു. ദൈവമാണെന്ന വാദമല്ല, ഇതിന്റെ അർഥം ഇപ്രകാരമാണ്. പ്രശ്നസങ്കീർണമാകുന്ന ഈ കാലത്ത് അങ്ങനെയുള്ളവരുടെ ആവശ്യമാണ് ഉള്ളത്. അവസ്ഥ ആകെ മാറിമറിഞ്ഞതുകാരണം ജനങ്ങൾ വന്യമൃഗങ്ങളെപ്പോലെയും നാൽക്കാലികളെപ്പോലെയും ആയിത്തീരുന്നു. ആ സമയത്ത് അല്ലാഹുവിന്റെ കാരുണ്യവും സഹായവും ആവശ്യപ്പെടുന്നത് അന്ധകാരത്തെ അകറ്റുകയും ഇബ്ലീസ് നിർമിച്ചിരിക്കുന്ന കെട്ടിടങ്ങളെയും കൂടാരങ്ങളെയും തകർത്ത് തരിപ്പണമാക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെ ആകാശത്ത് സൃഷ്ടിക്കുക എന്നതാണ്. അപ്പോൾ റഹ്മാനായ അല്ലാഹുവിന്റെ പക്കൽ നിന്ന് ഒരു ഇമാം അയക്കപ്പെടുന്നു. ശൈത്വാന്റെ സൈന്യത്തെ നേരിടുന്നതിനുവേണ്ടി. റഹ്മാന്റെയും ശൈത്വാന്റെയും ഈ സൈന്യങ്ങൾ ശക്തമായി ഏറ്റുമുട്ടുന്നു. ഇരുകണ്ണുകൾ നൽകപ്പെട്ടവരാണ് ഇതെല്ലാം കാണുന്നത്. (യഥാർഥ ഉൾകാഴ്ച ഉള്ളവർക്കാണ് ഇത് കാണാൻ സാധിക്കുക.) അങ്ങനെ അവസാനം വ്യാജന്റെ കഴുത്തിൽ കുരുക്ക് വീഴുന്നു. വ്യാജ പ്രസ്ഥാനങ്ങളുടെ മരീചികപോലെയുള്ള ന്യായവാദങ്ങൾ ഉൻമൂലനം ചെയ്യപ്പെടുന്നു. അങ്ങനെ ആ ഇമാം ശത്രുക്കളെ വിജയിച്ചടക്കുകയും ഹിദായത്ത് ലഭിച്ചകൂട്ടരുടെ സഹായിയായിത്തീരുകയും ചെയ്യുന്നു. അദ്ദേഹം ഹിദായത്തിന്റെ പതാക ഉയർത്തുന്നു. പവിത്രതയുടെ സ്ഥാനവും മാനവും നിലനിർത്തുന്നവനായിത്തീരുന്നു. അങ്ങനെ അദ്ദേഹം വന്ന് നിഷേധികളുടെ നേതാക്കന്മാരെ ബന്ധനസ്ഥനാക്കി എന്നും അവരെ വരിഞ്ഞുകെട്ടിയിരിക്കുന്നു എന്നും ജനങ്ങൾ തിരിച്ചറിയാൻ തുടങ്ങുന്നു. അദ്ദേഹം കളവിന്റെയും വഞ്ചനയുടെയും ക്രൂരമൃഗങ്ങളെ കൂട്ടിലടച്ചിട്ടുണ്ടെന്നും അവരുടെ കഴുത്തിൽ വളയം ഇട്ടിരിക്കുന്നു എന്നും ബിദ്അത്തുകളുടെ കെട്ടിടങ്ങളെ തകർത്തിരിക്കുന്നു എന്നും അതിന്റെ ഗോപുരങ്ങളെ തറപറ്റിച്ചിട്ടുണ്ടെന്നും അവർ തിരിച്ചറിയുന്നു. അല്ലാഹു എന്റെ കരങ്ങളാൽ വലിയ മാറ്റം ലോകത്ത് ഉണ്ടാക്കുന്നതും അങ്ങനെ ആകാശവും ഭൂമിയും പുതുമയുള്ളതായിത്തീരുകയും ചെയ്യുന്നതാണ്. അതിൽ യഥാർഥ മനുഷ്യൻ ഉണ്ടായിത്തീരുന്നതാണ്. അല്ലാഹുവിനെ ശരിയായ രീതിയിൽ ആരാധിക്കുന്നവരായിരിക്കും അവർ. ഉബൂദിയ്യത്തിന്റെ കടമകൾ നിറവേറ്റുന്നവരായിരിക്കും. റബൂബിയ്യത്തിനെ തിരിച്ചറിയുന്നവരായിരിക്കും.

വിവ. എം. നാസിർ അഹ്മദ്,
കൊടിയത്തൂർ

# ഖൻദക്ക് (കിടങ്ങ്) യുദ്ധവും അദ്ഭുതകരമായ പ്രവചനസാക്ഷാത്ക്കാരവും

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

അങ്ങേയറ്റം ദുരിതപൂർണവും നിസ്സഹായവുമായ അവസ്ഥയിൽ റസൂൽ തിരുമേനി(സ)നടത്തിയ ഒരു പ്രവചനവും അതിന്റെ സാക്ഷാത്ക്കാരവും

ഇസ്ലാമിന്റെ ശത്രുക്കളുമായി നടന്ന യുദ്ധങ്ങളിൽ സൂക്ഷ്മമായി പ്രവചിക്കപ്പെട്ടതിൽ അസാധാരണമായ പ്രാധാന്യമുള്ള ഒരു യുദ്ധമാണ് കിടങ്ങ് യുദ്ധം. ഈ യുദ്ധാവസരത്തിലായി രുന്നു ഇസ്ലാമിന്റെ ചില മഹത്തായ ചരിത്ര വിജയങ്ങളെപറ്റിയുള്ള പ്രവചനമുണ്ടായത്. ആ സന്ദർഭത്തിൽ മുസ്ലിംകൾ അവരുടെ അതിജീവന സമരത്തിന്റെ ഏറ്റവും തീക്ഷ്ണമായ സന്ദിഗ്ധാവസ്ഥയിലായിരുന്നു.

'സൂറ: സാദ്' ലാണ് കിടങ്ങ് യുദ്ധത്തെപറ്റിയുള്ള ആദ്യത്തെ പ്രവചനം വരുന്നത്. തീർച്ചയായും അത് റസൂൽ തിരുമേനി(സ)യുടെ മക്കാ ജീവിത കാലത്ത് വെളിപ്പെട്ടതായിരുന്നു. മിക്ക പണ്ഡിതന്മാരുടേയും അഭിപ്രായത്തിൽ പ്രവാചകത്വത്തിന്റെ ആദ്യഘട്ടത്തിലാണ് ഈ വചനം വെളിപ്പെട്ടത്.

***'ഐക്യകക്ഷികളിൽപെട്ട പരാജയമടയുന്ന ഒരു നിസ്സാര സൈന്യമുണ്ടവിടെ' (38:12)***

ഈ പ്രവചനത്തെ പറ്റിയാണ് ഖുർആൻ പ്രതിപാദിക്കുന്നത്.

സത്യ വിശ്വാസികൾ ഐക്യകക്ഷികളെ കണ്ടപ്പോൾ പറഞ്ഞു: ഇത് അല്ലാഹുവും അവന്റെ ദൂതനും ഞങ്ങളോട് വാഗ്ദാനം ചെയ്തതാണ്. അല്ലാഹുവും അവന്റെ ദുതനും സത്യം പറഞ്ഞിരിക്കുന്നു. അത് അവർക്ക് വിശ്വാസവും അനുസരണബോധവും വർധിപ്പിക്കുക മാത്രമേ ചെയ്തുള്ളു. (33:23)

ഇസ്ലാമിന്റെ പുണ്യ പ്രവാചകൻ ചെയ്യേണ്ടിവന്ന യുദ്ധങ്ങളിൽ കിടങ്ങ് യുദ്ധമായിരുന്നു ഏറ്റവും അപകട സാധ്യതയുണ്ടായിരുന്നത്. മദീനയിലെ മുസ്ലിംകൾക്ക് അത് ഏറ്റവും കടുത്ത പരീക്ഷണഘട്ടമായിരുന്നു. പലപ്പോഴും മുസ്ലിംകളുടെ നില നിൽപ്പിന് തന്നെ വിപരീതമായി വന്ന വിപത്തുകൾ കനത്തതായിരുന്നു. മുസ്ലിംകളുടെ അവസ്ഥ ഖുർആൻ വിവരിക്കുന്നത് ഇപ്രകാരമാണ്.

അവർ ശത്രു സൈന്യം നിങ്ങളുടെ മുകൾ ഭാഗത്തു നിന്നും നിങ്ങളുടെ താഴ്ഭാഗത്തു നിന്നും നിങ്ങളുടെ നേരെ വന്നുകൊണ്ടിരുന്നപ്പോൾ, (നിങ്ങളുടെ) ദൃഷ്ടികൾ പതറുകയും ഹൃദയങ്ങൾ കണ്ഠനാളങ്ങളിലേക്ക് കുതിച്ചെത്തുകയും അല്ലാഹുവിനെക്കുറിച്ച് (പല ഭാവനകളും ) നിങ്ങൾ ഭാവിക്കുകയും ചെയ്ത സന്ദർഭത്തിൽ. അവിടെ (ആ സമയത്ത്) സത്യവിശ്വാസികൾ പരീക്ഷിക്കപ്പെടുകയും ശക്തമായി വിറപ്പിക്കപ്പെടുകയും ചെയ്തു. അല്ലാഹുവും അവന്റെ ദൂതനും വഞ്ചിക്കാൻ വേണ്ടി മാത്രമാണ് നമ്മോട് വാഗ്ദാനം ചെയ്തതെന്ന് കപട വിശ്വാസികളും ഹൃദയങ്ങളിൽ രോഗമുള്ളവരും പറയുകയായിരുന്ന സന്ദർഭം (സ്മരിക്കുക). യഥ്രിബ് (മദീന) നിവാസികളേ, നിങ്ങൾക്ക് (ശത്രുക്കൾക്കെതിരെ) നില നിലനിൽപ്പില്ല. അതു കൊണ്ട് നിങ്ങൾ തിരിച്ചു പോകുക യെന്ന് അവരിൽ ഒരു കൂട്ടർ പറഞ്ഞ സന്ദർഭവും സ്മരിക്കുക. 'ഞങ്ങളുടെ വീടുകൾ അരക്ഷിതാവസ്ഥയിലാണെ' ന്ന് പറഞ്ഞ അവരിൽ നിന്നുള്ള ഒരു സംഘം നബിയോട് സമ്മതം ചോദിക്കുകയായിരുന്നു. (വാസ്തവത്തിൽ) അവരുടെ വീടുകൾ അരക്ഷിതാവസ്ഥയിലായിരുന്നില്ല. അവർ ഓടിപ്പോകാൻ മാത്രമേ ഉദ്ദേശിക്കുന്നുണ്ടായിരുന്നുള്ളു.( 33: 11-14)

ഈ യുദ്ധം കിടങ്ങു യുദ്ധം എന്ന പേരിലാണ് അറിയപ്പെടുന്നത്. എല്ലാ അറബ് ഗോത്രങ്ങളും ഇസ്ലാമിനെ എന്നന്നേക്കുമായി നശിപ്പിക്കാൻ മദീനക്കെതിരെ ഒരു അവസാന യുദ്ധത്തിന് ഗൂഢാലോചന നടത്തുന്നതായി മുഹമ്മദ് നബി(സ) അറിഞ്ഞപ്പോൾ, മദീനയുടെ തുറസ്സായ സ്ഥലത്ത് ഒരു കിടങ്ങു കുഴിക്കാൻ നിർബന്ധിതരായി. ആക്രമിക്കുവാൻ വരുന്ന സൈന്യവുമായി താരതമ്യം ചെയ്യുമ്പോൾ മദീനയിൽ അപ്പോൾ ഉണ്ടായിരുന്ന മുസ്ലിംകൾ വളരെ കുറച്ച് പേർ മാത്രമായിരുന്നു. ഒരു തുറന്ന യുദ്ധം മുഖേന അവരെ മദീനയിലേക്ക് പ്രവേശിക്കുന്നതിൽ നിന്നും തടഞ്ഞു നിറുത്താൻ അവർക്ക് തീർത്തും അസാദ്ധ്യമായിരുന്നു. അതിനാൽ കൂടിയാലോചനക്ക്ശേഷം ഒരു കിടങ്ങ് കുഴിക്കുക മാത്രമാണ് രക്ഷയെന്ന തീരുമാനത്തിൽ എത്തിച്ചേർന്നു. പാറക്കൂട്ടങ്ങൾ നിറഞ്ഞ ആ പ്രദേശത്ത് ഒരു മൈൽ നീളത്തിൽ കിടങ്ങ് കുഴിക്കുക എന്നത് വളരെ പ്രയാസകരമായിരുന്നു.

ഏറ്റവും ദുസ്സഹമായ ഈ സന്ദർഭത്തിൽ കിടങ്ങ് കുഴിക്കുന്ന ഉദ്യമത്തിൽ പങ്കെടുത്ത മുസ്ലിംകളുടെ എണ്ണത്തെ പറ്റി അഭിപ്രായഭേദങ്ങളുണ്ട്. ഏറ്റവും കുറഞ്ഞത് എഴുന്നൂറ്. പരമാവധി മൂവായിരവുമാണ്. നമ്മുടെ കണക്ക് കൂട്ടൽ പ്രകാരം മിക്കവാറും അവരുടെ എണ്ണം ആയിരത്തിഎണ്ണൂറ് എന്നാണ് .



ഖൻദക്ക് യുദ്ധം (കിടങ്ങ് യുദ്ധം) നടന്ന സ്ഥലത്തിന്റെ ഇപ്പോഴത്തെ ചിത്രം

ഒരു കാര്യത്തിൽ പണ്ഡിതന്മാർ യോജിക്കുന്നു. അതായത് ഓരോ പത്ത് വീതം അംഗങ്ങളുള്ള സംഘങ്ങളും പത്ത് ഗജം (Yard-ഒരു ഗജം-മൂന്നടിക്കോൽ) വീതം കിടങ്ങ് കുഴിക്കാനായിരുന്നു തീരുമാനിച്ചത്. കിടങ്ങിന് ഒരു മൈലിൽ കൂടുതൽ നീളമില്ലെന്നിരിക്കെ അതിൽ പങ്കെടുത്ത മുസ്‌ലിംകൾ ആയിരത്തി എഴുനൂറ്റി അറുപതിൽ കവിയില്ല. കിടങ്ങുകുഴിക്കുന്ന ജോലി വളരെ കഠിനവും സൂക്ഷ്മവുമായിരുന്നു. മൊത്തത്തിലുള്ള ദാരിദ്ര്യവും നിസ്വതയും മുസ്‌ലിം ക്യാമ്പിലെ പ്രശ്നങ്ങൾ കൂടുതൽ ദുരിതപൂർണമാക്കി. ആ സമയത്ത് ഒട്ടിയ വയറുമായി ദിവസങ്ങളോളം അവർക്ക് ജോലിയെടുക്കേണ്ടി വന്നു.

ഏറ്റവും ദുസ്സഹമായ ഈ സന്ദർഭത്തിൽ കിടങ്ങു കുഴിക്കുന്നതിൽ ഒരു അനുചരന്റെ ഉപകരണങ്ങൾക്ക് വഴങ്ങാതെ നിന്ന ഒരു പാറ കണ്ടെത്തിയത് റസൂൽ തിരുമേനി(സ)യെ അറിയിക്കുകയുണ്ടായി. പ്രയാസം നേരിടുന്ന ആ സ്ഥലത്തേക്ക് റസൂൽ തിരുമേനി (സ) പോയി. അവിടെ എത്തിയ തിരുമേനി (സ) തന്റെ കൈയിൽ പിക്കാസെടുത്തു ആ പാറയിൽ മൂന്ന് തവണ ആഞ്ഞു വെട്ടി. ആ പാറ പൊട്ടി കഷണങ്ങളായി. ഓരോ സമയത്തും റസൂൽ തിരുമേനി (സ)പാറ മേൽ വെട്ടുമ്പോൾ തീചിതറുന്നുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം വിസ്മയത്തോടെ ***അല്ലാഹു അക്ബർ*** (അല്ലാഹുവാണ് ഏറ്റവും മഹാൻ) എന്ന് വിളിച്ചുപറയുന്നുണ്ടായിരുന്നു. ഒടുവിൽ അനുചരന്മാർ അദ്ദേഹത്തോട് അങ്ങ് എന്തു കൊണ്ടാണ് ഒരു വിജയിയെ പോലെ അല്ലാഹു അക്ബർ എന്ന് ഉരുവിട്ടത് എന്ന് ചോദിച്ചു. റസൂൽ തിരുമേനി (സ) മറുപടിപറഞ്ഞു: ഒന്നാമത്തെ വെട്ടിൽ പാറയിൽ നിന്ന് തീപാറുമ്പോൾ ബൈസാന്റിയൻ* സാമ്രാജ്യത്തിന്റെ സിറിയൻ കൊട്ടാരങ്ങളും അതിന്റെ താക്കോലുകളും എനിക്ക് നൽകപ്പെട്ടതായി ഞാൻ കണ്ടു. രണ്ടാമത്തെ തവണ എനിക്ക് ദർശിക്കാൻ കഴിഞ്ഞത്, മദീനയിലെ പ്രകാശം പൊഴിക്കുന്ന പേർഷ്യൻ കൊട്ടാരങ്ങളാണ്. അതിന്റെ താക്കോൽ എനിക്ക് നൽകപ്പെട്ടതായും കണ്ടു. മൂന്നാമത്തെ തവണ ഞാൻ പാറയിൽ വെട്ടിയപ്പോൾ, സനായുടെ കൊട്ടരങ്ങളുടെ താക്കോൽ എനിക്ക് നൽകപ്പെട്ടതായും കണ്ടു. ഇതെല്ലാം അക്ഷരം പ്രതി പുലർന്നതിന് പിൽക്കാല ചരിത്രം സാക്ഷിയാണ്. എന്നാൽ, അതിന്റെ പൂർത്തീകരണത്തിൽ മാത്ര മല്ല അദ്ഭുതം കിടക്കുന്നത് ഈ പ്രവചനങ്ങൾ നടത്തിയ സന്ദർഭമാണ് ഇതിനെ ഒരു ദിവ്യാത്ഭുതമാക്കി മാറ്റുന്നത്.

ബലഹീനരും വ്രണിതചിത്തരുമായിക്കൊണ്ട് ദിവസങ്ങളോളം പട്ടിണിയും പരിവട്ടവുമായി കിടങ്ങുകുഴിക്കലിൽ ഏർപ്പെട്ടമുസ്‌ലിംകളെ പോലെ അത്യന്തം നിസ്സഹായാവസ്ഥയിലുള്ളവരുടെ പ്രതിരോധ സംരംഭങ്ങൾ വളരെ അപൂർവമായി മാത്രമേ ചരിത്രത്തിൽ കാണാൻ സാധിക്കുകയുള്ളൂ. മുസ്‌ലിംകളുടെ ദുരിതാവസ്ഥക്ക് അതിൽ പരം താഴാൻ പറ്റാത്ത അങ്ങേയറ്റം വിപരീതമായ സന്ദർഭമായിരുന്നു അത്. ആ സന്ദർഭത്തിലാണ് മുഹമ്മദ് നബി (സ) ചരിത്രം കുറിച്ച ഈ വാക്കുകൾ ഉരുവിട്ടത്. ചരിത്രത്തിന് അത് സൃഷ്ടിക്കാൻ സാധ്യമല്ലായിരുന്നു. അവർ ചരിത്രം സൃഷ്ടിക്കുകയായിരുന്നു.

ഇത്തരത്തിൽ അങ്ങേയറ്റം ദുരിതപൂർണമായ നിസ്സഹായാവസ്ഥയിൽ വൻ വിജയങ്ങളെ പറ്റിയുള്ള പ്രവചനം നടത്തുക എന്നത് ഒന്നുകിൽ ഒരു ഭ്രാന്തന്റെ പുലമ്പലായിരിക്കും. അല്ലെങ്കിൽ ഒരു മഹാനായ ഒരു പ്രവാചകനിലൂടെയുള്ള ദൈവത്തിന്റെ പ്രഖ്യാപനങ്ങളായിരിക്കും. റസൂൽ തിരുമേനി(സ) എക്കാലത്തേയും ജീവിച്ചിരിക്കുന്ന ജ്ഞാനികളിൽ വെച്ച് ഏറ്റവും വലിയ ജ്ഞാനിയായിരുന്നു. ഒരിക്കലും അദ്ദേഹം ഭ്രാന്തനായിരുന്നില്ല. ഏതെങ്കിലും ഒരു പ്രവാചകൻ ദൈവത്തിന്റെ വചനമായിരിക്കാൻ വേണ്ടി അനുഗൃഹീതനായിട്ടുണ്ടെങ്കിൽ അത് അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ വദനവും അദ്ദേഹത്തിന്റെ അധരവുമായിരുന്നു മനുഷ്യ ഭാഗധേയങ്ങൾ നിർണയിച്ചിരുന്നത്. ദൈവം അദ്ദേഹത്തോട് കൽപ്പിച്ചതെന്തോ അത് പ്രകാരം അദ്ദേഹം വിധികൾ പ്രഖ്യാപിച്ചു. അദ്ദേഹം ദൈവത്തിന് വേണ്ടി സംസാരിച്ചു.

(Revelation Rationality Knowledge and truth ) വിവ: ഏ. എം. ●

---

*** ബൈസാന്റിയം**: ക്രി.മു 27 ൽ ആരംഭിച്ച റോമാ സാമ്രാജ്യം കിഴക്കും പടിഞ്ഞാറുമായി വിഭജിക്ക പ്പെട്ടിരുന്നു. റോമാ സാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗത്തെയാണ് ബൈസാന്റിയം എന്ന് വിളിക്കുന്നത്. റോം ആസ്ഥാനമായുള്ള പടിഞ്ഞാറൻ റോമാ സാമാജ്യം അഞ്ഞൂറ് കൊല്ലം മാത്രമേ നിലനിന്നിരുന്നുള്ളൂ. ബൈസാന്റിയം അഥവാ കിഴക്കൻ റോമാ സാമ്രാജ്യമാണ് പിന്നെയും ആയിരം കൊല്ലം നിലനിന്നത്. ക്രിസ്തുമതം സ്വീകരിച്ച കോൺസ്റ്റന്റയിൻ ചക്രവർത്തിയാണ് (ക്രി.വ 274-337) റോമാ സാമ്രാജ്യ തലസ്ഥാനം റോമിൽ നിന്നും കിഴക്ക് ഭാഗത്തുള്ള കോൺസ്റ്റാന്റിനോപ്പിളിലേക്ക് ( ഇന്നത്തെ തുർക്കിയിലെ ഇസ്താംബൂൾ) മാറ്റിയത്. ബൈസാന്റിയം എന്ന പുരാതന ഗ്രീക്ക് പട്ടണത്തിൽ ഒരു കോട്ട നഗരം പണിയുകയും തന്റെ പേര് അനശ്വരമാക്കാൻ കോൺസ്റ്റാന്റിനോപ്പിൾ എന്ന് നാമകരണം ചെയ്യുകയും ചെയ്തു. ഇസ്‌ലാം അവതരിക്കുമ്പോൾ അറേബ്യയുടെ പടിഞ്ഞാറ് ഭാഗത്ത് കോൺസ്റ്റാന്റിനോപ്പിൾസ് ആസ്ഥാനമായുള്ള ബൈസാന്റിയം സാമ്രാജ്യവും കിഴക്ക് ഭാഗത്ത് ഇറാൻ കേന്ദ്രമായുള്ള പേർഷ്യൻ സാമ്രാജ്യവുമായിരുന്നു. ഇസ്‌ലാം ആവിർഭവിച്ച് എട്ടര നൂറ്റാണ്ടുകൾക്ക് ശേഷം ക്രി.വ. 1453 ലാണ് ബൈസാന്റിയം സാമ്രാജ്യം തുർക്കി സുൽത്താൻ മുഹമ്മദ് അൽ ഫാത്തിഹ് പൂർണമായും കീഴടക്കിയത്.(വിവ:)

# ഹദ്റത്ത് അഹ്മദി (അ) ന്റെ സത്യസാക്ഷ്യം
# വിശുദ്ധ ഖുർആനിലൂടെ

മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ



യഥാകാലം ആഗതനായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) അതിശക്തവും വ്യക്തവുമായ ഭാഷയിൽ താൻ ദൈവനിയുകതനാണെന്ന് നിരന്തരം ആവർത്തിച്ച് പ്രഖ്യാപിക്കുകയുണ്ടായി. ദിവ്യാനുഗ്രഹങ്ങളാൽ പരിവേഷ്ടിതനായി വിജയശ്രീലാളിതനായാണ് അദ്ദേഹം ദിവംഗതനായത്. വ്യാജവാദി നശിപ്പിക്കപ്പെടും എന്ന ഖുർആനിക വചനത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾ ഇക്കാര്യം പരിശോധിക്കാൻ ബാദ്ധ്യസ്ഥരാണ്.

പ്രവാചകന്മാർ ലോകത്ത് വരുമ്പോൾ, തങ്ങളുടെ ദൗത്യപ്രഖ്യാപനം നടത്തുന്നത് അല്ലാഹുവിന്റെ നാമത്തിലായിരിക്കും. ഏത് കാര്യവും അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്തിട്ടായിരിക്കും അവർ പറയുക. കാരണം ദൈവനാമത്തിൽ, ദൈവം പറയാത്തത് ഒരുവൻ പറഞ്ഞാൽ അവനെ കൊന്നുകളയുമെന്ന് തന്റെ ഗ്രന്ഥങ്ങളിലൂടെ ദൈവംതന്നെ ഉറക്കെ പ്രഖ്യാപിച്ചിട്ടുണ്ട്. തൗറാത്തും ഇഞ്ചീലും ഖുർആനും അത് സാക്ഷീകരിച്ചിട്ടുള്ളതാണ്. ലോകത്ത് വന്നിട്ടുള്ള എല്ലാ കള്ളപ്രവാചകന്മാരും ഒരൊറ്റ അനുയായിപോലും അവശേഷിക്കാത്തവിധം നശിപ്പിക്കപ്പെട്ടുവെന്ന സത്യം പ്രസ്തുത ദൈവവചനത്തിന് മാറ്റുകൂട്ടുന്നു.

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യുടെ പ്രവചനപ്രകാരം ഹിജ്റ 14-ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ അല്ലാഹു ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)നെ മഹ്ദിയും മസീഹുമായി നിയോഗിച്ചു. അദ്ദേഹം മുഹമ്മദ് മുസ്തഫാ (സ)യുടെ ശിഷ്യപ്രവാചകനും ഉമ്മത്തീനബിയുമാണ്. തന്റെ നിയോഗോദ്ദേശ്യം വിവരിച്ചുകൊണ്ട് ആ പുണ്യാത്മാവ് പറയുന്നു.

"*ഇന്ന് നിലവിലുള്ള മതങ്ങളിൽ അല്ലാഹുവിന്റെ ഇഷ്ടമനുസരിച്ച് വിശുദ്ധഖുർആൻ കൊണ്ടുവന്ന മതം ഒന്നു മാത്രമാണ് സത്യമെന്നും മോക്ഷത്തിന്റെ വീട്ടിൽ കടക്കുന്നതിനുള്ള വാതിൽ ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി ആണെന്നുമുള്ള സന്ദേശം അല്ലാഹുവിന്റെ സൃഷ്ടികൾക്ക് എത്തിച്ചുകൊടുക്കുന്നതിനുവേണ്ടിയാണ് ഈ വിനീതൻ അയക്കപ്പെട്ടിട്ടുള്ളത്.*" (സദ്സാല, താരീഖെ അഹ്മദിയ്യത്ത്, പേജ് 89)

ദൈവനാമത്തിൽ തന്റെ വാദം അദ്ദേഹം വളരെ ശക്തമായിട്ടു പ്രഖ്യാപിച്ചു. എല്ലാ പ്രവാചകന്മാരും പ്രത്യേകിച്ച് മുഹമ്മദ് നബി (സ) എത്ര മാത്രം ശക്തമായിട്ടാണോ തന്റെ വാദം പ്രഖ്യാപിച്ചത് അപ്രകാരം തന്നെ. ചില ലിഖിത ശകലങ്ങൾ കാണുക. ഒരാൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) നോട് അല്ലാഹുവിനെ പിടിച്ച് സത്യം ചെയ്ത് തന്റെ വാദം പ്രഖ്യാപിക്കാൻ ആവശ്യപ്പെട്ടു. ആ മഹാത്മാവ് കത്തിനു മറുപടിയായി എഴുതി:

"ഞാൻ സത്യം ചെയ്തുകൊണ്ട് ഇതിനു മുമ്പേയും ജനങ്ങളോട് പറഞ്ഞിട്ടുള്ളതാണ്, ഇപ്പോൾ ഈ കത്തിലും ഞാൻ പറയുന്നു. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവാണ സത്യം. റസൂലുല്ലാഹി(സ) പറഞ്ഞിട്ടുള്ളതായി സഹീഹ് ബുഖാരിയിലും സഹീഹ് മുസ്ലിമിലും മറ്റ് സിഹാഹുകളിലും രേഖപ്പെട്ടുകിടക്കുന്ന ആ മസീഹ് മൗഊദ് ഞാനാകുന്നു. 'വ കഫാ ബില്ലാഹി ശഹീദാ' (മൽഫൂസാത്ത്, പേജ് 326-327, വാള്യം 1)

"എന്നെ എഴുന്നേല്പിച്ചവനാരോ, തന്നെപ്പറ്റി കളവുകൾ കറ്റുകെട്ടി പറയുന്നവന്റേമേൽ ഏതൊരുവൻ ശാപങ്ങൾ ചൊരിയുമോ അവനെ സാക്ഷിനിറുത്തിക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു, അവൻ തന്നെയാണ് എന്നെ മസീഹ് മൗഊദായി നിയോഗിച്ചയച്ചിട്ടുള്ളത്. എനിക്കുണ്ടായ വ്യക്തമായ വെളിപാടുകളിൽ എനിക്കുള്ള ഈമാൻ (ദൃഢവിശ്വാസം) വിശുദ്ധഖുർആനിൽ എനിക്കുള്ള ഈമാനിനേക്കാൾ ഉറപ്പിലും അജയ്യതയിലും തരിമ്പോളവും കുറഞ്ഞതല്ലതാനും. അല്ലാഹു എന്നിൽ ഇറക്കുമാറായ വെളിപാടുകളുടെ സത്യാവസ്ഥ അവൻ കാണിച്ച തുടരെത്തുടരെയുള്ള ദൃഷ്ടാന്തങ്ങളിലൂടെ പ്രത്യക്ഷമായിക്കഴിഞ്ഞിട്ടുള്ളതുമത്രെ. എനിക്ക് ഇറങ്ങിക്കൊണ്ടിരിക്കുന്ന വിശുദ്ധങ്ങളായ വെളിപാടുകൾ മൂസാനബിക്കും ഈസാനബിക്കും നബി മുഹമ്മദ് മുസ്തഫ (സ)തിരുമേനിക്കും തന്റെ വചനമിറക്കിയ അതേ അല്ലാഹുവിന്റെ വചനം തന്നെയാണെന്ന് വിശുദ്ധ കഅബയിലെ പരിപവിത്രമായ തിരുസ്ഥാനങ്ങളിൽനിന്നുകൊണ്ട് അല്ലാഹുവിനെ ആണയിട്ട് പ്രഖ്യാപിക്കുവാൻ എനിക്ക് ഒരു വിരോധവുമില്ല." (ഇക് ഗലത്തീ കാ ഇസാല, പേജ് 22)

"മുസ്ലിംകളേ, ഓർത്തുകൊള്ളുക. ഞാൻ മുഖേന ഈ വാർത്ത അല്ലാഹു നിങ്ങളെ അറിയിക്കുന്നു. ഞാൻ എന്റെ സന്ദേശം എത്തിച്ചിരിക്കുന്നു. അത് കൊള്ളുകയോ തള്ളുകയോ ചെയ്യുക എന്നത് നിങ്ങളുടെ ഇഷ്ടമാണ്. ഈസാ (അ) വഫാത്തായിരിക്കുന്നു. ഇത് സത്യമാണ്. ഞാൻ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്ത് പറയുന്നു വാഗ്ദാനം ചെയ്യപ്പെട്ട ആ വ്യക്തി ഞാൻ തന്നെയാണ്. ഇസ്ലാമിന്റെ ഉയിർത്തെഴുന്നേല്പ് നിലനില്ക്കുന്നത് ഈസാനബിയുടെ മരണത്തിലാണെന്ന കാര്യം ഓർത്തുകൊള്ളുക." (മൽഫൂസാത്ത്, വാള്യം 8, പേജ് 257)

"അത്യുന്നതനും മഹിമാവാനുമായ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു. ഞാൻ കാഫിറല്ല. **ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി** എന്നതാണ് എന്റെ വിശ്വാസം. **ലാക്കിർറസൂലല്ലാഹി വ ഖാത്തമന്നബിയ്യീൻ** എന്നതത്രെ ആ ദിവ്യാത്മാവിനെക്കുറിച്ചുള്ള എന്റെ ഈമാൻ. എന്റെ ഈ പ്രസ്താവന സത്യമാണെന്ന കാര്യത്തിൽ അല്ലാഹുവിന് എത്ര നാമങ്ങളുണ്ടോ അത്രയും പ്രാവശ്യം വിശുദ്ധഖുർആനിൽ എത്ര അക്ഷരങ്ങളുണ്ടോ അത്രയും പ്രാവശ്യം നബിതിരുമേനിയുടെ ഉത്കൃഷ്ടതകൾ എത്രയുണ്ടോ അത്രയും പ്രാവശ്യം അല്ലാഹുവിന്റെ പേരിൽ ഞാൻ സത്യം ചെയ്തു പറഞ്ഞുകൊള്ളുന്നു. അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനയ്ക്ക് എതിരായിട്ട് ഞാൻ ഒരു വിശ്വാസവും കൈക്കൊണ്ടിട്ടില്ല. അങ്ങനെ ആരെങ്കിലും കരുതുന്നുവെങ്കിൽ അതയാളുടെ തെറ്റായ ധാരണയാണ്. ഇനിയും എന്നെ ആരെങ്കിലും കാഫിർ എന്ന് വിശ്വസിക്കുകയും എന്നെ കാഫിറാക്കുന്നതിൽനിന്ന് പിന്മാറാതിരിക്കുകയും ചെയ്യുന്നെങ്കിൽ മരണാനന്തരം അയാൾ തീർച്ചയായും ചോദിക്കപ്പെടുമെന്ന സംഗതി ഓർത്തുകൊള്ളട്ടെ." (കറാമാത്തുസ്സാദിഖീൻ, 1894, പേജ് 25)

വിശുദ്ധഖുർആൻ പറയുന്നു: *വലൗ തഖവ്വല അലയ്നാ ബഅ്ദൽ അഖാവീൽ ലഅഖദ്നാ മിൻഹു ബിൽയമീൻ. ഥുമ്മ ലഖതഅ്നാ മിൻഹുൽവതീൻ.* (69 : 44-46) ഈ വചനങ്ങൾക്ക് ചില ഖുർആൻ വിവർത്തകന്മാർ കൊടുത്ത അർഥം താഴെ കൊടുക്കുന്നു.

***മുട്ടാണിശ്ശേരിൽ കോയക്കുട്ടി:-*** ഭാഷണങ്ങളിൽ ചിലത് നമുക്കെതിരെ അവൻ (കൃത്രിമമായി) പറഞ്ഞുണ്ടാക്കിയിരുന്നെങ്കിൽ, തീർച്ചയായും വലതുകരത്താൽ നാം അവനെ പിടിക്കുമായിരുന്നു, പിന്നീട് അവന്റെ **ഹൃദയധമനിയെ** നാം തീർച്ചയായും ഛേദിക്കയും. (പരിശുദ്ധഖുർആൻ, മോറൽ ബുക്സ്, കോട്ടയം, പേജ്-905)

***സി. എൻ. അഹ്മദ് മൗലവി:-*** അദ്ദേഹം (നബി) നമ്മുടെ പേരിൽ ചില കല്പനകൾ കെട്ടിച്ചുമത്തിയിരുന്നെങ്കിൽ അദ്ദേഹത്തിന്റെ വലംകൈ നാം പിടിക്കുകയും അദ്ദേഹത്തിന്റെ **ജീവനാഡി** നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു. (പരിശുദ്ധഖുർആൻ പരിഭാഷ, രണ്ടാം വാള്യം, പേജ് 1976)

***അബുൽഅഅ്ലാ മൗദൂദി:-*** ഇദ്ദേഹം (പ്രവാചകൻ) വല്ലതും സ്വയം കെട്ടിച്ചമച്ച് നമ്മുടെ പേരിൽ പറയുകയായിരുന്നെങ്കിൽ നാം ഇദ്ദേഹത്തിന്റെ വലംകൈ പിടിച്ചെടുക്കുമായിരുന്നു. ഇദ്ദേഹത്തിന്റെ **ജീവനാഡി** മുറിച്ചുകളയുകയും ചെയ്യുമായിരുന്നു. (ഖുർആൻ ഭാഷ്യം, വിവ: ടി.കെ. ഉബൈദ് ഐ.പി.എച്ച്, പേജ് 748)

***അബ്ദുൽ ഗഫ്ഫാർ മൗലവി അൽ കൗസരി:-*** അദ്ദേഹം (നബി) നമ്മുടെ പേരിൽ വല്ല വാക്കുകളും കെട്ടിപ്പറഞ്ഞുണ്ടാക്കിയാൽ അദ്ദേഹത്തെ നാം ശക്തിയോടെ പിടികൂടുമായിരുന്നു. പിന്നെ അദ്ദേഹത്തിന്റെ **ജീവനാഡി**യെ നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു. (ഖുർആൻ, ഡി.സി. ബുക്സ്, കോട്ടയം, പേജ് 968)

***മുഹമ്മദ് അമാനി മൗലവി :*** അദ്ദേഹം (റസൂൽ) നമ്മുടെ പേരിൽ വല്ല വാക്കുകളും കെട്ടിപ്പറഞ്ഞിരുന്നുവെങ്കിൽ അദ്ദേഹത്തെ നാം വലങ്കൈകൊണ്ട് പിടി (ച്ചു ശിക്ഷി)ക്കുമായിരുന്നു! - പിന്നീട്, അദ്ദേഹത്തിൽനിന്ന് (ഹൃദയത്തിലെ) **ജീവനാഡി**യെ നാം മുറിക്കുകയും ചെയ്യുമായിരുന്നു. (തഫ്സീറുൽ ഖുർആൻ കരീം, വാള്യം 4, പേജ് 3405 കെ.എൻ.എം.)

ബൈബിളും ഇക്കാര്യം പ്രസ്താവിക്കുന്നു.

***ബൈബിൾ പഴയനിയമം:-*** ഒരു

പ്രവാചകൻ ഞാൻ അവനോട് കല്പി ക്കാത്ത വചനം എന്റെ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കയോ അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കയോ ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ അനുഭവിക്കണം. (സത്യവേദ പുസ്തകം, പേജ് 195, ആവർത്തന പുസ്തകം: 18:20)

യഹോവയുടെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു. ദുഷ്പ്രവർത്തിക്കാരുടെ ഓർമയെ ഭൂമിയിൽനിന്ന് ഛേദിച്ചുകളയേണ്ടതിന്നു യഹോവയുടെ മുഖം അവർക്ക് പ്രതികൂലമായിരിക്കുന്നു. നീതിമാന്മാർ നിലവിളിച്ചു. യഹോവ കേട്ടു. സകല കഷ്ടങ്ങളിൽനിന്നും അവരെ വിടുവിച്ചു. (പേജ്:557, സങ്കീർത്തനങ്ങൾ 34:15-17)

***ബൈബിൾ പുതിയനിയമം:***- സ്വർഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞുപോകും. (പേജ്-16, മത്തായി, 15:13)

ആകയാൽ, ഈ മനുഷ്യരെ വിട്ട് ഒഴിഞ്ഞുകൊൾവിൻ എന്ന് ഞാൻ നിങ്ങളോട് പറയുന്നു; ഈ ആലോചനയോ പ്രവൃത്തിയോ മാനുഷം എന്ന് വരികിൽ അത് നശിച്ചുപോകും; ദൈവികം എങ്കിലോ നിങ്ങൾക്കത് നശിപ്പിക്കാൻ കഴിയുകയില്ല. (പേജ്:124, അപ്പോസ്തല പ്രവർത്തികൾ 5:38-39)

നീതിമാന് ഒരു തിന്മയും ഭവിക്കയില്ല; ദുഷ്ടന്മാരോ അനർഥംകൊണ്ട് നിറയും. വ്യാജമുള്ള അധരങ്ങൾ യഹോവക്കു വെറുപ്പ്; സത്യം പ്രവർത്തിക്കുന്നവരോ അവന്നു പ്രസാദം. (പേജ്: 638, സദൃശവാക്യങ്ങൾ, 12:21,22)

അതായത് ആരെങ്കിലും വെളിപാട് പടച്ചുണ്ടാക്കി അത് ദൈവമാണ് തന്നോട് പറഞ്ഞതെന്ന് വിളംബരം ചെയ്താൽ അയാൾ വധിക്കപ്പെടും. നബി(സ)യാണ് സത്യസാക്ഷ്യത്തിന്റെ ഉരകല്ല്. വഹ്‌യ്, ഇൽഹാം ഉണ്ടായതിനു ശേഷം 23 വർഷം ആ മഹാത്മാവ് ജീവിച്ചു. അതുകൊണ്ട് വ്യാജനുബുവ്വത്തുവാദി- കള്ളപ്രവാചകത്വവാദി ഇത്ര കാലം ജീവിച്ചിരിക്കുകയില്ല. അതിനു മുമ്പേ അയാൾ നശിപ്പിക്കപ്പെടും. "ഏതെങ്കിലും കള്ളനുബുവ്വത്തുവാദി- പ്രവാചകത്വവാദി തിരുനബി(സ)യുടെ പ്രവാചകത്വകാലമായ 23 വർഷം ജീവിച്ചിരുന്നതായി തെളിയിച്ചാൽ 500 രൂപ ഇനാം നല്കാമെന്ന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്റെ ഗ്രന്ഥമായ 'അർബഈനി'ൽ വിളംബരം ചെയ്യുകയുണ്ടായി. ഇന്നുവരെ അത് തെളിയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല എന്ന കാര്യം ഓർക്കുക.

ഇത് തിരുനബി(സ)ക്ക് മാത്രം ബാധകമാണെന്ന് ചില അജ്ഞരായ ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിട്ടുണ്ട്. അത് അടിസ്ഥാന രഹിതമാണ്. അങ്ങനെ വരുമ്പോൾ ഏത് വ്യാജവാദിക്കും എന്തുംപറഞ്ഞ് നടക്കാമെന്നും സാധാരണക്കാരനെ വഞ്ചിക്കാമെന്നും സമ്മതിക്കേണ്ടിവരും. എല്ലാ കള്ളവാദിയും നശിപ്പിക്കപ്പെട്ടുവെന്ന് ചരിത്രത്തിൽനിന്ന് വ്യക്തമാകുമ്പോൾ അത്തരം വാദത്തിന് പ്രസക്തിയില്ല.

ഉദാഹരണത്തിന്, ഇന്നേക്ക് 20 വർഷം മുമ്പേ പ്രവാചകനാണെന്ന് വാദിച്ച റശാദ് ഖലീഫപോലും വധിക്കപ്പെട്ടുവെന്നത് കള്ളപ്രവാചകന്മാരെ താൻ വധിക്കുമെന്ന് ദൈവം പറഞ്ഞതിനെ സാക്ഷാത്കരിക്കുകയാണ് ചെയ്യുന്നത്.

"കുവൈത്ത്- വിശുദ്ധഖുർആനിലെ 19 സംഖ്യാദ്ഭുതത്തിലൂടെ പ്രസിദ്ധനാവുകയും ഒടുവിൽ പ്രവാചകത്വവാദത്തിലൂടെ വിവാദവിധേയനാവുകയും ചെയ്ത ഡോ. റശാദ് ഖലീഫ അമേരിക്കയിൽ അരിസോണ സ്റ്റേറ്റിലെ തുസാനിൽ വധിക്കപ്പെട്ടതായി 'അൽമുജ്തമഅ്' റിപ്പോർട്ട് ചെയ്തു. അരിസോണാ യൂനിവേഴ്സിറ്റിയിലെ പ്രഫസറായിരുന്ന റശാദ് ഖലീഫ ജനുവരി 31ന് പുലർച്ചെ തന്റെ വീട്ടിലെ അടുക്കളയിൽ കുത്തേറ്റ നിലയിൽ കാണപ്പെടുകയായിരുന്നു. ഘാതകനെ കണ്ടെത്താൻ പോലീസ് നടത്തുന്ന ശ്രമങ്ങൾ വിജയിച്ചിട്ടില്ല.' (മാധ്യമം, 11.2.1990)

വിശുദ്ധഖുർആൻ പറയുന്നു: "അല്ലാഹുവിന്റേമേൽ കറ്റുകെട്ടിപ്പറയുകയും അവന്റെ വചനങ്ങളെ കള്ളമാക്കുകയും ചെയ്യുന്നവരേക്കാൾ അക്രമി മറ്റാരാണ്. തീർച്ചയായും കുറ്റവാളികൾ വിജയിക്കുകയില്ല" (10:18)

"അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടിപ്പറയുകയും അവന്റെ വചനങ്ങളെ കളവാക്കുകയും ചെയ്യുന്നവനെക്കാൾ വലിയ ദ്രോഹി മറ്റാരാണ്". (7:38)

''കറ്റുകെട്ടിപ്പറയുന്നവൻ തീർച്ചയായും നശിച്ചുപോകും"(20:62)

അല്ലാമ ഫഖ്റുദ്ദീൻ റാസി പറയുന്നു:

"രാജാക്കന്മാർ അവരുടെ പേരിൽ കറ്റുകെട്ടിപ്പറയുകയോ കള്ള കൽപനകൾ പ്രചരിപ്പിക്കുകയോ (രാജദൂതനെന്നു പറഞ്ഞു ജനങ്ങളെ വഞ്ചിക്കുകയോ) ചെയ്യുന്നവരുടെ പേരിൽ സ്വീകരിക്കുന്ന നടപടിയോട് ഉപമിച്ചുകൊണ്ടാണ് ഇവിടെ ഈ സംഗതി പറയപ്പെട്ടിരിക്കുന്നത്. രാജകൽപനകൾ കറ്റുകെട്ടിപ്പറയുന്നവന് അവധിക്കൊടുക്കാതെ അവനെ ഗളച്ഛേദം ചെയ്യുന്നതുപോലെ അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടിപ്പറയുന്നവനെയും വധിച്ചുകളയുമെന്നാണ് ഇവിടെ വ്യക്തമാക്കിയിട്ടുള്ളത്''. (തഫ്സീർ കബീർ, മിസ്റ് വാള്യം. 8 ഭാഗം 205)

അല്ലാമ സമക്ശരി പറയുന്നു:

"ഈ വാദി നമ്മുടെമേൽ കറ്റുകെട്ടി പറയുകയാണെങ്കിൽ അയാളോട് ഉടൻ പകരം ചോദിക്കുകയും അയാളെ കൊന്നുകളയുകയും ചെയ്യും. എപ്രകാരം ഒരു രാജാവിനെപ്പറ്റി കള്ളം കെട്ടിപ്പറയുന്നയാളെ രാജാവ് വധിച്ചുകളയുന്നുവോ അതുപോലെ.'' (തഫ്സീർ കശ്ശാഫ്, കൽക്കത്ത, പേജ് 1524)

ശിഹാബിൽ പറയുന്നു: "ഖതഉൽവതീൻ എന്നതിൽ കറ്റു കെട്ടിപറയുന്നവന്റെ നാശത്തിന്റെ ഭയാനക ചിത്രം വരച്ചുകാണിച്ചിരിക്കുകയാണ്. അതതു കാലത്തെ രാജാക്കന്മാർ തങ്ങൾക്ക് രോഷം ഉണ്ടായിട്ടുള്ളവരുടെ നേരേ സ്വീകരിക്കുന്ന നടപടി പോലെ, ആരാച്ചാർ അയാളെ അഥവാ കറ്റു കെട്ടുകാരനെ വലത് കൈ കൊണ്ടു പിടിക്കുകയും വാളുവീശി കഴുത്ത് വേർപെടുത്തുകയും ചെയ്യുന്നു.'' (ശിഹാബ് അലൽ ബൈസാവി വാള്യം 8 പേജ് 241)

മുജാഹിദുകളുടെ അനിഷേധ്യ നേതാവ് സനാഉല്ലാഹ് സാഹിബ് പറയുന്നു: "അല്ലാഹു ഒരിക്കലും ഒരു കള്ള പ്രവാചകന് വിജയത്തിന്റെ മുഖം കാണിച്ചിട്ടില്ല എന്നത് കഴിഞ്ഞ കാലത്തെ അനുഭവങ്ങളിൽ നിന്ന് തെളിയുന്നുണ്ട്. ലോകത്ത് അസംഖ്യം മതങ്ങൾ ഉണ്ടായിട്ടുണ്ട്. കള്ളനബിയുടെ ഉമ്മത്ത് ഉണ്ടെന്ന് തെളിയിക്കാൻ ശത്രുക്കൾക്കുകൂടി സാധിക്കാതിരിക്കുന്നതിനു കാരണം ഇതു തന്നെയാണ്. മുസൈലിമത്തുൽ കദ്ദാബിന്റെയും അൻസിയുടെയും സംഭവങ്ങൾ ചരിത്രപടുക്കളിൽ നിന്ന് ഗോപ്യമല്ല. അവർ രണ്ട് പേരും താന്താങ്ങളുടെ കാലങ്ങളിൽ നബിതിരുമേനിയുടെ പ്രതാപവും പ്രഭാവവും കണ്ടിട്ട് എങ്ങനെ നുബുവ്വത്ത് വാദം പുറപ്പെടുവിച്ചു? അല്ലാഹുവിന്റെ പേരിൽ എന്തെല്ലാം കളവുകൾ കെട്ടിപ്പറഞ്ഞു? എന്നാൽ ഒടുവിൽ അല്ലാഹുവിന്റെ ശക്തിമത്തായ നിയമത്തിന്റെ വരുതിയിൽ കുടുങ്ങി ചതയ്ക്കപ്പെട്ട് പോയി! അങ്ങനെ സംഭ

▶ശേഷം പേജ് 42 ൽ

# ജിന്ന്: വിശുദ്ധഖുർആൻ എന്തു പറയുന്നു?

മൗലാനാ അബ്ദുല്ലാഹ് എച്ച്. എ

ജിന്നിനെ പറ്റിയുള്ള വിവാദങ്ങൾ കേരളീയ മുസ്‌ലിം സമൂഹത്തിൽ കത്തിപ്പടരുകയാണ്. ഉൽപ്പതിഷ്ണുക്കളെന്ന് പറയപ്പെടുന്ന മുസ്‌ലിം കക്ഷികൾ കെട്ടുകഥകളെ വെല്ലുന്ന അബദ്ധ വിശ്വാസങ്ങളുടെ വക്താക്കളായി മാറിയിരിക്കുന്നു. കേരളത്തിലെ യശഃശ്ശരീരനായ അഹ്മദിയ്യാ മുബല്ലിഗും പ്രഗല്ഭ പണ്ഡിതനുമായ ലേഖകൻ അറുപത്താറ് വർഷങ്ങൾക്ക് മുമ്പ് (1946 സപ്തംബർ ലക്കത്തിൽ) ജിന്നിനെ കുറിച്ച് സത്യദൂതനിലെഴുതിയ ലേഖനം ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നു.(വിശുദ്ധഖുർആൻ പ്രസ്താവിക്കുന്ന ജിന്നുകളിൽ ഒരു വിഭാഗത്തെക്കുറിച്ചു മാത്രമാണ് ഇവിടെ പരാമർശിക്കുന്നത്)

ഭൂതപ്രേതാദികളെക്കുറിച്ച് വിവിധ തരത്തിലുള്ള അന്ധവിശ്വാസങ്ങൾ നാനാജാതി മതസ്ഥരുടെ ഇടയിൽ കടന്നുകൂടിയിട്ടുണ്ടെന്ന് ഏവരും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. അന്ധവിശ്വാസങ്ങൾ മുസ്‌ലിംകളെയും ബാധിക്കാതിരുന്നിട്ടില്ല. ഈ അന്ധ വിശ്വാസങ്ങൾക്ക് മിക്കവാറും അടിസ്ഥാനമായിരിക്കുന്നത് ഊഹാപോഹങ്ങളും ദുർഗ്രഹമായ വിധത്തിൽ നടന്നതായി പറയപ്പെടുന്ന ചില കാര്യങ്ങളുമാണ്. ബാഹ്യദൃഷ്ടിക്ക് അഗോചരമായ ചില ശക്തികൾ പ്രപഞ്ചത്തിൽ വ്യാപരിക്കുന്നുണ്ടെന്ന് സമ്മതിക്കാവുന്നതാണെങ്കിലും അവയെപ്പറ്റി പൊതുവെ വിശ്വസിച്ചു വരുന്ന സംഗതികളിൽ വലിയൊരു വിഭാഗം അതിശയോക്തി മാത്രമാണെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു.

ജിന്ന് എന്നാൽ ദൃഷ്ടിക്ക് അഗോചരമായ ഒരുതരം സൂക്ഷ്മ സൃഷ്ടികളാണെന്നും അവർ സ്ഥൂല ശരീരികളല്ലെങ്കിലും നമ്മെപോലെ തന്നെ ബുദ്ധിയും ജ്ഞാനവും ഉള്ളവരും മതശാസനകളനുസരിച്ച് ജീവിക്കാൻ ബാദ്ധ്യസ്ഥരും എന്നാൽ ഞൊടിയിട കൊണ്ട് വിചാരിക്കുന്നതൊക്കെയും ചെയ്യുവാനും ആഗ്രഹിക്കുന്നേടത്തെല്ലാം എത്തിച്ചേരുവാനും ഇഷ്ടമുള്ള രൂപം കൈകൊള്ളുവാനും കഴിവുള്ളവരുമാണെന്നാണ് പറയപ്പെടുന്നത്. നമ്മുടെ ഇന്ദ്രിയങ്ങൾക്ക് വിഷയമാകാത്ത സൃഷ്ടികളുണ്ടെന്ന സംഗതി നമ്മുടെ പരിമിതമായ അറിവിൽ നിന്നുപരിയായിരിക്കുന്നത് കൊണ്ട് അങ്ങനെ ഒരു സൃഷ്ടി തന്നെയില്ലെന്ന് നിഷേധിച്ചു കളയുന്നത് ഒരിക്കലും ന്യായ പൂർവകമായിരിക്കുകയില്ല. എന്തു കൊണ്ടെന്നാൽ നമുക്കറിവില്ലാത്തതുകൊണ്ട് നാം അത് നിഷേധിക്കുകയാണെന്ന് മാത്രമേ അതിനർഥമുള്ളൂ. എന്നാൽ ആത്മീയമായ ചില സൂക്ഷ്മ സൃഷ്ടികളുണ്ടെന്ന് വെച്ച് ബുദ്ധിക്കും അനുഭവത്തിനും മനഃശ്ശാസ്ത്രത്തിനും എതിരായി ഏതാണ്ട് സർവശക്തിയും സർവവ്യാപിത്വവുമുള്ളവരും അതേയവസര ത്തിൽ തന്നെ സ്ഥൂലശരീരികളായ മനുഷ്യരെ പോലെ മതശാസനകളനുസരിച്ച് ജീവിക്കാൻ ബാദ്ധ്യതപ്പെട്ടവരുമായ സൃഷ്ടികളാണ് ജിന്നുകൾ എന്ന് വിചാരിക്കുവാൻ നിവൃത്തിയില്ല.

'ജിന്ന്' എന്നതിന്റെ ശബ്ദാർഥം മറഞ്ഞു നിൽക്കുന്നത് എന്നാണ്. അറബി സാഹിത്യത്തിൽ ആത്മീയമായ സൃഷ്ടിക്കും ദൃഷ്ടിയിൽ നിന്ന് സാമാന്യം മറഞ്ഞിരിക്കുന്ന പാമ്പ്, കൃമി, അണു ഇത്യാദികൾക്കും മനുഷ്യരിൽ തന്നെ ശക്തിയും ഗാംഭീര്യവുമുള്ള ആളുകൾക്കും ജിന്ന് എന്ന് പ്രയോഗിക്കാറുണ്ട്. മറഞ്ഞിരിക്കുന്നത് എന്ന ശബ്ദാർഥമുള്ളതിനാൽ സ്ഥാന മഹത്വം കൊണ്ടോ പ്രാബല്യവും കുലീനതയും കൊണ്ടോ സാധാരണ ജനങ്ങളുമായി ഇടപെടാതെ മാറിനിൽക്കുന്നവർക്കും ജിന്ന് എന്ന് പറയാവുന്നതാണ്.

ജിന്ന് എന്നതിന് എന്തെല്ലാം അർഥങ്ങളുണ്ടായിരുന്നാലും വിശുദ്ധ ഖുർആനിൽ ഈ പദം ഇൻസ് എന്ന പദത്തോട് ചേർത്ത് പറഞ്ഞേടത്തെല്ലാം മനുഷ്യൻ എന്നു തന്നെയാണു ദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നും അദ്ഭുത ശക്തികളോടുകൂടിയ അദൃശ്യ സൃഷ്ടികളല്ലെന്നും ആ വിശുദ്ധ ഗ്രന്ഥത്തിൽ ഗാഢമായി ചിന്തിച്ചാൽ മനസ്സിലാകുന്നതാണ് .

**ജിന്നുകളിൽ പ്രവാചകന്മാർ**

ന്യായവിസ്താര നാളിൽ അല്ലാഹു സംബോധന ചെയ്യുന്നതായി വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറയുന്നു.

***'അല്ലയോ ജിന്നിന്റേയും ഇൻസിന്റേയും സമൂഹമേ! നിങ്ങൾക്ക് എന്റെ വചനങ്ങൾ പറഞ്ഞു തരികയും നിങ്ങളുടെ ഇന്നേ ദിവസത്തെ കൂടി ക്കാഴ്ചയെക്കുറിച്ച് നിങ്ങളെ ജാഗ്രതപ്പെടുത്തുകയും ചെയ്തു കൊണ്ട് നിങ്ങളിൽ നിന്നുള്ള പ്രവാചകന്മാർ നിങ്ങളുടെ അടുക്കൽ വന്നിട്ടുണ്ടായിരുന്നില്ലേ?. (6:131)***

ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നത് ജിന്നുകളിലും ഇൻസുകളിലും നിന്നുള്ള പ്രവാചകന്മാർ അവരുടെ അടുക്കൽ വരികയുണ്ടായിട്ടുണ്ടെന്നാണ് . ഇവിടെ ജിന്ന് എന്ന് പറഞ്ഞത് ഒരു സൂക്ഷ്മ സൃഷ്ടിയെക്കുറിച്ചാണെങ്കിൽ ആ കൂട്ടരിൽ നിന്നും പ്രവാചകന്മാർ ആവിർഭവിച്ചിരിക്കേണ്ടതും അവരുടെ വൃത്താന്തങ്ങൾ ഖുർആൻ

പ്രസ്താവിച്ചിരിക്കേണ്ടതും ആവശ്യമാണ്. എന്നാൽ മനുഷ്യരായ പ്രവാചകരെക്കുറിച്ചുള്ള വിവര ങ്ങളേ ഖുർആനിൽ കാണപ്പെടുന്നുള്ളൂ. ജിന്ന് എന്ന് പറഞ്ഞുകൊണ്ട് മനുഷ്യരെ ഉദ്ദേശിച്ചു തന്നെയാണെന്നതിലേക്ക് ഇതു മതിയായ തെളിവാകുന്നു.

ഇൻസ് എന്നാൽ സാമാന്യേന സമനിലയിൽ ജീവിക്കുന്നവരത്രെ. എന്തെന്നാൽ ഈ പദം സ്നേഹം, സഖ്യം എന്നീ അർഥത്തോടുകൂടിയ ഉൻസ്' എന്ന ധാതുവിൽ നിന്ന് ഉദ്ഭവിച്ചതാണ്. 'ജിന്ന്' എന്ന് പറഞ്ഞിരിക്കുന്നത് സാമാന്യ ജനങ്ങളിൽ നിന്ന് അകന്ന് ജീവിക്കുന്ന, മറ്റുള്ളവർക്ക് എളുപ്പത്തിൽ കാണുകയും ഇടപഴകുകയും ചെയ്യാൻ സാധിക്കാത്ത വലിയവരെ കുറിച്ചാണ്. എന്തെന്നാൽ ജിന്ന് എന്നതിന്റെ അർഥം മറഞ്ഞിരിക്കുന്നത് എന്നാകുന്നു. ഇങ്ങനെ ജിന്ന്, ഇൻസ് എന്ന് രാജാവും പ്രജയും യജമാനനും ഭൃത്യനും, മുതലാളിയും തൊഴിലാളിയും, സർവാധികാരിയും സാധാരണക്കാരനും തുടങ്ങിയ പിരിവുകളെ കുറിക്കുന്നതിന് ഉപയോഗിക്കുന്ന രണ്ടു സാങ്കേതിക പദങ്ങളാകുന്നു. മേലുദ്ധരിച്ച ഖുർആൻ വാക്യങ്ങളെതുടർന്നുള്ള വചനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്രകാരം പ്രവാചകരെ അയക്കാതെ അല്ലാഹു യാതൊരു പട്ടണത്തെയും നശിപ്പിക്കാറില്ലെന്നാണ്. ഇപ്പോൾ അതിൽ പറയപ്പെട്ട ജിന്നും ഇൻസും പട്ടണവാസികളായിരുന്നുവെന്നും അതിനാൽ മനുഷ്യരിൽ നിന്നുള്ള ഒരു വിഭാഗം തന്നെയാണ് ജിന്ന് എന്നും വ്യക്ത മാണല്ലോ.

### ജിന്ന് പ്രഭാവശാലികൾ

അല്ലാഹു ചോദിക്കുന്നതായി വിശുദ്ധ ഖുർആൻ വീണ്ടും പറയുന്നു.

***അല്ലയോ ജിന്നിന്റെ സംഘമേ, നിങ്ങൾ ഇൻസിൽ നിന്നും ഒരു വലിയ വിഭാഗത്തെ വശപ്പെടുത്തി. അവരുടെ കൂട്ടുകാരായ ഇൻസ് പറയും, ഞങ്ങളുടെ ദൈവമേ! ഞങ്ങളിൽ ചിലർ മറ്റു ചിലരിൽ നിന്നും ഗുണം സമ്പാദിച്ചു. (6:29)***

ഈ വാക്യത്തിൽ നിന്ന് മനസ്സിലാവുന്നത് ജിന്ന് ഇൻസിനേക്കാൾ ശക്തിയുള്ളവരും ഇൻസിനെ സ്വാധീനപ്പെടുത്തുന്നവരും രണ്ടു കൂട്ടരും പരസ്പരം ഉപകരിക്കുന്നവരുമാണെന്നാണ് . അപ്പോൾ ജിന്ന് മനുഷ്യരല്ലാതെ മറ്റൊരു സൃഷ്ടിയായിരിക്കാൻ പാടില്ല. എന്തു കൊണ്ടെന്നാൽ സാധാരണക്കാരെ സ്വാധീനതയിൽ വെച്ച് അവരെ കൊണ്ട് പ്രവർത്തിപ്പിക്കുന്നവർ പ്രഭുക്കളും വൻകിടമുതലാളിമാരും തന്നെയാണ്. അദൃശ്യമായ ഒരു അന്യസൃഷ്ടിയല്ല. മനുഷ്യരേക്കാൾ ശ്രേഷ്ഠതയുള്ളതും മനുഷ്യരെ സ്വാധീനതയിൽ വെക്കുന്നതും ആയ വേറെ സൃഷ്ടിയില്ലല്ലോ. ഇവിടെ ജിന്ന് എന്നും ഇൻസ് എന്നും രണ്ടു പേരു പറഞ്ഞു വെങ്കിലും അവരുടെ പ്രവർത്തി കളെയും ജീവിതാവസ്ഥകളെയും സംബന്ധിച്ച് പറഞ്ഞിരിക്കുന്നത് മനുഷ്യർക്ക് മാത്രം ബാധകമായകാര്യമാണ്.

### ജിന്നിൽ പ്രവാചക ശത്രു

വിശുദ്ധ ഖുർആനിൽ അല്ലാഹു ഇപ്രകാരം പറയുന്നു.

***നാം ഒരോ പ്രവാചകനും ജിന്നിൽ നിന്നും ഇൻസിൽനിന്നുമുള്ള പിശാചുക്കളെ ശത്രുക്കളാക്കി യിരിക്കുന്നു. അവർ വഞ്ചിക്കുവാനുള്ള മോഹന വാക്കുകൾ അന്യോന്യം മന്ത്രിക്കുന്നു. (6:113)***

ഈ വാക്യത്തിൽ പ്രവാചകന്മാരുടെ ശത്രുക്കളായി ജിന്നും ഇൻസും ഉണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. മനുഷ്യൻ പ്രവാചകന്മാർക്ക് ശത്രുക്കളായിതീർന്നതും പലവിധ അക്രമങ്ങൾ നടത്തിയതും ഖുർആനും ഇതരമത ഗ്രന്ഥങ്ങളിലും ധാരാളം പറഞ്ഞിട്ടുണ്ട്. അറിയപ്പെടുന്ന ചില പ്രവാചകൻമാർക്കെതിരിൽ ഗൂഢാലോചനകൾ നടത്തിക്കൊണ്ടിരുന്നത് പിശാചുക്കൾ ജിന്നിലും ഇൻസിലും ഉൾപ്പെട്ടവരായ മനുഷ്യർ തന്നെയായിരിക്കാനേ നിർവാഹമുള്ളൂ.

### ജിന്ന് സ്ഥൂലശരീരി

മറ്റൊരിടത്ത് ഖുർആൻ ഇങ്ങനെ പറയുന്നു:

***പറയുക : ഇൻസും ജിന്നും ഒരുമിച്ച് ചേർന്ന് അന്യോന്യം സഹായികളായിരുന്നാലും ഇതുപോലുള്ള ഖുർആൻ അവർക്ക് കൊണ്ടു വരുവാൻ സാധിക്കുകയില്ല. നിശ്ചയമായും നാം മനുഷ്യർക്കായി ഈ ഖുർ ആനിൽ എല്ലാ വിവരങ്ങളും വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ അധിക പേരും നിഷേധിക്കുന്നവരാകുന്നു.(17: 88,89)***

ഇവിടെ ഇൻസും ജിന്നും ഒന്നു ചേർന്ന് ഖുർആന് തുല്യമായ ഒരു ഗ്രന്ഥം കൊണ്ടുവരുന്നതിനും അതിന് വേണ്ടി അവർ അന്യോന്യം സഹായികളായിരുന്നു കൊള്ളുന്നതിനുമാണ് വെല്ലു വിളിച്ചിരിക്കുന്നത്. ഖുർആന് തുല്യമായ ഒരു ഗ്രന്ഥം കൊണ്ടു വരേണ്ടത് മനുഷ്യരല്ലാത്ത സൂക്ഷ്മദേഹികളെന്ന് പറയപ്പെടുന്ന ജിന്നുകളായിരിപ്പാൻ തരമില്ല. എന്നു തന്നെയല്ല അങ്ങനെയൊന്ന് തയ്യാറാക്കുന്നതിന് ശത്രുക്കൾക്കന്യോന്യം സഹായികളായി തീരാമെന്നിരുന്നാലും ജിന്നുകളുടെ സഹായം അവർക്കുണ്ടാകാവതുമല്ല. പ്രസ്തുത വാക്യം കൊണ്ട് ജിന്നും ഇൻസും പരസ്പരം സഹായ സഹകരണങ്ങൾ ചെയ്യുന്നവരാണെന്നാണ് മനസ്സിലാകുന്നത്. ഈ സഹകരണം മനുഷ്യൻ അന്യോന്യമല്ലാതെ മനുഷ്യരും ഒരു സൂക്ഷ്മ സൃഷ്ടിയും തമ്മിൽ ആകാൻ തരമില്ല. ആകയാൽ ഇവിടെ ജിന്നും ഇൻസും എന്നവർ പറഞ്ഞത് മനുഷ്യരിലുള്ള രണ്ട് വിഭാഗക്കാരെക്കുറിച്ചാണ്. അതായത് ഖുർആനെ പ്രത്യക്ഷത്തിൽ എതിർക്കുന്നവരും മറഞ്ഞിരുന്ന് ആ എതിർപ്പിന് നേതൃത്വം നൽകുന്നവരും മനുഷ്യർ തന്നെയാണ് വിശുദ്ധ ഖുർആനിൽ മനുഷ്യർക്ക് മാർഗ ദർശനമായുള്ള എല്ലാ വിവരണങ്ങളും അടങ്ങിയിട്ടു ണ്ടെന്നും എന്നാൽ അധികപേരും അതിനെ നിഷേധിക്കയാണ് ചെയ്യുന്നതെന്നും തുടർന്ന് പ്രസ്താവിച്ചിരിക്കുന്നതിൽ നിന്ന് അത് മനുഷ്യർക്ക് വേണ്ടിയാണെന്നും സുവ്യക്തമാവുന്നുണ്ട്. ഖുർആൻ ദൈവവചനമല്ലെന്ന് നിഷേധിച്ച് പറയുന്നവരും അതിന് തുല്യമായ ഒരു ഗ്രന്ഥം കൊണ്ടു വരുവാൻ ആഹ്വാനം ചെയ്യപ്പെട്ടിരിക്കുന്നവരുമായ ജിന്നും ഇൻസും മനുഷ്യർ തന്നെയ ല്ലാതെ മറ്റൊരു സൃഷ്ടിയായിരിക്കാൻ സാധ്യമല്ല. ●

### ഇഷ്ടമുള്ളവൻ വിശ്വസിക്കട്ടെ, നിർബന്ധമില്ല

പറയുക, അല്ലയോ ജനങ്ങളേ! നിങ്ങളുടെ നാഥനിൽ നിന്ന് ഇപ്പോഴിതാ സത്യം നിങ്ങളിൽ വന്നെത്തിയിരിക്കുന്നു. ആകയാൽ, ആർ സന്മാർഗത്തിൽ ചരിക്കുന്നുവോ അത് അവന്റെ ആത്മാവിന് വേണ്ടി മാത്രം. ആർ വഴിതെറ്റുന്നു, അത് അതിന്റെ നഷ്ടത്തിലേക്കും. ഞാൻ നിങ്ങളുടെ മേൽ ഒരു സൂക്ഷിപ്പുകാരനായി നിയോഗിക്കപ്പെട്ടിട്ടില്ല. നിനക്ക് വെളിപ്പെടുത്തപ്പെട്ടതിനെ നീ പിന്തുടരുക. അല്ലാഹു വിധി കൽപ്പിക്കുന്നത് വരെ ഉറച്ചു നിൽക്കുകയും ചെയ്യുക. അവൻ വിധികർത്താക്കളിൽ ഉത്തമനത്രെ. **(വി: ഖുർആൻ 10:109 – 11)**

# അവസാനത്തെ ശരീഅത്തും
## അവസാനിക്കാത്ത നുബുവ്വത്തും

ശറഫുദ്ദീൻ ഇർഫാനി, അഗത്തി

റസൂൽ തിരുമേനി (സ) കൊണ്ടു വന്ന ശരീഅത്ത് ഒരു ജീവിത സംഹിതയും നിയമ വ്യവസ്ഥയുമാണ്. അത് ഇസ്‌ലാമിൽ പരി പൂർണവും അന്തിമവുമാണ്. നുബൂവ്വത്ത് ഒരു ആത്മീയ പദവിയാണ്, ഇസ്‌ലാമിൽ അത് തുടർന്നും ഉണ്ടായിക്കൊണ്ടിരിക്കും

**മ**നുഷ്യരെ സൃഷ്ടിച്ചതിന് ദൈവത്തിന് സുപ്രധാനമായ ഒരു ലക്ഷ്യമുണ്ട്. വിശുദ്ധ ഖുർആൻ ഈ ആശയം പ്രകടിപ്പിക്കുന്നത് ഇപ്രകാരമാണ്. **എന്റെ അബ്ദുകളായി ജീവിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല . (51-56).** അതായത് മനുഷ്യന് ദൈവം നൽകിയ പ്രത്യേക കഴിവുകളിലൂടെ അവൻ ദൈവത്തെ തിരിച്ചറിയുകയും അവനും അവനുളളതുമെല്ലാം ആ ദൈവത്തിന്റെ വിശേഷണങ്ങളുടെ പ്രതിഫലനം മാത്രമാണെന്ന് മനസ്സിലാക്കി സർവവും ആ ഏകദൈവത്തിൽ ഏകീകരിച്ചു കൊണ്ട് ജീവിക്കുക (സുറ:അൻആം - 162 നോക്കുക). ഇസ്‌ലാമിക സാങ്കേതിക ഭാഷയിൽ ഇതിന് തൗഹീദ് എന്ന് പറയും. ഏകീകരിക്കുക എന്ന് തന്നെയാണ് ഇതിന്റെ ഭാഷാർഥവും. ഈ ലക്ഷ്യം വിസ്മരിക്കുന്ന മനുഷ്യസമൂഹത്തിലേക്ക് പ്രസ്തുത സന്ദേശം എത്തിച്ചുകൊടുക്കാനും അവരെ ലക്ഷ്യപ്രാപ്തിയിലേക്ക് നയിക്കാനും വേണ്ടി അവരിൽ നിന്നുളള ലക്ഷ്യബോധം ലഭിച്ച ഒരു പുണ്യാത്മാവിനെ ദൈവം നിയോഗിക്കുന്നു. റസൂൽ (ദൈവദൂതൻ), നബി(പ്രവാചകൻ), മുജദ്ദിദ് (പുനരുദ്ധാരകൻ) തുടങ്ങിയ സാങ്കേതിക ഭാഷയിൽ ഇവരെക്കുറിച്ച് പറയപ്പെടുന്നു. ദൃശ്യശ്രാവ്യവാർത്താ മാധ്യമങ്ങളോ വിദൂരയാത്രാസൗകര്യങ്ങളോ ലഭ്യമല്ലാത്ത ആദ്യകാലഘട്ടങ്ങളിൽ ഒറ്റപ്പെട്ട് കിടക്കുന്ന ഓരോ സമൂഹത്തിനും വ്യത്യസ്ത പ്രവാചകന്മാരെ ദൈവം നിയോഗിക്കുകയും അവരെ ലക്ഷ്യത്തിലേക്കെത്തിക്കാൻ പര്യാപ്തമായ കാലികവും ജനികവുമായ ജീവിത വ്യവസ്ഥകൾ ആ പ്രവാചകരിലൂടെ അവർക്ക് അവരുടെ പ്രാപ്തിക്കനുസൃതമായി ദൈവം വിവരിച്ചു കൊടുക്കുകയും ചെയ്തു. ഇത്തരം വസ്തുതകൾക്കാണ് സാങ്കേതികമായി ശരീഅത്ത് എന്ന് പറയുന്നത്. ഖുർആൻ പറയുന്നു: **നാം നിങ്ങളി (മനുഷ്യരി)ൽ എല്ലാ(വിഭാഗക്കാ)ർക്കും ഓരോ ശരീഅത്തും മാർഗവും നിശ്ചയിച്ചിട്ടുണ്ട് . (5-48)** ശരീഅത്തുകൾ വ്യത്യസ്തമാണെങ്കിലും എല്ലാവരുടേയും ലക്ഷ്യം ഒന്നായിരുന്നു.

പിൽക്കാലത്ത് ജനസമ്പർക്കത്തിനും വിദൂരയാത്രക്കും വാർത്താവിനിമയത്തിനും സൗകര്യം കൈവന്ന ഘട്ടമെത്തിയപ്പോൾ ഏകദൈവത്തിൽ കേന്ദ്രീകരിക്കേണ്ട മനുഷ്യസമൂഹത്തിന് ഏകീകരിക്കപ്പെട്ട ഒരു ജീവിത വ്യവസ്ഥ വേണമെന്ന് ദൈവം തീരുമാനിച്ചു. ഇതിനായി ഒരു ആഗോളപ്രവാചകനേയും അദ്ദേഹത്തിലൂടെ ഒരു ആഗോള ശരീഅത്തിനേയും ദൈവം മാനവകുലത്തിന് സമ്മാനിച്ചു. ഖുർആൻ പറയുന്നു. **അതിനു ശേഷം നിന്നെ നാം ഒരു ശരീഅത്തിലാക്കിയിരിക്കുന്നു. നീ അതുതന്നെ പിന്തുടരണം. അറിവില്ലാത്തവരുടെ അഭിലാഷങ്ങൾക്ക് വഴങ്ങിക്കൂടാ (45-18).** മാനവകുലത്തിന് ആകമാനം നിയോഗിക്കപ്പെട്ട പ്രവാചകനാണ് മുഹമ്മദ് നബി (സ). അദ്ദേഹത്തിന് അവതീർണമായ വിശുദ്ധ ഖുർആനും അതിന്റെ പ്രാവർത്തിക രൂപമായ അദ്ദേഹത്തിന്റെ തിരുചര്യയുമാണ് അന്ത്യദിനം വരെയുളള മനുഷ്യന് ജീവിതരേഖയായി ദൈവം തന്നരുളിയ ശരീഅത്ത്. വിശുദ്ധ ഖുർആൻ പലയിടങ്ങളിലായി ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഉദാഹരണമായി ചിലത് പറയാം.

**ഓ ജനങ്ങളേ, നിങ്ങളുടെ നാഥനിൽ നിന്ന് സത്യവുമായി ഈ ദൈവദൂതനിതാ നിങ്ങൾക്ക് വന്നിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ വിശ്വസിക്കുക. നിങ്ങൾക്കതാണ് ഉത്തമം . (നിസാഅ്-171)**

**മുഴുലോകത്തിനും സന്തോഷസന്ദേശ വൃത്താന്തം അറിയിക്കുന്നവനായിട്ടല്ലാതെ നിന്നെ ഞാൻ നിയോഗിച്ചിട്ടില്ല . (സബഅ്-29)**

**(നീ പ്രഖ്യാപിക്കുക) ഈ ഖുർആൻ എനിക്ക് നൽകപ്പെട്ടിട്ടുളളത് നിങ്ങൾക്കും, ആർക്കൊക്കെ ഈ സന്ദേശം എത്തിപ്പെടുന്നുണ്ടോ അവർക്കും മുന്നറിയിപ്പ് നൽകാൻ വേണ്ടിയാണ് (അൻആം-20).**

നീ പ്രഖ്യാപിക്കുക, ഓ ജനങ്ങളേ, ഞാൻ നിങ്ങൾ എല്ലാവരിലേക്കുമുളള ദൈവദൂതനാകുന്നു (അഅ്റാഫ്-159). കൂടാതെ പ്രവാചക വചനങ്ങളിലും നമുക്ക് ഈ ആശയം കാണാൻ സാധിക്കും. ഒരു ഉദാഹരണം മാത്രം കൊടുക്കുന്നു.

മുമ്പുളള ഓരോ നബിയും നിയോഗിക്കപ്പെട്ടത് തന്റെ സമുദായത്തിലേക്ക് മാത്രമായിരുന്നു. ഞാൻ നിയോഗിക്കപ്പെട്ടത് മുഴുവൻ മനുഷ്യരിലേക്കും പൊതുവായിട്ടാകുന്നു . (ബുഖാരി-323. മുസ്‌ലിം-810)

അത് പോലെതന്നെ ഈ ശരീഅത്തിലേക്ക് പുതുതായി വല്ലതും കൂട്ടിച്ചേർക്കേണ്ടതോ അതല്ലെങ്കിൽ വെട്ടിച്ചുരുക്കേണ്ടതോ ആയ യാതൊരു ആവശ്യവുമില്ല. പ്രവാചകൻ(സ) തന്റെ വിയോഗത്തിന്റെ അതേവർഷം നടത്തിയ അവസാനത്തെ ഹജ്ജിന്റെ ഘട്ടത്തിൽ വിശുദ്ധ ഖുർആനിലൂടെ അല്ലാഹു ഈ കാര്യം പ്രഖ്യാപിച്ചതുമാണ്.

ഇന്നേ ദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ദീനിനെ പൂർത്തീകരിച്ചു തന്നിരിക്കുന്നു. എന്റെ അനുഗ്രഹത്തെ ഞാൻ നിങ്ങളിൽ പരിപൂർണമാക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്ക്

ദീനായി ഈ ഇസ്‌ലാമിനെ ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു. (മാഇദ-4) അന്ത്യദിനം വരെ ഇതിനെ ദുർബലപ്പെടുത്താതെ സംരക്ഷിക്കുമെന്നും അല്ലാഹു വാഗ്ദാനം നൽകുന്നു.

**തീർച്ചയായും നാം തന്നെയാണ് ഈ ഉദ്ബോധനം അവതരിപ്പിച്ചത്. നിശ്ചയം നാം തന്നെയാകുന്നു ഇതിനെ സംരക്ഷിക്കുന്നവനും (ഹിജ്റ-10).**

അതുകൊണ്ട് തന്നെ ഇനിയൊരു പുതിയ ശരീഅത്തിന്റെ ആവശ്യമുദിക്കുന്നില്ല. അങ്ങനെയൊരു ശരീഅത്തുമായി ഒരു പുതിയ പ്രവാചകനോ പഴയപ്രവാചകനോ ഇനി ഇവിടെ വരുകയില്ല. അതായത് ഇത് അവസാനത്തെ ശരീഅത്താകുന്നു. ഇത് കൊണ്ട്വന്ന മുഹമ്മദ് നബി(സ) സ്വയം ശരീഅത്ത് കൊണ്ട് വന്ന അവസാനത്തെ പ്രവാചകനുമാകുന്നു.

മുഹമ്മദ് നബി(സ)ക്കു ശേഷം നബിയില്ല എന്ന് ഇസ്‌ലാമിക പ്രമാണങ്ങളിൽ പറഞ്ഞതിന് മേൽപറഞ്ഞ അർഥമാണ് സമുദായത്തിലെ മുൻകാല മഹാൻമാർ നൽകിയത്. അഥവാ സ്വയം പുതിയ ശരീഅത്തുള്ള ഒരു പ്രവാചകനും ഇനി വരികയില്ല എന്ന്.

എനിക്ക് ശേഷം നബിയില്ല എന്ന ഹദീസ് നബി(സ)ക്കു ശേഷം ശരീഅത്തില്ലാത്ത ഒരു നബി വരുന്നതിന് എതിരായി തെളിവ് പറയുന്നവരോട് ഇമാം സുയുത്വി മറുപടി പറഞ്ഞതിങ്ങനെയാണ്.

ഓ സാധു, നീ പറഞ്ഞതിന് ഒരു നിലക്കും പ്രസ്തുത ഹദീസിൽ തെളിവില്ല. നബി(സ)യുടെ ശരീഅത്തിനെ ദുർബലപ്പെടുത്തുന്ന ഒരു ശരീഅത്തുമായി ഇനിയൊരു പുതിയനബി വരികയില്ല എന്നാണ് ഉലമാക്കൾ അതിനെക്കുറിച്ച് പറഞ്ഞത് . (അൽഹാവി-2/166) പ്രസ്തുത ഉലമാക്കളിൽ ചിലരെ മാത്രം താഴെ ഉദ്ധരിക്കുകയാണ്.

1). ശൈഖ് മുഹ്‌യുദ്ദീൻ ഇബ്നു അറബി(റ). നബി(സ)യുടെ നിർത്തലാക്കപ്പെട്ട നുബൂവ്വത്ത് ശരീഅത്തോടെയുളള നുബുവ്വത്താണ്. അല്ലാതെ നുബുവ്വത്തിന്റെ സ്ഥാനം തന്നെ നിർത്തലാക്കിയെന്നല്ല. 'രിസാലത്തും നുബുവ്വത്തും നിലച്ചുകഴിഞ്ഞു ഇനി എനിക്കുശേഷം റസൂലുമില്ല നബിയുമില്ല' എന്ന് നബി (സ) പറഞ്ഞ തിനർഥം എന്റെ ശരീഅത്തിന് എതിരായുള്ള ശരീഅത്തുമായി ഒരു നബിയും വരികയില്ല എന്നാണ്... ഒരു റസൂലുണ്ടാകില്ല എന്ന് പറഞ്ഞതിനർഥം മറ്റൊരു ശരീഅത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന ഒരു റസൂലുമുണ്ടാകില്ല എന്നാണ്. ഇതാണ് നിർത്തലാക്കിയത്. ഇതിന്റെ വാതിലാണ് അടക്കപ്പെട്ടത്. അല്ലാതെ നുബുവ്വത്തിന്റെ സ്ഥാനം തന്നെ നിർത്തലാക്കിയെന്നല്ല.. ശരീഅത്തിന്റെ അവതരണം നിർത്തലാക്കപ്പെട്ടിട്ടുണ്ടെങ്കിലും അന്ത്യദിനം വരെ സൃഷ്ടികളിൽ നുബുവ്വത്ത് നടപ്പിലാക്കുന്നതാണ് . (ഫുതുഹാത്തുൽ മക്കിയ്യ-2/73)

2. ഇമാം ശഅ്റാനി (റ):- എനിക്ക് ശേഷം നബിയും റസൂലുമില്ലെന്ന് നബി (സ) പറഞ്ഞതിന്റെ ഉദ്ദേശം എനിക്ക് ശേഷം പുതിയ ശരീഅത്തുള്ള നബിയുണ്ടാവില്ല എന്നാണ് . (അൽയവാഖീത്തുവൽജവാഹിർ-2/42)

3. മുല്ലാഅലിയ്യുൽ ഖാരി(റ):- ഖാതമുന്നബിയ്യീൻ എന്ന് അല്ലാഹു പറഞ്ഞതിനോട് ഇത് ഒരിക്കലും എതിരല്ല. കാരണം ആ പറഞ്ഞതിനർഥം തന്റെ ശരീഅത്തിനെ ദുർബലപ്പെടുത്തുന്ന തന്റെ സമുദായത്തിൽപെടാത്ത ഒരു നബിയും വരികയില്ല എന്നാണ് . (മൗദൂആത്ത് കബീർ-58,59)

4. ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി(റ):- നബി(സ)യിലൂടെ നബിമാർക്ക് അന്ത്യം കുറിച്ചു എന്ന് പറയുന്നതിന്റെ അർഥം ജനങ്ങളിൽ സ്വന്തം ശരീഅത്ത് നടപ്പിലാക്കാൻ കൽപ്പിക്കുന്ന ഒരാളും ഉണ്ടാകില്ല എന്നാണ്. (തഫ്ഹീമാത്തുൽ ഇലാഹിയ്യ-53).

5. ഹദ്റത്ത് ആയിശ(റ):- നബി(സ) അമ്പിയാക്കളുടെ ഖാത്തമാണെന്ന് നിങ്ങൾ പറഞ്ഞോളൂ. അദ്ദേഹത്തിനു ശേഷം നബിയില്ല എന്ന് നിങ്ങൾ പറയരുത് . (ദർറുൽമൻസൂർ-5/204)

മേൽ വിവരണങ്ങളിൽ നിന്ന് വളരെ സ്പഷ്ടമായി നമുക്ക് മനസ്സിലാകുന്ന ഒരു വസ്തുത ഇതാണ്. മുഹമ്മദ് നബി (സ)യോടെ ശരീഅത്തിന്റെ അവതരണം അവസാനിച്ചു. എന്നാൽ നുബുവ്വത്തിന്റെ അനുഗ്രഹം അവസാനിച്ചിട്ടില്ല. ഒരിക്കലും അവസാനിക്കുകയുമില്ല. നുബുവ്വത്തിനെ സംബന്ധിച്ചുള്ള ഈ യാഥാർഥ്യം വിശുദ്ധ ഖുർആന്റെ മറ്റ് പല ആയത്തുകളിലൂടെയും നമുക്ക് വ്യക്തമാകുന്നുണ്ട്. ഖുർആൻ ഒരിടത്ത് പറയുന്നു.

**മലക്കുകളിൽ നിന്നും മനുഷ്യരിൽ നിന്നും അല്ലാഹു ദൂതന്മാരെ തെരഞ്ഞെടുക്കുന്നു. നിശ്ചയം അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു. (ഹജ്ജ്-76)**

ഇവിടെ തിരഞ്ഞെടുക്കുന്നു എന്ന അർഥം കൊടുത്തിരിക്കുന്ന യസ്ഫീ എന്ന അറബി പദം മുദ്വാരിഅ് എന്ന പദഘടനയിലാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ ഘടനയിൽ വരുന്ന ക്രിയകൾ മൂന്ന് അർഥങ്ങളിൽ ഉപയോഗിക്കപ്പെടാറുണ്ട്. ഒന്ന് തത്സമയം നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനത്തെക്കുറിക്കാൻ, രണ്ട് ഭാവിയിൽ വരാൻ പോകുന്ന പ്രവർത്തനത്തെക്കുറിക്കാൻ, മൂന്ന് സ്ഥിരമായി നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവർത്തനത്തെക്കുറിക്കാൻ. ഈ ആശയത്തിൽ വന്ന യസ്ത്വഫീ എന്ന മുദാരി മൂന്നാമത്തെ അർഥത്തിലാണ് ഉപയോഗിച്ചിട്ടുളളത്. അതായത് മലക്കുകളിൽ നിന്നും മനുഷ്യരിൽ നിന്നും ആവശ്യാനുസൃതം ദൂതന്മാരെ നിയോഗിക്കുക എന്നത് അല്ലാഹുവിന്റെ ഒരു സ്ഥിരം ചര്യ(രീതി)യാണ്.

മറ്റ് രണ്ട് അർഥങ്ങളും ഇവിടെ ശരിയാവില്ല എന്ന് വ്യക്തമാണ്. കാരണം വർത്തമാന കാലത്തെക്കുറിച്ചാണെങ്കിൽ, ആ കാലത്ത് മനുഷ്യരിൽ നിന്ന് അല്ലാഹു തിരഞ്ഞെടുത്ത ഏക ദൂതൻ മുഹമ്മദ് നബി(സ) മാത്രമായിരുന്നു. പക്ഷേ ആയത്തിൽ പറയുന്നത് ദൂതന്മാർ എന്നാണ്. നബി(സ)യെ സംബന്ധിച്ച് മാത്രം ദൂതന്മാർ എന്ന് പറയുകയില്ലല്ലോ. മാത്രമല്ല ഈ ആയത്തിറങ്ങുന്നതിന് വർഷങ്ങൾക്കുമുമ്പ് തന്നെ മുഹമ്മദ് നബി(സ)യെ അല്ലാഹു നിയോഗിച്ചതുമാണ്. ഭാവികാലത്തിനെ കുറിക്കുന്ന അർഥവും ശരിയാവില്ല. കാരണം അതിൽ മുൻകഴിഞ്ഞ പ്രവാചകന്മാർ ഉൾപ്പെടുകയില്ല. മറ്റൊന്ന് ഈ ആയത്തിന്റെ തൊട്ട് ശേഷം വരുന്ന ആയത്തിൽ അവരുടെ മുമ്പിലുള്ളതും പിമ്പിലുളളതും അല്ലാഹു അറിയുന്നു എന്ന് പറയുന്നു. ഇവിടെ അല്ലാഹു അറിയുന്നു എന്നതിന് അവൻ ഇപ്പോൾ മാത്രം അറിയുന്നു എന്ന് അർഥം പറയാൻ പറ്റുകയില്ലല്ലോ. കാരണം അവൻ എപ്പോഴും അറിയുന്നു എന്നതിൽ നമുക്ക് തർക്കമില്ല. യഅ്‌ലമു എന്ന മുദാരി ഘടനയാണ് ഇവിടേയും അല്ലാഹു ഉപയോഗിച്ചത്.

ദൂതന്മാരെ നിയോഗിക്കുക എന്നുളളത് ദൈവീകചര്യയായതുകൊണ്ട് ശേഷവും അല്ലാഹു ദൂതന്മാരെ നിയോഗിക്കും എന്ന് വ്യക്തമാകുന്നു. കാരണം അല്ലാഹുവിന്റെ ചര്യയെ സംബന്ധിച്ച് അവൻ തന്നെ പറയുന്നത് **അവന്റെ ചര്യക്ക് മാറ്റം സംഭവിക്കുക എന്നത് നീ ഒരിക്കലും കണ്ടെത്തുകയില്ല (സുറ: അഹ്സാബ്-62, ഫാത്വിർ-43)** എന്നാണ്. അതുകൊണ്ട് ദൂതന്മാരെ നിയോഗിക്കുക എന്ന അല്ലാഹുവിന്റെ ചര്യ ഭാവിയിലും ആവശ്യാനുസൃതം അവൻ തുടരുകയാണ്.

ശരീഅത്തോടുകൂടിയുള്ള നബിയെ

നിയോഗിക്കലും അല്ലാഹുവിന്റെ ചര്യ യല്ലേ? അതെന്ത്കൊണ്ട് അല്ലാഹു മാറ്റം വരുത്തി എന്ന് ആർക്കെങ്കിലും സംശ യമുണ്ടെങ്കിൽ, പ്രവാചകന്മാരെ നിയോ ഗിക്കുന്നതിനുള്ള അല്ലാഹുവിന്റെ ചര്യ എങ്ങനെയാണെന്ന് മനസ്സിലാക്കാത്തത് കൊണ്ടാണീ സംശയം എന്നാണ് മറു പടി. ശരീഅത്ത് നിലവിലില്ലെങ്കിലോ ഉള്ള ശരീഅത്ത് അപൂർണമാവുകയോ ദുർബലപ്പെടുകയോ ചെയ്യുമ്പോഴാണ് അല്ലാഹു പുതിയ ശരീഅത്തുമായി നബിയെ നിയോഗിക്കാറുള്ളത്. അതേ സമയത്ത് ഇങ്ങനെയൊന്നും സംഭവിച്ചി ല്ല. മറിച്ച് ജനങ്ങൾ ശരീഅത്ത് മറന്ന് കളയുകയും ദുഷ്കർമികളായി മാറു കയും ചെയ്യുമ്പോൾ മുമ്പുള്ള ശരീഅ ത്തിനെ പുനസ്ഥാപിക്കാനും ജനങ്ങളെ സംസ്ക്കരിക്കാനും വേണ്ടി ശരീഅത്തി ല്ലാത്ത നബിയെയാണ് അല്ലാഹു നിയോഗിക്കാറുള്ളത്. താഴെപ്പറയുന്ന ആയത്തിൽ മേൽപറഞ്ഞ കാര്യങ്ങൾ വിശുദ്ധഖുർആൻ തന്നെ വ്യക്തമാക്കു ന്നുണ്ട്.

**വല്ല ന്യായപ്രമാണവും നാം ദുർബ ലപ്പെടുത്തുകയോ അല്ലെങ്കിൽ വിസ്മ രിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പകരം ഉത്തമമായത് അല്ലെങ്കിൽ അതിനു തുല്യമായത് നാം കൊണ്ട് വരുന്നതാണ്. നിനക്കറിഞ്ഞുകൂടെ അല്ലാഹു എല്ലാകാര്യത്തിനും കഴിവു ള്ളവനാണെന്ന്? (അൽബഖറ-107)**

ഒരു ന്യായപ്രമാണം ദുർബലപ്പെടു ത്തുമ്പോഴാണ് അതിനേക്കാൾ ഉത്തമ മായ മറ്റൊരു ന്യായപ്രമാണം അവൻ കൊണ്ട് വരുന്നത്. അപ്പോൾ പുതിയ ന്യായപ്രമാണവുമായിട്ട് അവൻ ദൂത ന്മാരെ പറഞ്ഞയക്കുന്നു. അതേ സമ യത്ത് ന്യായപ്രമാണം ദുർബലപ്പെടു ത്തുന്നില്ല. മറിച്ച് വിസ്മരിപ്പിക്കുകയാ ണെങ്കിൽ, അതായത് ജനങ്ങൾ അതിനെ വിസ്മരിച്ച് സ്വേച്ഛയെ അനുഗമിക്കു മ്പോൾ അതേ ശരീഅത്ത് തന്നെ അവൻ കൊണ്ടു വരുന്നു. അപ്പോൾ അതേ ശരീഅത്തിനെത്തന്നെ പുനസ്ഥാ പിക്കാൻ അവൻ ദൂതന്മാരെ പറഞ്ഞയ ക്കുന്നു. ഈ ചര്യകളൊന്നും അല്ലാഹു മാറ്റം വരുത്തിയിട്ടില്ല.

മുഹമ്മദീശരീഅത്തിന്റെ മാനദ ണ്ഡമായ വിശുദ്ധഖുർആൻ ഒരിക്കലും അപൂർണമാവുകയോ ദുർബലപ്പെടു കയോ ഇല്ല എന്ന് നാം മുമ്പ് മനസ്സിലാ ക്കിയതാണ്. അതേ സമയത്ത് വിശുദ്ധ ഖുർആൻ അതായത് മുഹമ്മദ് നബി(സ) കൊണ്ട് വന്ന ഈ ശരീഅത്ത് വിസ്മരിക്കപ്പെടുമോ? അതാണ് നമു ക്കിനി പരിശോധിക്കാനുള്ളത്. ഒരു പ്രവാചകന്റെ ആഗമനത്തിന് മൂന്നി ലൊരു കാരണം കൂടാതെ വയ്യ എന്നാണ് ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ സയ്യിദ് മൗദൂദി തന്നെ പറ യുന്നത്. അതിൽ ഒന്നാമതായിത്തന്നെ അദ്ദേഹം പറയുന്ന കാരണമിതാണ്.

ആദ്യപ്രവാചകന്റെ അദ്ധ്യാപനങ്ങൾ നാമാവശേഷമായിപ്പോവുകയും അവയെ പുനരുജ്ജീവിപ്പിക്കേണ്ടതാവ ശ്യമായി വരികയും ചെയ്യുക. (ഇസ്‌ലാം മതം-പേജ് 62). ഈ കാരണം തന്നെ ഈ സമുദായത്തിൽ സംഭവിക്കു മെന്നും ഇതിനകം തന്നെ സംഭവിച്ചതാ ണെന്നും ഇസ്‌ലാമിക പ്രമാണങ്ങളും അനുഭവങ്ങളും സാക്ഷ്യം വഹിക്കുന്ന തിനു പുറമേ സയ്യിദ് മൗദൂദിയടക്കം സമുദായ നേതാക്കളെല്ലാം സമ്മതിച്ചതു മാണ്. ഏതാനും പ്രമാണങ്ങൾ ഉദാഹ രണത്തിനായി മാത്രം താഴെ കൊടുക്കു ന്നു.

ഈ സമുദായത്തിലെ ആളുകൾ ഒരു കാലഘട്ടത്തിൽ വിശുദ്ധഖുർആനി നോട് കാണിക്കുന്ന സമീപനം അല്ലാ ഹുവിന്റെ മുമ്പിൽ വ്യക്തമാക്കുന്നതി ങ്ങനെയാണ്.

**ഈ പ്രവാചകൻ (മുഹമ്മദ് നബി(സ)) പറയും, എന്റെ സമുദായം ഈ ഖുർആനിനെ അവഗണിച്ചുകള ഞ്ഞല്ലോ നാഥാ! (ഫുർഖാൻ-30)**

വിശുദ്ധഖുർആനിനെ അവഗണി ക്കൽ എങ്ങനെയൊക്കെയുണ്ടാവു മെന്ന് ഈ ആയത്തിന്റെ വ്യാഖ്യാന ത്തിൽ ഇബ്നുകസീർ തന്റെ തഫ്സീർ ഗ്രന്ഥത്തിൽ പറയുന്നതിങ്ങനെയാണ്.

ഖുർആൻ വായിച്ചുകൊടുക്കു മ്പോൾ അത് കേൾക്കാതിരിക്കാൻ വേണ്ടി മറ്റ് ശബ്ദമുണ്ടാക്കുക, വിശ്വ സിക്കാതിരിക്കുകയും അംഗീകരിക്കാതി രിക്കുകയും ചെയ്യുക, ഖുർആൻ പഠി ക്കാതിരിക്കുക, മനഃപ്പാഠമാക്കാതിരിക്കു ക, ആശയം ചിന്തിക്കുകയും ഗ്രഹിക്കു കയും ചെയ്യാതിരിക്കുക, ഖുർആനനു സരിച്ച് പ്രവർത്തിക്കാതിരിക്കുക, ഖുർ ആനിനെ വിട്ട് മറ്റ് വാക്കുകളിലേക്കോ പാട്ടുകളിലേക്കോ സംഗീതങ്ങളി ലേക്കോ വിനോദങ്ങളിലേക്കോ സംസാ രവിഷയങ്ങളിലേക്കോ ഖുർആൻ മാന ദണ്ഡമാക്കപ്പെടാത്ത പ്രസ്ഥാനങ്ങളി ലേക്കോ മാറിക്കളയുക ഇവയെല്ലാം തന്നെ ഖുർആനിനെ അവഗണിക്കുന്ന തിൽ ഉൾപ്പെടുന്നതാണ് . (തഫ്സീർ ഇബ്നു കസീർ-6/106)

തന്റെ മതത്തിൽ ചില കലർപ്പുകളു മുണ്ടാകുമെന്നും തന്റേതല്ലാത്ത മാർഗം സന്മാർഗമായി സ്വീകരിക്കുന്ന ജന ങ്ങളും നരകത്തിന്റെ കവാടത്തിൽ നിന്നുകൊണ്ട് പ്രബോധനം ചെയ്യുന്ന വരുമുണ്ടാകുമെന്നും ..അവരെ ആർ അനുസരിച്ചുവോ അവരവനെ നരക ത്തിൽ തള്ളുന്നതായിരിക്കുമെന്നും അവർ പ്രത്യക്ഷത്തിൽ നമ്മുടെ കൂട്ട ത്തിൽ പെട്ടവരും നമ്മുടെ ഭാഷ സംസാ രിക്കുന്നവർ തന്നെയായിരിക്കുമെന്നും (ബുഖാരി-6673) അവരിൽ ചിലയാളുക ളുണ്ടാകും അവർ മനുഷ്യക്കോലം ധരിച്ച പിശാചുക്കളായിരിക്കുമെന്നും (ഫത്ഹുൽബാരി) ഹദീസുകളിലുണ്ട്.

ബനൂ ഇസ്റാഈലിലുണ്ടായിരുന്ന മുഴുവൻ തിന്മകളും ചാണിനു ചാണെ ന്നോണം എന്റെ സമുദായത്തിലും ഉണ്ടാകുന്നതാണ്. എത്രത്തോളമെ ന്നാൽ സ്വന്തം മാതാവിനെ പരസ്യമായി വ്യഭിചരിക്കുന്നവർ അവരിലുണ്ടെങ്കിൽ അത് ചെയ്യുന്നവരും എന്റെ സമുദായ ത്തിലുണ്ടാകും തീർച്ച. ബനൂ ഇസ്റാ ഈൽ എഴുപത്തിരണ്ട് വിഭാഗമായി ഭിന്നിച്ചു. എന്റെ സമുദായം ശേഷം എഴുപത്തിമൂന്ന് വിഭാഗമായി ഭിന്നിക്കും. ഒരു വിഭാഗം ഒഴികെ മററ് മുഴുവൻ കക്ഷികളും നരകത്തിലായിരിക്കും. (തിർമുദി-2779).

തീർച്ചയായും ജനങ്ങളിൽ ഒരു കാലം വരും. അന്ന് ഇസ്‌ലാമിന്റെ നാമവും ഖുർആന്റെ ലിപിയും മാത്രം അവശേഷിക്കും. അവരുടെ പള്ളികൾ സുസജ്ജമായിരിക്കും. എങ്കിലും അവ ഭക്തിശൂന്യമായിരിക്കും. അവരുടെ പണ്ഡിതന്മാർ ആകാശത്തിൻ കീഴിൽ ഏറ്റവും നികൃഷ്ടരായിരിക്കും. അവ രിൽ നിന്നായിരിക്കും നാശത്തിന്റെ തുട ക്കം. അവരിലേക്ക് തന്നെയായിരിക്കും അതിന്റെ മടക്കവും . (മിശ്ക്കാത്ത് കിതാബുൽ ഇൽമ്-38)

ഒരു ശരീഅത്ത് ഇത്തരത്തിൽ വിസ്മരിക്കപ്പെടുമ്പോഴാണ് അല്ലാഹു അതിനെ പുനസ്ഥാപിക്കാൻവേണ്ടി പുതിയ ശരീഅത്തില്ലാത്ത ദൂതന്മാരെ നിയോഗിക്കുന്നത്. മുഹമ്മദീ ശരീഅ ത്തിനും ഈ ഒരവസ്ഥ ജനങ്ങളാൽ സംജാതമാകുമെന്ന് അല്ലാഹുവും റസൂലും തന്നെ വ്യക്തമാക്കുന്നു. അതു കൊണ്ട് മുഹമ്മദ് നബി(സ)യുടെ സമു ദായത്തിൽ അത്തരം ഘട്ടങ്ങളിൽ പുതി യ ശരീഅത്തില്ലാത്ത ദൂതന്മാരെ അല്ലാഹു നിയോഗിക്കുന്നു. ഇത്തരം ഒര വസ്ഥ ഇതിനകം ഈ സമുദായത്തിൽ സംഭവിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് സമുദായ ത്തിലെ കഴിഞ്ഞകാല നേതാക്കന്മാർ തന്നെ തുറന്ന് സമ്മതിച്ച ശതക്ക ണക്കിന് ഉദ്ധരണികളിൽ നിന്ന് ഏതാനും ലിഖിതങ്ങളും കൂടെ താഴെ ചേർക്കുന്നു.

1. സനാഉല്ലാ സാഹിബ് അമൃതസരി പറയുന്നു. അല്ലാഹു ആയിരക്കണക്കായ പ്രവാചകന്മാരെ ഏതേതു അന്ധവിശ്വാസങ്ങളെ ഖണ്ഡിക്കുന്നതിനായിട്ടാണോ അയച്ചിരുന്നത്, അതേതരത്തിലുള്ള ആശ്ചര്യകരങ്ങളായ അന്ധവിശ്വാസങ്ങളെല്ലാം ഈ നാമമാത്ര മുസ്‌ലിംകൾ കൈക്കൊണ്ടിരിക്കുകയാണ് .(തഫ്സീർ സനായി-1/97) ഖുർആൻ നമ്മിൽനിന്നു കേവലം ഉയർന്നു പോയിരിക്കുന്നുവെന്നത് വാസ്തവമാണ്. നാം ഖുർആനിൽ പേരിനു മാത്രം വിശ്വസിക്കുന്നുവെങ്കിലും സത്യമായും ഹൃദയത്തിൽ നാം അതിനെ കേവലം സാമാന്യവും നിഷ്പ്രയോജനവുമായ ഒരു ഗ്രന്ഥമായിട്ടാണ് കരുതുന്നത്. (അഹ്‌ലെഹദീസ് 14-06-1912)

2. ബൈത്തുൽ മുഖദ്ദസിൽ കൂടിയ അഖിലരാജ്യ മുസ്‌ലിം കൗൺസിലിൽ പലസ്തീനിലെ മുഫ്തിഅഅ്സം പറയുകയുണ്ടായി. ...മുസ്‌ലിംകൾ മതകാര്യം വെടിയുകയും ഖുർആന്റെ ഉപദേശത്തിൽ നിന്ന് അകലുകയും ചെയ്തപ്പോൾ അവരുടെ സ്ഥിതി മോശപ്പെട്ട് തുടങ്ങി . (ഫലസ്തീനുൽ അറബിയ്യ. 17-12-1931)

3. തിരുവനന്തപുരത്തുനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന മുസ്‌ലിംമിത്രം മാസികയിൽ ഇങ്ങനെ പറഞ്ഞു. ജൂതന്മാരുടെ സകല ലക്ഷണങ്ങളും നമ്മിലും കണ്ടു തുടങ്ങിയിരിക്കുന്നു... പരിശുദ്ധ ഖുർആനെ നാം പൂർണമായും കൈവെടിഞ്ഞിരിക്കുന്നു. നബി (സ) അവർകളുടെ ജീവിതചര്യകൾ നമ്മുടെ സ്മൃതിപഥത്തിൽ നിന്ന് മറഞ്ഞുകഴിഞ്ഞു . (വാല്യം 1/314,315)

4. മൗലാനാ അബുൽ കലാം ആസാദ് ഇങ്ങനെ പറഞ്ഞിരിക്കുന്നു. യഹൂദരും നസ്റാണികളും വഴികേടിലേക്ക് എത്ര ചുവടുകൾ വച്ചിരിക്കുന്നുവോ അത്രയും ചുവടുകൾ എണ്ണിയെണ്ണി മുസ്‌ലിംകളും വെച്ചിരിക്കുന്നു. ഇങ്ങേയറ്റം അവർ ഒരു ഉടുമ്പിന്റെ പൊത്തിൽ പ്രവേശിച്ചുവെങ്കിൽ അതിൽ നിങ്ങളും കടന്ന് ചെല്ലും എന്ന് പറഞ്ഞ ആ സമയവും വന്നുകഴിഞ്ഞു. ഇവയെല്ലാം ഇന്നു നമ്മുടെ കണ്ണാൽ കണ്ട് വരുന്നു.. (തദ്കിറ:ഭാ 264)

5. മഹാകവി സർ അല്ലാമാ ഇഖ്ബാൽ തന്റെ ഒരു കവിതയിൽ പറയുന്നു. മുസ്‌ലിംകളുടെ ഇടയിൽ ദേവാനുരാഗമാകുന്ന അഗ്നി കെട്ട് പോകുകയും അന്ധകാരം വ്യാപിച്ചിരിക്കയുമാണ്. ഇന്നുള്ളവർ മുസ്‌ലിംകളല്ല. വെറും ചാമ്പൽ കൂമ്പാരമത്രെ! (ബാങ്കെദറാ)

6. അല്ലാമ: സിദ്ധീഖ് ഹസൻ പറയുന്നു. ഇന്നു ഇസ്‌ലാമിന്റെ പേരും ഖുർആന്റെ എഴുത്തും മാത്രമെ ശേഷിപ്പുള്ളൂ. ബാഹ്യ നിലയിൽ നോക്കുമ്പോൾ പള്ളികൾ ജനബാഹുല്യങ്ങളാണെങ്കിലും അവ കേവലം ഭക്തിശൂന്യങ്ങളായിത്തീർന്നിരിക്കയാണ്. സമുദായത്തിലെ ഉലമാ എന്ന പണ്ഡിതവർഗം ആകാശത്തിൻ കീഴിൽ ഏറ്റവും നികൃഷ്ടരായി ഭവിച്ചിരിക്കുന്നു. അവരിൽ നിന്ന് സകല കുഴപ്പങ്ങളും ഛിദ്രങ്ങളും ഉദ്ഭവിക്കുകയും അവ അവരിലേക്കു തന്നെ മടങ്ങിച്ചെല്ലുകയും ചെയ്യുന്നു. (ഇഖത്‌റാബുസ്സാഅ:ഭാ-12)

മുൻ കാലഘട്ടത്തിലുണ്ടായിട്ടുള്ള അധ:പതനങ്ങൾക്ക് പരിഹാരം കാണാനും സമുദായത്തെ ഉദ്ധരിക്കാനും കേവലം മുജദ്ദിദുമാർ മതിയായിരുന്നുവെങ്കിൽ ഈ ആധുനികയുഗ ഗത്തിൽ പ്രവാചകന്റെ പ്രവചനങ്ങൾ പരിപൂർണമായും പുലർന്ന മുസ്‌ലിം സമുദായത്തെ ഉദ്ധരിക്കാൻ നുബുവ്വത്തിന്റെ പദവി ലഭിച്ചവർക്കല്ലാതെ സാധിക്കുകയില്ലെന്നും ഇസ്‌ലാമികപ്രമാണങ്ങൾക്കു പുറമെ സമുദായനേതാക്കൾക്കും തുറന്ന് സമ്മതിക്കേണ്ടി വന്നിട്ടുണ്ട്. ഉദാഹരണമായി സയ്യിദ് മൗദൂദി തന്നെ പറയുന്നു.

അധികം പേരും ഇഖാമത്തുദ്ദീനിനു വേണ്ടി ഒരു പരിപൂർണ മനുഷ്യനെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അതായത് അവർക്ക് ഇന്ന് ഒരു നബിയെയാണാവശ്യം. നാവുകൊണ്ട് ഖത്തമുന്നബുവ്വത്ത് എന്നുരുവിടുന്നുവെങ്കിലും, നബി(സ) തിരുമേനിക്കു ശേഷം മറ്റൊരു നബിവരാമെന്ന് പറയുന്നവന്റെ നാവ് പിഴുതെടുക്കുവാൻ ഒരുമ്പെടുന്നുവെങ്കിലും അവരുടെ ഹൃദയം-മനസ്സാക്ഷി ഒരു നബിയുടെ ആവശ്യകതയെ മന്ത്രിച്ചുകൊണ്ടിരിക്കുകയാണ്. നബിയിൽ കുറഞ്ഞ ഒന്നിലും അവർ തൃപ്തരല്ല .(തർജ്ജുമാനുൽ ഖുർആൻ ഡിസം-42)

മൗലാനാ അബുൽ ഹസൻ അലി നദ്‌വി പറയുന്നു. ആധുനിക ഇസ്‌ലാമിക ചരിത്രത്തിൽ ബുദ്ധിപരമായ അസ്വസ്ഥതയും സംഘർഷർവും പാരമ്യം പ്രാപിച്ച പത്തൊമ്പതാം നൂറ്റാണ്ട് അതുല്യ പ്രാധാന്യമുള്ളതാണ്. ഈ അസ്വസ്ഥതകളുടേയും സംഘർഷങ്ങളുടേയും മുഖ്യകേന്ദ്രം ഇന്ത്യയിലായിരുന്നു. പാശ്ചാത്യവും പൗരസ്ത്യവുമായ സംസ്കൃതികളുടേയും പഴയതും പുതിയതുമായ വിദ്യാഭ്യാസ സമ്പ്രദായങ്ങളുടേയും ലോകവീക്ഷണങ്ങളുടേയും ഇസ്‌ലാമിന്റേയും ക്രിസ്തുമതത്തിന്റേയും തീക്ഷ്ണമായ അതിജീവന സമരത്തിന്റേയും രംഗഭൂമിയായിരുന്നു ഈ രാജ്യം. ക്രിസ്തുമത്തിലേക്കുള്ള പരിവർത്തന സംരംഭങ്ങൾ ഇന്ത്യയിൽ ആരംഭിക്കുകയും സന്ദേഹവാദവും നിരീശ്വരത്വവും ഭീഷണരൂപം കൈക്കൊള്ളുകയും ചെയ്തു. ആഭ്യന്തരസ്ഥിതി അതിലേറെ പരിതാപകരമായിരുന്നു. മുസ്‌ലിം കക്ഷികളുടെ വിഭാഗീയത ഭയാനകമായ ഒരു പതനത്തിലെത്തി. മുസ്‌ലിംകൾക്ക് പൊതുവെ നൈരാശ്യം ബാധിക്കുകയും പരാജയബോധത്തിന് ഇരയായിത്തീരുകയും ചെയ്തു. ഒരു സാധാരണ പ്രക്രിയയുടെ നവീകരണത്തിന്റേയും പരിവർത്തനത്തിന്റേയും സാധ്യതകളെക്കുറിച്ച് മുസ്‌ലിംകൾ ഭിന്നാശയരാവുകയും ധാരാളം പേർ ഒരു ദൈവപുരുഷന്റെ ആഗമനത്തിൽ കണ്ണുംനട്ടുകൊണ്ടിരിക്കുകയും ചെയ്തു.(ഖാദിയാനിസം ഒരു ക്രിട്ടിക്കൽ സ്റ്റഡി)

ചുരുക്കത്തിൽ പരിപൂർണവും സർവകാലികവും സാർവജനീനവുമായ മുഹമ്മദീ ശരീഅത്തിന് അവസാനയുഗത്തിൽ സംഭവിക്കുമെന്ന് വിശുദ്ധഖുർആനും നബിവചനങ്ങളും പ്രവചിച്ച അധ:പതനാവസ്ഥ സംഭവിച്ചിട്ടുണ്ടെന്നും ഇതിന്റെ ഏറ്റവും ശ്രദ്ധേയമായ കാലം പത്തൊമ്പതാം നൂറ്റാണ്ടാണെന്നും മുഖ്യകേന്ദ്രം ഇന്ത്യയാണെന്നും കൂടാതെ ഇതിന് പരിഹാരം കാണാനും സമുദായത്തിനെ ഉദ്ധരിക്കാനും ഒരു നബിക്കല്ലാതെ സാധിക്കുകയില്ല എന്നും സമുദായത്തിലെ തന്നെ പ്രമുഖ നേതാക്കന്മാരും പണ്ഡിതൻമാരും നമ്മെ ഉണർത്തുന്നു. അല്ലാഹുവും തന്റെ റസൂൽ(സ)യും ഈ ഉമ്മത്തിന് ഇത് വാഗ്ദാനം നൽകിയതുമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ അതായത് 1835-ൽ, ഇന്ത്യയിൽ തന്നെ, അക്കാലത്തെ സർവമതരംഗത്തിന്റേയും യുദ്ധഭൂമിയായിരുന്ന പഞ്ചാബിൽ, പ്രവാചക വചനങ്ങളിൽ പ്രവചിക്കപ്പെട്ട ഖദ്അ:യിൽ, ഉദയം ചെയ്ത ഹദ്റത്ത് അഹ്മദ്(അ) എന്ന ദൈവീക പുരുഷൻ, അവസാനത്തെ ശരീഅത്താകുന്ന മുഹമ്മദീ ശരീഅത്തിനെ പരിപൂർണമായി അനുധാവനം ചെയ്തുകൊണ്ട് ഒരിക്കലും അവസാനിക്കാത്ത നുബുവ്വത്തിന്റെ സ്ഥാനം കരസ്ഥമാക്കിയ സ്വയം ശരീഅത്തില്ലാത്ത നബി ഈ വാഗ്ദാനത്തിന്റെ പുലർച്ചയാണ്.

●



# ജൂതജനതയും ആധുനിക കാലവും

ഏ.എം.മുഹമ്മദ് സലീം

ചരിത്രത്തിലുടനീളം പീഢനങ്ങളും പ്രവാസ ജീവിതവും നിഴൽ പോലെ പിന്തുടർന്ന ജൂത ജനതയുടെ യേശുവിന് ശേഷമുള്ള ആധുനിക ചരിത്രത്തിന്റെ രേഖാചിത്രം

**ലോ**കത്തിലെ ഏറ്റവും പുരാതന മായൊരു ജനവർഗമാണ് യഹൂദ ജനത. പ്രവാചക കേന്ദ്രിതവും സംഭവബ ഹുലവുമായ അവരുടെ ചരിത്രം വിശുദ്ധ ഖുർആൻ സുദീർഘമായി പ്രതിപാദിക്കുന്നു. ആധുനിക കാലത്തെ യഹൂദികളുടെ രാഷ്ടീയ ചരിത്രത്തിന്റെ ഗതിവിഗതികളെക്കുറിച്ച് ഖുർആനിൽ സൂചനകളുണ്ട്. നൂറ്റാണ്ടുകളായി വമ്പിച്ച പീഢനങ്ങൾക്കും മർദനങ്ങൾ ക്കും ഉന്മൂലനങ്ങൾക്കും വിധേയമായ യഹൂദ ജനതയുടെ ചരിത്രം ചരിത്ര നിയമങ്ങൾക്ക് വിശദീകരണമില്ലാത്ത ഒരു പ്രഹേളികയാണ്. ദൈവം വളരെ യേറെ അനുഗ്രഹങ്ങൾ ചെയ്ത ഒരു ജനതയാണ് ഇസ്റായീൽ വംശം എന്ന് ഖുർആൻ പറയുന്നു. ഇസ്റായീൽ സന്തതികളേ, ഞാൻ നിങ്ങൾക്ക് നൽകി യിട്ടുള്ള എന്റെ അനുഗ്രഹവും ലോക ജനതകളിൽ വെച്ച് നിങ്ങളെ ഞാൻ ഉൽകൃഷ്ടരാക്കിയിരിക്കുന്നതും നിങ്ങൾ സ്മരിക്കുക. (2:123) അപ്ര കാരം നീചസ്ഥായിയിലുള്ള അവരുടെ ചരിത്ര ഭാഗധേയം അവരനുവർത്തിച്ച ധാർമിക വിലോപങ്ങളുടെ തിരിച്ചടിയാണെ ന്നാണ് ഖുർആന്റെ വിശദീകരണം. പ്രവാചകന്മാരോടും സഹജീവിക ളോടും വ്യവസ്ഥാപിത നിയമങ്ങളോടും അവർ കാണിച്ച കടുത്ത ധിക്കാരങ്ങളും കരാർ ലംഘനങ്ങളെയും കുറിച്ചു ഖുർആൻ വിവരിക്കുന്നു.

**അവർ എവിടെ കാണപ്പെട്ടാലും അവരുടെ മേൽ ഹീനത്വം മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു. അല്ലാഹുവിൽ നിന്നോ മനുഷ്യരിൽ നിന്നോ ഉള്ള (സംരക്ഷണ) ഉടമ്പടി മുഖേനയല്ലാതെ (അവർ ഈ ഹീനത്വത്തിൽ നിന്നും സുരക്ഷിതരല്ല.) അല്ലാഹുവിൽനിന്നുള്ള കോപവും കൊണ്ട് അവർ തിരിച്ചിരി ക്കുന്നു. പരാധീനത അവരുടെ മേൽ മുദ്രണം ചെയ്തിരിക്കുന്നു. അല്ലാഹു വിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധി ക്കുകയും പ്രവാചകന്മാരെ അന്യായമാ യ നിലയിൽ കൊല്ലുവാൻ ശ്രമിക്കു കയും ചെയ്യുന്നവരായിരുന്നുവെന്നതാണ് അതിനു കാരണം. ഇത് അവർ ധിക്കരി ക്കുകയും അതിക്രമം പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്തത് കൊണ്ടാകുന്നു. (3:115)**

**തീർച്ചയായും പുനരുത്ഥാന നാൾ വരേക്കും അവരുടെമേൽ കഠിന**

**മർദനങ്ങൾ ഏൽപ്പിക്കുന്നവരെ ഞാൻ എഴുന്നേൽപ്പിക്കുന്നവനാണെന്ന് നിന്റെ നാഥൻ പ്രഖ്യാപിച്ച സന്ദർഭം. നാം അവരെ ഭൂമിയിൽ വിവിധ ജനതയായി പിരിച്ച് വ്യാപിപ്പിച്ചു. അവരിൽ സൽക്കർമകാരികളുണ്ട്. അല്ലാത്തവരുമുണ്ട്. (7:168-169)**

തങ്ങൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട വരിഷ്ഠ ജനതയാണെന്ന മിഥ്യാഭിമാനവും ഗൂഢാലോചനകളും അവരുടെ ഗോത്രീയ ജീവിതത്തിന്റെ ഭാഗമായിരുന്നുവെന്ന് വേദഗ്രന്ഥങ്ങളും ചരിത്രവും ഒരുപോലെ സാക്ഷ്യം വഹിക്കുന്നു. പുരാതന കാലഘട്ടത്തിലും മധ്യകാലഘട്ടത്തിലും ആധുനിക കാലഘട്ടത്തിലും ചരിത്രത്തിലുടനീളം കാണപ്പെട്ട അവർണനീയമായ യഹൂദ പീഢനങ്ങൾ ഖുർആന്റെ ധാർമിക ബദ്ധമായ ചരിത്ര നിയമത്തിന്റെ സാധൂകരണം കൂടിയാണ്.

യേശുവിന്റെ കാലഘട്ടത്തിന് ശേഷം ആധുനിക കാലഘട്ടത്തിലെ യൂറോപ്യൻ നവോത്ഥാനം, ഫ്രഞ്ച് വിപ്ലവം, രാഷ്ട്രീയ സയണിസത്തിന്റെ ആവിർഭാവം, ഇസ്റയേൽ രാഷ്ട്ര രൂപീകരണം, ഗൾഫ് യുദ്ധം എന്നീ സംഭവങ്ങൾ യഹൂദ ചരിത്രത്തിലെ ഗതിവ്യതിയാനങ്ങളെ സൂചിപ്പിക്കുന്നു. യേശുവിന്റെ കാലം മുതൽക്കുള്ള പ്രത്യേകിച്ച് യൂറോപ്പിൽ കുടിയേറിയ യഹൂദന്മാരുടെ ചരിത്രത്തിന്റെ ഒരു രേഖാചിത്രമാണ് ഇവിടെ കുറിക്കുന്നത്.

യഹൂദന്മാർ ക്രിസ്തുവിന് മുമ്പ് തന്നെ യുറോപ്പിൽ കുടിയേറിപ്പാർത്തിരുന്നു. പുരാതന റോമിന്റെ കോളനിയായിരുന്നു പലസ്തീൻ. റോമുമായുള്ള ഈ ബന്ധം കാരണമായിരുന്നു യഹൂദികൾ റോമിൽ എത്തിച്ചേർന്നിരുന്നത്. കച്ചവടവും പലിശ ഇടപാടുകളും ചെയ്തു വന്ന യഹൂദികൾ കുടിയേറ്റ പ്രവണതയുള്ളവരായിരുന്നു. റോമാ സാമ്രാജ്യത്തിൽ 150 സ്ഥലങ്ങളിൽ യഹൂദികൾ പാർപ്പുറപ്പിച്ചിരുന്നതായി ചരിത്രകാരന്മാർ പറയുന്നു.



അഗസ്റ്റസ് സീസർ തിബര്യാസ് നീറോ

### യേശുവിന്റെ കാലത്തെ യഹൂദന്മാർ

റോമിന്റെ കോളനിയായിരുന്ന പലസ്തീനിൽ യേശു ജനിക്കുമ്പോൾ റോം ഭരിച്ചിരുന്നത് അഗസ്റ്റസ് സീസർ എന്നറിയപ്പെടുന്ന ഒക്ടോവിയൻ ആയിരുന്നു. (ക്രി.മു.29-ക്രി.വ14) അഗസ്റ്റസ് സീസറിന് ശേഷം ടൈബരിയാസ് (ക്രി.വ.14-37) റോം ഭരിച്ചു. ബൈബിളിലെ ഗലീലി കടലിന് തിബര്യാസ് തടാകം എന്ന പേര് വന്നത് ഈ റോമൻ ചക്രവർത്തിയോടുള്ള ആദരസൂചകമായിട്ടാണ്. ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു യേശുവിന്റെ കുരിശുസംഭവം. പിലാത്തോസിനെ യഹൂദിയിലെ പ്രോക്യൂറേറ്ററായി നിയമിച്ചതും തിബര്യാസ് ചക്രവർത്തിയായിരുന്നു. പിന്നീട് കയൂസ് (എ.ഡി. 37-41) ഭരിച്ചു. കലിഗുള എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ രാജാവ് ഈജിപ്തിലെ ഫറോവമാരുടെ ആരാധകനായിരുന്നു. താൻ അതു പോലെ ആരാധിക്കപ്പെടണമെന്ന മോഹത്താൽ പലസ്തീനിൽ തന്റെ വിഗ്രഹങ്ങൾ സ്ഥാപിക്കാൻ അദ്ദേഹം പ്രത്യേകം താൽപര്യമെടുത്തു. ഇതിനെതിരെ യഹൂദികൾ കലാപത്തിനൊരുങ്ങിയപ്പോൾ കൂട്ടക്കൊലകൾ അരങ്ങേറുകയുണ്ടായി. പലസ്തീനിൽ പ്രൊക്യൂറേറ്റർ ഭരണം അവസാനിപ്പിച്ച് കലിഗുള ഹെറോദോ രാജാവിന്റെ പൗത്രനായ അഗ്രിപ്പയെ രാജാവാക്കി വാഴിച്ചു. അഗ്രിപ്പയാണ് ഒരു രാജ്യമായി പലസ്തീനെ ഏകീകരിച്ചത്. കലിഗുളക്ക് ശേഷം റോമിൽ രാജാവായത് ക്ലോഡിയസ് (എ.ഇ.41-54)ആയിരുന്നു. ഇദ്ദേഹത്തെ സ്വന്തം ഭാര്യ വിഷം കൊടുത്തു കൊല്ലുകയാണുണ്ടായത്. അതിന് ശേഷം വന്ന രാജാവാണ് നീറോ(54-65). ക്രൂരനും ചിത്തരോഗിയുമായിരുന്നു നീറോ. നീറോ ഭരിക്കുമ്പോഴാണ് പൗലോസ് റോമിലെത്തിയത്. ജൂതമതത്തിന്റെ ഒരു അവാന്തര വിഭാഗമായിട്ടായിരുന്നു ആദിമ ക്രിസ്ത്യാനികൾ അറിയപ്പെട്ടിരുന്നത്. റോമിൽ ക്രിസ്ത്യാനികളെ വമ്പിച്ച തോതിൽ പീഢിപ്പിച്ച നീറോ അവസാനം റോമാ നഗരത്തിന് തീവെച്ച് ആത്മഹത്യ ചെയ്തു. ഈ നാല് റോമൻ രാജാക്കന്മാരും അഗസ്റ്റസ് സീസറുടെ ബന്ധുക്കളും യഹൂദരുടെയും ക്രിസ്ത്യാനികളുടെയും പീഢകരുമായിരുന്നു. ജൂദിയായിലെ റോമൻ പ്രോക്യൂറേറ്റർമാരും രാജാക്കന്മാരും റോമൻ രാജാക്കന്മാരുടെ ഹിതാനുവർത്തികളായിരുന്നു. സ്വയം ആരാധിക്കപ്പെടാൻ ആഗ്രഹിച്ചിരുന്ന അവരുടെ ഇംഗിതങ്ങൾ പലസ്തീനിലെ യഹൂദർക്ക് അത്യധികം അസഹ്യമായിരുന്നു.

യഹൂദികൾ അന്ന് പലസ്തീനിൽ പരീശർ, സെദൂക്യർ, എസ്സീനികൾ എന്നീമൂന്ന് വിഭാഗങ്ങളായിട്ടാണ് വിഭജിക്കപ്പെട്ടിരുന്നത്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയാണെന്ന അവകാശവാദത്തിന് പുറമെ തനത് പാരമ്പര്യത്തിലും സംസ്കാരത്തിലും അഹങ്കരിച്ചിരുന്ന യഹൂദികൾക്ക് റോമൻ സംസ്കാരത്തിന്റെ അടിമത്തവും മതപരമായ കടന്നുകയറ്റവും അവരുടെ ആത്മാഭിമാനത്തെ വല്ലാതെ വ്രണപ്പെടുത്തുകയുണ്ടായി. കൂടാതെ ദുർവഹമായ നികുതിയായിരുന്നു റോമൻ ഭരണാധികാരികൾ പലസ്തീനിലെ യഹൂദികൾക്ക് ചുമത്തിയിരുന്നത്. റോമൻ ക്ഷേത്രത്തിലേക്കുള്ള മതപരമായ ഐച്ഛിക നികുതിയും യഹൂദികൾ കൊടുക്കേണ്ടതുണ്ടായിരുന്നു. ദാവീദിന്റെ പാരമ്പര്യത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് വന്ന് തങ്ങൾക്ക് സ്വന്തമായി ഒരു ഭരണം സമ്മാനിക്കുമെന്ന മധുര പ്രതീക്ഷകൾ ഹൃദയത്തിൽ താലോലിക്കുമ്പോൾ തന്നെ സ്വന്തം നാട്ടിൽ അടിമകളായി കഴിയേണ്ടിവന്നത് യഹൂദികളുടെ സാമൂഹ്യ മനസ്സിനെ അത്യധികം പ്രക്ഷുബ്ധവും വിജ്രംഭിതവുമാക്കി. ഭരണ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാൻ മതമൗലിക വാദികളുടെ നേതൃത്വത്തിൽ ഇടക്കിടെ ഉണ്ടാകുന്ന



പീഢിതരായ യഹൂദ ജനതയ്ക്ക് നേതൃത്വം നല്കുന്ന യൂദാസ് മക്കാബി ചിത്രകാരന്റെ ഭാവനയിൽ


യഹൂദ കലാപങ്ങൾ പലസ്തീനിൽ സാധാരണയായിരുന്നു. ഭരണകൂടത്തിലധിഷ്ഠിതമായ മതമൗലിക വാദത്തിനും വിപ്ലവങ്ങൾക്കും തികച്ചും വിരുദ്ധമായ അദ്ധ്യാപനങ്ങളാണ് യേശു നൽകിയത്. ***വാളെടുത്തവൻ വാളാൽ നശിക്കും (മത്താ:26:52)*** എന്നും ***സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക***(യോഹ: 18:36) എന്നുമുള്ള ഉപദേശങ്ങളും പ്രസ്താവനകളും ഉപമാരൂപത്തിലുള്ള നിരവധി വിവരണങ്ങളും യഹൂദികളുടെ കലാപകലുഷിതമായ അധികാരദുരയെ ശമിപ്പിക്കുന്നതായിരുന്നില്ല. ദൈവനിയുക്തനും അങ്ങേയറ്റം സമാധാന വാദിയുമായിരുന്ന യേശുവിന്റെ അധികാര രാഷ്ട്രീയത്തോടുള്ള ഈ വിമുഖതയായിരുന്നു അദ്ദേഹം നിരാകരിക്കപ്പെടാനുള്ള മുഖ്യകാരണങ്ങളിലൊന്ന്.

യേശു ജനിക്കുന്നതിന് ഒന്നര നൂറ്റാണ്ട് മുമ്പത്തെ ചരിത്രം സാന്ദർഭികമായി അല്പം വിവരിക്കേണ്ടതുണ്ട്. അക്കാലത്ത് ഗ്രീക്കുകാരുടെ അടിമത്തത്തിലായിരുന്നപ്പോൾ പലസ്തീനിലെ യഹൂദികൾ കടുത്ത യവനവത്ക്കരണത്തിന് വിധേയരായി. നിർബന്ധിത മതപരിവർത്തനങ്ങളും യവനദേവന്മാർക്ക് ബലിയർപ്പിക്കലും അവർക്ക് സഹിക്കവയ്യാതായി. അലക്സാണ്ടർ ചക്രവർത്തിയുടെ ഗ്രീക്ക് അധിനിവേശത്തിനുശേഷം പലസ്തീൻ സിറിയൻ രാജാക്കന്മാരുടെ (സെലുക്കസ് രാജാവായ) ഭരണത്തിന് കീഴിലായി. അന്തിയോക്കസ് എപ്പിഫനാ സിസ് എന്ന സെലൂക്കസ് രാജാവ് ഏറ്റവും കിരാതമായ രീതിയിലായിരുന്നു ജൂതന്മാരെ പീഢിപ്പിച്ചത്. അവരുടെ ദേവതകളെ പൂജിക്കാൻ യഹൂദികളെ നിർബന്ധിച്ചു. ബിംബത്തെ ആരാധിക്കാൻ തുനിഞ്ഞ യവനവത്ക്കരിക്കപ്പെട്ട ജൂതനെ മത്തിയാസ് എന്ന ജൂത പുരോഹിതൻ കൊലപ്പെടുത്തിയതോടെയാണ് വിപ്ലവം പൊട്ടിപുറപ്പെട്ടത്. മത്തിയാസ് പിന്നീട് വധിക്കപ്പെട്ടതിന് ശേഷം യൂദാസ് മക്കാബി എന്ന അദ്ദേഹത്തിന്റെ പുത്രന്റെ നേതൃത്വത്തിൽ ക്രി.മു. 165 ൽ നടത്തിയ വിപ്ലവം വിജയിക്കുകയും റോമൻ ആധിപത്യകാലംവരെ ജൂതഭരണം യഹൂദ്യയിൽ സ്ഥാപിതമാവുകയും ചെയ്തിരുന്നു. മക്കാബിയൻ വിപ്ലവവും അതിനെ തുടർന്നുള്ള നൂറു വർഷത്തെ ഭരണവും യഹൂദചരിത്രത്തിലെ രോമാഞ്ചജനകമായ അദ്ധ്യായമാണ്. സോളമന്റെ ഭരണത്തിന് ശേഷമുള്ള സുവർണ കാലമായി അവർ മക്കബിയൻ ഭരണത്തെ കാണുന്നു. യവനവത്ക്കരണത്തിന് വിധേയമായി വിഗ്രഹങ്ങൾ സ്ഥാപിക്കപ്പെട്ട സോളമന്റെ ആരാധനാലയം ശുചീകരിച്ച് വീണ്ടും യഹോവക്ക് സമർപ്പിക്കപ്പെട്ടു. ഇതിന്റെ സ്മരണക്കായി യഹൂദികൾ കൊണ്ടാടുന്ന ആഘോഷമാണ് ഹനൂക്ക ഉത്സവം.(Hanukkah Festivel). പ്രകാശത്തിന്റെ ഉത്സവം എന്നാണ് ഇതിന്റെ അർഥം. ബൈബിളിൽ 'മക്കാബയർ' എന്ന അദ്ധ്യായം ഈ ചരിത്രം വിവരിക്കുന്നു. മക്കാബിയൻ വിപ്ലവത്തിന്റെ സ്മരണകളും യേശുവിന്റെ കാലത്തെ യുവാക്കളിൽ മത മൗലികവാദ ചിന്ത ആളിക്കത്തിച്ചിരുന്നു.

യഹൂദികളുടെ മസീഹായ യേശു വരുന്ന കാലത്ത് യഹുദികളിൽ ദാവീദിന്റെ ഭരണ സംവിധാനം പുനഃസ്ഥാപിക്കാനുള്ള ചിന്ത രൂഢമൂലമായിരുന്നു. വാഗ്ദത്ത മസീഹിന്റെ കാലത്ത് അഥവാ നമ്മുടെ ഇക്കാലത്ത് മുസ്‌ലിംകളിലും മസീഹിനാൽ ഭരണം സ്ഥാപിക്കപ്പെടുമെന്നുള്ള ചിന്ത കലശലാണല്ലോ. അപ്രകാരം ഭരണാധികാരം യഹൂദികളും സ്വപ്നം കണ്ടു. അതിനായി യഹൂദികൾ അക്കാലത്ത് മസീഹിനെ പ്രതീക്ഷിച്ചിരുന്നു. റോമാക്കരുടെ ദുർവഹനികുതിയും, അടിച്ചമർത്തൽ നയവും യഹൂദികളിലെ വിപ്ലവ ചിന്തക്ക് ആക്കം കൂട്ടി. അപ്പോസ്തലനായ പോൾ തന്നെയും അദ്ദേഹത്തിന്റെ റോമൻ ഭ്രമത്തിന് മുമ്പ് ഒരു വിപ്ലവകാരിയായിരുന്നു. ഒന്നാം നൂറ്റാണ്ടിലെ യഹൂദ ചരിത്രകാരനായ ജോസഫസ് ഇത്തരം നിരവധി കലാപങ്ങളെ പറ്റി സൂചിപ്പിക്കുന്നു.



പിലാത്തോസ് യേശുവിനെ വിചാരണചെയ്യുന്നു




റോമിൽ നിർമിച്ച പലസ്തീൻ വിജയസ്തംഭം 'ദ ആർക്ക് ഓഫ് ടൈറ്റസ്'

അതിനിടെ നീറോയുടെ ഭരണകാലത്ത് അഗ്രിപ്പാ രണ്ടാമൻ രാജാവിന്റെ അഗമ്യഗമനങ്ങളുടെ പേരിൽ ഒരു പുതിയ കലാപം ഉയർന്നു വന്നു. നീറോ നിലവിലുള്ള ഗവർണറെ മാറ്റി അൽബിനൂസിനെ ഗവർണറാക്കി (എ.ഡി. 62). കലാപം രൂക്ഷമായി. അൽബിനൂസ് കലാപം അടിച്ചമർത്തി. പലസ്തീനിൽ ആയിരക്കണക്കിന് യഹൂദികൾ കൊല്ലപ്പെട്ടു. നീറോ ചക്രവർത്തി യഹൂദ്യയിലെ ജൂതന്മാരല്ലാത്തവർക്ക് അത്യുന്നതമായ സിവിൽ അധികാരങ്ങൾ നൽകുകയായിരുന്നു. ഈ അധികാരമുപയോഗിച്ചാണ് അവർ സിനഗോഗുകൾക്ക് മുമ്പിൽ കച്ചവട സ്ഥാപനങ്ങൾ സ്ഥാപിച്ചത്. ഭരണാധികാരികളും ഇതിൽ സഹായം ചെയ്തു കൊടുത്തു. ഇത് സംഘർഷങ്ങൾ പൊട്ടിപുറപ്പെടാൻ കാരണമായി. യഹൂദ ലഹളകളെ ഫ്ളോറൻസ് എന്ന പട്ടാള നായകൻ നിഷ്ക്കരുണം അടിച്ചമർത്തി. മുഖ്യ യഹൂദ പുരോഹിതനും പരീശികളും നയപരമായി പ്രശ്നം തീർക്കാൻ ശ്രമിച്ചെങ്കിലും മത മൗലിക വാദികളായ വിപ്ലവകാരികളും വഴങ്ങിയില്ല. അഗ്രിപ്പാരാജാവ് 2000 പേരടങ്ങുന്ന സൈന്യത്തെ അയച്ച് കലാപം അടിച്ചമർത്തി വിപ്ലവകാരികളെ തുരത്തി. യഹൂദ വിപ്ലവകാരികൾ സർക്കാറിന്റെ പ്രധാനപ്പെട്ട ഓഫീസുകളും നികുതി കാര്യാലയങ്ങളും ചുട്ടു ചാമ്പലാക്കി. ഇങ്ങനെ കലാപങ്ങളും വിപ്ലവങ്ങളും യഹൂദികൾക്കിടയിൽ വർധിച്ചു വന്നു.

എ.ഡി. 68 ൽ ജെറുസലെമിൽ ആഭ്യന്തര യുദ്ധം പൊട്ടിപുറപ്പെട്ടു. റോമൻ പട്ടാള കമാന്ററായി പലസ്തീനിൽ വന്ന വെസ്പേഷ്യൻ യഹൂദ സങ്കേതങ്ങളിൽ കടന്നു ചെല്ലുകയും ശമരിയ ജെറിക്കോ, പെറിയ, മെക്കാറൂഡ്, കുമ്റാൻ, എന്നീ പട്ടണങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. ഇതിനിടെ നീറോ ചക്രവർത്തിയുടെ ആത്മഹത്യക്ക് ശേഷം റോമിൽ അരക്ഷിതാവസ്ഥ സംജാതമായി. വെസ്പേഷ്യൻ റോമിലേക്ക് മടങ്ങി. നാലു സൈനിക മേധാവികളായിരുന്നു പിന്നീട് റോമിന്റെ ഭരണം നടത്തിയത്. അതിൽ ഒരാളായിരുന്നു വെസ്പേഷ്യൻ. അസാമാന്യമായ നിശ്ചയ ദാർഢ്യമുള്ളയാളും ശക്തനുമായ വെസ്പേഷ്യൻ റോമൻ സിംഹാസനത്തിന്റെ ഭരണാധികാരിയായി. ജെറുസലേമിൽ യഹൂദ വിപ്ലവം അടിച്ചമർത്താൻ തുടങ്ങുമ്പോഴായിരുന്നു അദ്ദേഹം റോമിന്റെ വിളിക്കുത്തരം നൽകിയത്. താൻ തുടങ്ങിവെച്ച ദൗത്യം പൂർത്തിയാക്കാൻ ഈജിപ്തിൽ സൈനിക സേവനം അനുഷ്ഠിച്ചിരുന്ന തന്റെ മകൻ ടൈറ്റസിനെ വിളിച്ചു വരുത്തി പലസ്തീനിലേക്കയച്ചു. ക്രി. വ. 70 ൽ ടൈറ്റസിന്റെ വെട്ടുകിളികളെ പോലെ റോമൻ പട്ടാളം പലസ്തീനീലേക്ക് ഇരമ്പിക്കയറി. യേശുവിന്റെ താക്കീതുകൾക്ക് ചോരകൊണ്ടുള്ള സാക്ഷാൽക്കാരമായിരുന്നു ടൈറ്റസിന്റെ ആക്ര മണം. എൺപതിനായിരം പട്ടാളക്കാരുമായായിരുന്നു ടൈറ്റസ് ജെറുസലേം വളഞ്ഞത്. 3 ദിവസത്തെ പട്ടാള ഘോഷയാത്രകൾക്ക് ശേഷം രണ്ടാഴ്ചയോളം മൺ ഭിത്തി കൊണ്ട് ചുറ്റുമതിലുള്ള ജെറുസലെം നഗരം ഉപരോധിച്ചു. ഒരോ ദിവസവും അഞ്ഞൂറോളം യഹൂദികളെ കൊന്ന് മൃതദേഹം മൺഭിത്തിക്ക് അകത്തുള്ളവർ കാണുമാറ് എറിയുമായിരുന്നു. ടൈറ്റസിന്റെ സേനയെ പ്രതിരോധിക്കാൻ 23,400 യഹൂദ പോരാളികൾ മാത്രമാണുണ്ടായിരുന്നത്. ആറു ലക്ഷം യഹൂദർ ആ റോമൻ ആക്രമണത്തിൽ കശാപ്പ് ചെയ്യപ്പെട്ടു. സോളമൻ ക്ഷേത്രം അഗ്നിക്കിരയാക്കി ആ അഗ്നിയിലേക്ക് യഹൂദ കുഞ്ഞുങ്ങളെ വലിച്ചെറിഞ്ഞു. സ്ത്രീകളെ ബലാൽസംഗം ചെയ്ത് കൊന്നൊടുക്കി. പുരോഹിതന്മാർ കൂട്ടത്തോടെ വധിക്കപ്പെട്ടു. ജെറുസലെം ജനശൂന്യമായി.. പിടിക്കപ്പെട്ട യഹൂദന്മാരെ റോമിലെ വിജയ ഘോഷയാത്രയിൽ പ്രദർശിപ്പിക്കാൻ അടിമകളാക്കി കൊണ്ടു പോയി.. റോം ഭരണാധികാരികൾ വമ്പിച്ച പ്രാധാന്യം നൽകിയ ഈ യുദ്ധത്തിന്റെ സ്മരണക്കായിട്ടാണ് ക്രി.വ 82 ൽ റോമൻ ചക്രവർത്തി 'ദ ആർക്ക് ഓഫ് ടൈറ്റസ്' (The Arc of Titus)എന്ന പേരിൽ ഈ സ്മാരകം പണിതത്. പിൽക്കാലത്ത് യൂറോപ്പിലെ പല യുദ്ധവിജയ സ്മാരകങ്ങളും ഈ വിജയ ഗോപുരത്തിന്റെ മാതൃകയിലാണ് പണിതത്. (തുടരും)

# സ്വവർഗരതി: ഇസ്‌ലാമിക വീക്ഷണം

സിറാജുൽ ഹഖ്

സ്വവർഗരതി കുറ്റവിമുക്തമാക്കികൊണ്ടുള്ള ഡൽഹി ഹൈക്കോടതി വിധി സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ധാർമികവും ആത്മീയവുമായ മൂല്യങ്ങളിലധിഷ്ഠിതമായ മനുഷ്യന്റെ ലൈംഗിക സദാചാരത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ വ്യക്തമായ മാർഗദർശനം നൽകുന്നു. സ്വവർഗരതി അനാശാസ്യവും ശിക്ഷ അർഹിക്കുന്ന നിയമലംഘനവുമാണെന്നാണ് വിശുദ്ധ ഖുർആന്റെ നിലപാട്.

നിർഭാഗ്യകരമെന്ന് പറയട്ടെ പ്രകൃത്യായുള്ള രീതികളും നിയമാനുസൃത മാർഗങ്ങളും(വിശുദ്ധ ഖുർആന്റെ പ്രയോഗ പ്രകാരം *ഫിത്വ്റത്ത്* അഥവാ പ്രകൃത്യായുള്ള സ്വാഭാവിക രീതി) ലിബറലിസത്തിന്റെ പേരിൽ പ്രകൃതി വിരുദ്ധമായ രീതികളിലേക്ക് തിരിച്ചു പോകുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എബ്രഹാമിന്റെ പാരമ്പര്യമുള്ള മൂന്ന് മതങ്ങളുടെയും വെളിപാട് മുഖേന സ്ഥാപിതമായ എല്ലാ മതഗ്രന്ഥങ്ങളുടെയും അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായ ഒരു നിലപാടാണിത്.

സ്വവർഗരതിയും അത് പോലെയുള്ള മറ്റ് വിവാഹേതര ലൈംഗിക പ്രവർത്തനങ്ങളും നീതി പീഠങ്ങൾ കൈകാര്യം ചെയ്യാൻ തുടങ്ങിയിട്ട് വളരെയേറെ കാലമൊന്നുമായിട്ടില്ല. ഇത്തരം പ്രവർത്തികൾ മനുഷ്യത്വത്തിന് ഹാനികരമാണെന്നും പ്രകൃതി വിരുദ്ധമാണെന്നുമാണ് ഖുർആന്റെ വീക്ഷണം. വികലമായ സ്വാതന്ത്ര്യ ബോധത്തിന്റെ പേരിലും അവകാശങ്ങളുടെ പേരിലും നീതി പീഠങ്ങൾ ഇത്തരം ഹീന ചെയ്തികളെ സംരക്ഷിക്കുകയാണ്.

ഇസ്‌ലാമിക നിയമങ്ങളുടെ പ്രാഥമിക സ്രോതസ്സ് വിശുദ്ധ ഖുർആനാണ്. ആ നിയമങ്ങളാണ് മുസ്‌ലിംകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്. നിർബന്ധമായവ (ഫർള്), ഇഷ്ടമായവ (മുസ്തഹബ്ബ്), അനുവദനീയമായവ (മക്റൂഹ്), നിരോധിക്കപ്പെട്ടത് (ഹറാം) എന്നിങ്ങനെ മുസ്‌ലിംകളുടെ കർമ ശാസ്ത്രം കർമങ്ങളെ വിഭജിക്കുന്നു. സ്വവർഗരതിയേയും പ്രകൃതി വിരുദ്ധ ലൈംഗികതയേയും (സൊഡോമി) അനുചിതമായ എല്ലാ ലൈംഗികാഭാസങ്ങളെയും ആരോഗ്യകരമായ സമൂഹത്തിന് ആശാസ്യകരമല്ലെന്ന് അസന്ദിഗ്ധമായ ഭാഷയിൽ പ്രസ്താവിച്ചിരിക്കുന്നു.

എതിർ ലിംഗങ്ങൾ തമ്മിൽ മാത്രമേ അനുവദനീയമായ ലൈംഗിക ബന്ധം പാടുള്ളുവെന്ന് താഴെകാണുന്ന ഖുർആൻ വചനം പ്രഖ്യാപിക്കുന്നു.

**അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് നിങ്ങൾക്ക് നിങ്ങളുടെ വർഗത്തിൽ നിന്ന് തന്നെ അവൻ ഇണകളെ സൃഷ്ടിച്ചത്. നിങ്ങൾ അവരോട് കൂടി ചേർന്ന് മനസ്സമാധാനം കൈവരുത്താൻ വേണ്ടി. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവുമുണ്ടാക്കുകയും ചെയ്തു എന്നതും (അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്) ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട് (30: 22)** എതിർലിംഗങ്ങൾ തമ്മിലുള്ള നിയമാനുസൃത ലൈംഗിക ബന്ധം അനുവദനീയവും അതിനപ്പുറത്തുള്ളതെല്ലാം ലംഘനങ്ങളുമാണ്.

അനാശാസ്യകരമായ ലൈംഗിക ചേഷ്ഠകളെ സംബന്ധിച്ച് വിവരിക്കുന്ന ഖുർആൻ വചനത്തിൽ പുരുഷന്മാർ തമ്മിലും സ്ത്രീകൾ തമ്മിലുമുള്ള ലൈംഗിക ബന്ധത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്നു. പക്ഷേ അതിനുപയോഗിച്ച പദം അനാശാസ്യകൃത്യം എന്നാണ്.

പ്രാമാണികരായ ഖുർആൻ ഭാഷ്യകാരന്മാരും അർഥവിജ്ഞാനികളും വൈയാകരണന്മാരും അനാശാസ്യകൃത്യം എന്നതിൽ സ്വവർഗരതിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നൈതികമായി ശരിയല്ലാത്തതും അനാശാസ്യകരവുമായ ലൈംഗികവൃത്തിയിലേർപ്പെട്ട സ്ത്രീകളെ പരാമർശിച്ചു കൊണ്ട് സമൂഹം എങ്ങനെയാണ് അത്തരം നീചകൃത്യങ്ങളെ സമീപിക്കേണ്ടത് എന്ന് താഴെ കാണുന്ന ഖുർആൻ വചനത്തിൽ വിവരിക്കുന്നു. ശൈഖ് മുഹമ്മദ് അൽ ഗസ്സാലി (1917–1996) ഈ വചനത്തിന് നൽകിയ വ്യാഖ്യാനത്തിൽ സ്വവർഗരതിക്കാരായ സ്ത്രീകളെയാണ് പ്രസ്തുത വചനത്തിൽ പരാമർശിക്കുന്നതെന്ന് പറയുന്നു.

**നിങ്ങളുടെ സ്ത്രീകളിൽനിന്ന് അനാശാസ്യ പ്രവർത്തിയിലേർപ്പെടുന്ന വരാരോ അവർക്കെതിരെ നിങ്ങളിൽ പ്പെട്ട നാലുപേരെ സാക്ഷി നിർത്തുക അങ്ങനെ അവർ സാക്ഷ്യം വഹിച്ചു കഴിഞ്ഞാൽ മരണം അവരെ പിടികൂടുകയോ അല്ലാഹു അവർക്കായി ഒരു മാർഗം ഉണ്ടാക്കി കൊടുക്കുന്നത് വരെയോ അവരെ (ആ സ്ത്രീകളെ) വീടുകളിൽ തടഞ്ഞു നിർത്തുക.(4:16)**

**നിങ്ങളിൽ നിന്ന് ആ നീച കൃത്യം ചെയ്യുന്ന രണ്ടു പുരുഷന്മാരാരോ അവർ രണ്ടു പേരേയും നിങ്ങൾ പീഢിപ്പിക്കുക. എന്നിട്ട് അവർ ഇരുവരും പശ്ചാത്തപിക്കുകയും സ്വയം തിരുത്തി നന്നാക്കി തീർക്കുകയും ചെയ്തെങ്കിൽ അവരെ വിട്ടയക്കുക. തീർച്ചയായും അല്ലാഹു വളരെയേറെ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാമയനുമാകുന്നു.(4:17)**

ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മൗലാനാ ഹക്കീം നുറൂദ്ദീൻ(റ) ഈ വചനം വ്യാഖ്യാനിച്ചു കൊണ്ട് പറയുന്നു.

അനാശാസ്യ പ്രവർത്തനം നടത്തുന്ന സ്ത്രീയെ തെളിവും കാരണവും കൂടാതെ ശിക്ഷിക്കരുതെന്ന് ഈ വാക്യം വ്യക്തമായും പറയുന്നു. 4 സാക്ഷികൾ അവളുടെ അനാശാസ്യത്തിന് സാക്ഷ്യം നിൽക്കണം. എങ്കിൽ അവളെ അറസ്റ്റ് ചെയ്യാം. ദൈവം അവർക്ക് ഒരു മോചന മാർഗം ഉണ്ടാക്കുന്നത് വരെ. (അതായത് അവർ സ്വഭാവപരമായി സംസ്ക്കരിക്കപ്പെടുകയോ ശരീഅത്തിനകത്ത് അനുവദനീയമായ ഒരു ഇളവ് അവർക്ക് നൽകി കൊണ്ടോ ഒരു മോചന മാർഗം ഉണ്ടാക്കാം) ഭാര്യയും ഭർത്താവും നീച കൃത്യം ചെയ്തെങ്കിൽ അവർ ഇരുവരേയും ശിക്ഷിക്കുക. അവർ അത്തരം അനാശാസ്യ പ്രവർത്തനങ്ങളിൽനിന്ന് വിട്ടുമാറിനിൽക്കുകയാണെങ്കിൽ അവരെ വിട്ടയക്കുക. അവരെ തടഞ്ഞു വെക്കുക എന്ന ശിക്ഷാനിയമം ഭരണകൂടത്തേയും നീതിപാലകരേയും അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണ്.

ഇത്തരത്തിലുള്ള കുറ്റകരമയ പ്രവൃത്തി 4 സാക്ഷികൾ മുഖേന സ്ഥിരീകരിക്കണമെന്നത് വളരെ വ്യക്തമാണ്. ഒരു ലൈംഗിക അനാശാസ്യത്തിന് 4 സാക്ഷികളെ കൊണ്ടു വരിക എന്നത് അസംബന്ധജഡിലമാണെന്ന് ചിലർക്ക് തോന്നാം. വാസ്തവത്തിൽ ശിക്ഷയുടെ കാഠിന്യത്തെ ബാലൻസ് ചെയ്യുവാനാണ് ഒരു ഭാഗത്ത് 4 സാക്ഷികൾ കൊണ്ടുവരണമെന്ന നിബന്ധന വെച്ചിട്ടുള്ളത്. ചില പ്രമാണികരായ ഖുർആൻ ഭാഷ്യകാരന്മാരുടെ അഭിപ്രായത്തിൽ അത്തരം അനാശാസ്യങ്ങൾ നിറഞ്ഞ പകൽ വെളിച്ചത്തിലും അറിയപ്പെടുന്ന രീതിയിലും നടക്കാതിരിക്കാനാണ് ഈ കർശന നിയമം വെച്ചിട്ടുള്ളത്.

ചില ക്ഷമാപണക്കാരും സ്വവർഗരതിയുടെ വക്താക്കളും മേൽപ്പറഞ്ഞ ഖുർആൻ വാക്യം സ്വവർഗ രതിയെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നില്ല എന്ന് പറയുന്നു.

വ്യാകരണപരമായി ആദ്യ വചനം ആരംഭിക്കുന്നത് ***വല്ലാതീ*** (ആ സ്ത്രീകൾ ആരാണോ അവർ) എന്ന് തുടങ്ങുന്ന വചനം സ്ത്രീലിംഗം ബഹുവചനം മൂന്നാം വ്യക്തിയെ സൂചിപ്പിക്കുന്നു. ആ വചനത്തിലെ ഓരോ വാക്കും സ്ത്രീകളുടെ പ്രവർത്തിയെ സംബന്ധിച്ചുള്ളതാണ്. സ്ത്രീകളെ സംബന്ധിക്കുന്ന ഈ ആദ്യ വചനത്തെ തുടർന്ന് വരുന്ന രണ്ടാം വചനം പുരുഷന്മാരെ സംബന്ധിച്ചുള്ളതാണെന്ന് വ്യക്തമാണ്. ***വല്ലദാനീ യഅ്തിയാനിഹാ മിൻക്കും*** നിങ്ങളിൽപ്പെട്ട രണ്ട് പേർ എന്ന പരാമർശം ആദ്യത്തെ വചനത്തിൽ പരാമർശിച്ചവരിൽ നിന്നും തികച്ചും വ്യത്യസ്തമായവരാണെന്നും വ്യക്തമാണ്. കൂടാതെ കാമനിവർത്തിക്കായി പുരുഷന്മാരെ തിഞ്ഞെടുക്കുന്നവരെ അല്ലാഹു പ്രത്യേകം താക്കീത് ചെയ്യുന്നുണ്ട്. താഴെ കൊടുത്ത ഖുർആൻ വചനത്തിൽ മിനൽ ആലമീൻ എന്ന പദം ധ്വനിപ്പിക്കുന്നത് എല്ലാ ലോകങ്ങളിലും ഉൾക്കൊള്ളുന്നതിൽ നിന്നും (മനുഷ്യരിൽ നിന്ന്) അവർ പ്രകൃതി വിരുദ്ധമായതിനെ തിരഞ്ഞെടുക്കുന്നത് എന്നു സാരം. മറ്റൊരു ഖുർആൻ വചനത്തിൽ നിന്ന് ഇത് അനുക്തസിദ്ധമാണ്. ആ വചനം ഇപ്രകാരമാണ്.

**അതഅ്തൂന ദുക്ക്റാന മിനൽ ആലമീൻ (മനുഷ്യനിൽനിന്ന് ആണുങ്ങളുടെ അടുക്കൽ നിങ്ങൾ കാമ നിവർത്തിക്കായി ചെല്ലുകയും) (26:166)**

കാമപൂരണത്തിനായി പുരുഷൻ പുരുഷനെ സമീപിക്കുന്ന ഇത്തരം അറപ്പുളവാക്കുന്ന ഹീന പ്രവർത്തനത്തെ ഖുർആൻ കഠിനമായി അപലപിക്കുന്നു. തുടർന്ന് വരുന്ന വചനങ്ങളിൽ മനുഷ്യന്റെ കാമനിവർത്തിക്കായി നിയമവിധേയ മാർഗത്തിൽ അല്ലാഹു പുരുഷന് സ്ത്രീയേയും സ്ത്രീക്ക് വേണ്ടി പുരുഷനേയുമാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും, സ്ത്രീക്ക് സ്ത്രീയേയും പുരുഷന് പുരുഷനേയല്ലെന്നും വ്യക്തമാക്കുന്നു.

**നിങ്ങളുടെ നാഥൻ നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചിരിക്കുന്ന നിങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കുകയും ചെയ്യുന്നുവോ? അല്ല നിങ്ങൾ പരിധി ലംഘിക്കുന്ന കൂട്ടരാണ് (26: 167).** ഈ വചനത്തിൽ ഉപയോഗിച്ചിരിക്കുന്ന ***അസ്വാജിക്കും*** (നിങ്ങളുടെ ഭാര്യമാർ) എന്നത് ***സവജ*** എന്ന മൂല പദത്തിൽ നിന്നും നിഷ്പന്നമാവുന്ന ***സൗജ്*** (ഭാര്യ) എന്ന പദത്തിന്റെ ബഹുവചനമാണ്.

ഖുർആനിൽ ഉപയോഗിച്ച അസ്വാജുൻ എന്ന പദത്തിന് ഭാര്യമാർ, ഭർത്താക്കന്മാർ, ഇണകൾ ജോഡികൾ എന്നെല്ലാം അർഥമുണ്ട്. അതായത് ഒരോന്നിന്റേയും ഇണകൾ, ജോഡികൾ എന്നിങ്ങനെ അതിനനുസൃതമായ ക്രിയയാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ***സൗജെൻ*** എന്നതിന് സ്ത്രീയും പുരുഷനും ഭാര്യയും ഭർത്താവും ജോഡി എന്നെല്ലാമാണ് അർഥം

ഈ ഖുർആൻ വചനം ***നിങ്ങളുടെ നാഥൻ നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചിരിക്കുന്ന നിങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കുകയും ചെയ്യുന്നു...*** എന്ന് വിവർത്തനം ചെയ്യാം. അങ്ങനെ വരുമ്പോൾ ഒരാൾ തന്റെ ഭാര്യയേയോ, ഭർത്താവിനെയോ ഉപേക്ഷിച്ച് സ്വന്തം ലിംഗവർഗത്തിൽപ്പെട്ട ആളെ കാമപൂർത്തിക്കായി സമീപിക്കുന്നത് പരിധി ലംഘനമാണെന്നാണ് ഇവിടെ പറയുന്നത്.

സ്വവർഗരതിയുടെ ചില വക്താക്കൾ ഖുർആൻ ജോഡി എന്നാണ് പറഞ്ഞതെന്നും ആണും പെണ്ണും എന്ന് വ്യക്തമായി പറഞ്ഞിട്ടില്ലെന്നും അത് രണ്ടു പുരുഷന്മാരും രണ്ട് സ്ത്രീയുമാകാമെന്നും വാദിക്കാവുന്നതാണല്ലോ എന്ന ചോദ്യമുയരാവുന്നതാണ്. അത്തരത്തിൽ പ്രകൃതി വിരുദ്ധമായ ഇണകളെ പറ്റിയല്ല ഖുർആൻ പറയുന്നതെന്ന് അല്ലാഹു യാതൊരു സംശയത്തിന്നും ഇടനൽകാത്ത വിധം പ്രഖ്യാപിക്കുന്നു.

**എന്നിട്ട് അവൻ (അല്ലാഹു) അതിൽനിന്ന് ആൺ(ദക്കറ) പെൺ (ഉൻസ) എന്നീ രണ്ട് ഇണകളെ (സൗജെൻ) സൃഷ്ടിച്ചു (75:40)**

എന്നിട്ടും സ്വവർഗരതിയെ പ്രത്യേകമായി ഒരു പദമുപയോഗിച്ച് പറഞ്ഞ് ഖുർആൻ നിരോധിക്കാത്തതിനാൽ

സൗജ് എന്ന പദത്തിന് പങ്കാളി യെന്ന് അർഥം നൽകാമെന്നും അതു വഴി ആണിന് ആൺ പങ്കാളി എന്നും പെണ്ണിന് പെൺ പങ്കാളി എന്നും അർഥമെടുക്കാമെന്ന് ചിലർ വാദിക്കുന്നുണ്ട്. അത്തരം വാദങ്ങൾക്കുള്ള സാധ്യതയും ഖുർആൻ തള്ളിക്കളയുന്നു.

**അല്ലാഹു നിങ്ങൾക്ക് നിങ്ങളിൽ നിന്നു തന്നെയുള്ള ഇണകളെ ഉണ്ടാക്കിയിരിക്കുന്നു. നിങ്ങളുടെ ഇണകളിൽനിന്ന് പുത്രന്മാരെയും പൗത്രിമാരേയും അവൻ ഉണ്ടാക്കി തരികയും നല്ല വിഭവങ്ങളിൽ നിന്ന് നിങ്ങൾക്ക് അവൻ ആഹാരം നൽകുകയും ചെയ്തു. അപ്പോൾ വ്യർഥമായ കാര്യത്തിൽ അവർ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തെ നിരാകരിക്കുകയും ചെയ്യുകയാണോ? (16:73)**

സൗജ് (ഇണ) എന്ന് പറഞ്ഞതിന് ശേഷം ആ ഇണകളിൽ നിന്ന് നിങ്ങൾക്കവൻ പുത്രന്മാരെയും പൗത്രിമാരെയും ഉണ്ടാക്കി തന്നു എന്നാണ് പറയുന്നത്. ഇതൊരിക്കലും തന്നെ ഒരേ ലിംഗത്തിലുള്ള പങ്കാളികൾക്ക് സാധ്യമല്ലെന്ന് വ്യക്തമാണല്ലോ. ആ പങ്കാളിത്തത്തിൽ നിന്ന് ഒരിക്കലും പുത്രന്മാരും പൗത്രിമാരും ഉണ്ടാകില്ല. അപ്പോൾ സ്ത്രീയും പുരുഷനുമാണ് ആ പങ്കാളി എന്ന് വ്യക്തമായി.

## അനാശാസ്യം, സ്വവർഗരതി എന്നീ അർഥങ്ങളിൽ ഖുർആൻ പ്രയോഗിച്ചത് ഫാഹിശ: എന്ന പദം

സൊഡോമി അഥവാ സ്വവർഗരതി എന്നത് ഒരാളുടെ കാമശമനത്തിനായി പ്രകൃതി വിരുദ്ധമായ വഴികൾ തേടലാണ്. അത് അറബിയിൽ ***അൽ ലിവാത്വ:*** എന്നാണ് അറിയപ്പെടുന്നത്. ഇത്തരം പ്രവർത്തനം കൊണ്ട് ഹദ്റത്ത് ലൂത്ത് നബി (അ)ന്റെ ജനത നാശത്തിന് വിധേയമാവുകയുണ്ടായി. അതിനാൽ ഒരു പരിശുദ്ധനായ പ്രവാചകന്റെ പേരിനോടൊപ്പമാണ് ഈ ഹീന കൃത്യം അറിയപ്പെടുന്നത്. അത് കൊണ്ട് ഞാൻ ആ പദം ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നില്ല. ആ ജനതയുടെ പ്രവർത്തനത്തെപ്പറ്റി ഖുർആൻ ഉപയോഗിച്ച പദമാണ് ഞാൻ ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നത്. അത് **ഫാഹിശത്** (അനാശാസ്യ പ്രവർത്തനങ്ങൾ) എന്നാണ്.

ഹദ്റത്ത് ലൂത്ത് നബി (അ) യുടെ കാലത്തെ ജനത സൊഡോമി (സ്വവർഗരതി) എന്ന നീചകൃത്യം ആചരിച്ചു വന്ന ഒരു സമൂഹമാണെന്ന് ഖുർആൻ പറയുന്നു. അത്തരം നീചകൃത്യങ്ങൾക്കെല്ലാം ഖുർആൻ പൊതുവേ ഉപയോഗിച്ച പദം **ഫാഹിശ:** എന്നാണ്. പ്രവാചകനായ ലൂത്തി(അ)നെ അവരുടെ അടുക്കലേക്ക് അല്ലാഹു അയക്കുകയും അദ്ദേഹം താഴെ കാണുന്ന ഖുർആൻ വചനങ്ങളിൽ താക്കീത് നൽകുകയും ചെയ്തു. **(ലൂത്തി നെയും നാം പ്രവാചകനായി നിയോഗിച്ചു) അദ്ദേഹം തന്റെ ജനതയോട് പറഞ്ഞ സന്ദർഭം (ഓർക്കുക). നിങ്ങൾക്ക് മുമ്പ് ലോകത്ത് ആരും ചെയ്തിട്ടില്ലാത്ത നീചകൃത്യം നിങ്ങൾ ചെയ്യുകയാണോ?(7:81)**

താഴെ കാണുന്ന വചനം അവരുടെ നീചകൃത്യം സ്ത്രീകളെ വിട്ട് പുരുഷന്മാരെ കാമവികാരശമനത്തിനായി സമീപിക്കലാണെന്ന് മനസ്സിലാവുന്നു.

**സ്ത്രീകളെവിട്ട് നിങ്ങൾ കാമവികാര നിവൃത്തിക്കായി പുരുഷന്മാരെ സമീപിക്കുന്നു. മാത്രമല്ല നിങ്ങൾ പരിധിലംഘിക്കുന്ന ഒരു ജനതയാകുന്നു. നിങ്ങളുടെ നാട്ടിൽ നിന്ന് അവരെ (ലൂത്തിനെയും അനുയായികളെയും) ബഹിഷ്ക്കരിക്കുക. തീർച്ചയായും അവർ പരിശുദ്ധിയാർജിക്കുന്ന മനുഷ്യരാണ് എന്ന് പറയുക മാത്രമായിരുന്നു അദ്ദേഹത്തിന്റെ ജനതയുടെ മറുപടി(7:82)** (14,15) ഫ ഹ ശ എന്നീ അറബി മൂലാക്ഷരങ്ങളിൽ നിന്നും നിഷ്പന്നമാകുന്ന പദമാണ് ഫാഹിശ:. ഈ പദത്തിന്റെ അർഥം ദുഷിച്ചതാകുക, അമിതമാവുക, ചീത്തയാകുക, അയുക്തികം, മ്ലേഛത എന്നൊക്കെയാണ്

ഇമാം റാഗിബ് അൽ ഇസ്ഫഹാനി തന്റെ ***അൽ മുഫ്റദാത്ത്*** എന്ന അറബി നിരുക്ത കോശത്തിൽ ഫാ ഹി ശ എന്ന അക്ഷര രൂപത്തിൽ നിന്ന് നിഷ്പന്നമാവുന്ന പദത്തിന്റെ അർഥമായി പറഞ്ഞത് അനാശാസ്യം, ദുഷിപ്പ്, മ്ലേഛത എന്നീ പ്രവർത്തികളുടെ മൂർത്താവസ്ഥ എന്നാണ്.

അമിതത്വം, പരിധിവിട്ടത്, നന്നാക്കാൻ കഴിയാത്തവിധം പരിധി ലംഘിച്ചത് എന്നീ അർഥങ്ങളിലാണ് ഈ പദം എല്ലായിടത്തും ഉപയോഗിച്ചത്. അതു പോലെ ചീത്ത പ്രവർത്തികൾക്കും ഈ പദം ഉപയോഗിക്കുന്നു.

**തങ്ങൾ വല്ല നീച കൃത്യവും ചെയ്കയോ അല്ലെങ്കിൽ തങ്ങളുടെ ആത്മാക്കളോട് അതിക്രമം പ്രവർത്തിക്കുകയോ ചെയ്താൽ അല്ലാഹുവിനെ സ്മരിക്കുകയും എന്നിട്ട് തങ്ങളുടെ പാപപ്പൊറുതിക്ക് വേണ്ടി പ്രാർഥിക്കുകയും (അല്ലാഹുവല്ലാതെ പാപം പൊറുക്കുന്നവൻ മറ്റാരുണ്ട് ?) ചെയ്തു കഴിഞ്ഞ തെറ്റുകളിൽ ബോധപൂർവം ഉറച്ചുനിൽക്കാതിരിക്കുകയും ചെയ്യുന്നവരാണവർ (3:136).**

**നിങ്ങളുടെ സ്ത്രീകളിൽ നിന്ന് അസന്മാർഗിക പ്രവർത്തിയിലേർപ്പെടുന്നവരാരോ അവർക്കെതിരിൽ നിങ്ങളിൽ പെട്ട് നാലു പേരെ സാക്ഷി നിർത്തുക. അങ്ങനെ അവൻ സാക്ഷ്യം വഹിച്ചു കഴിഞ്ഞാൽ മരണം അവരെ പിടികൂടുകയോ, അല്ലാഹു അവർക്ക് ഒരു(മോചന)മാർഗം ഉണ്ടാക്കിക്കൊടുക്കുന്നത് വരെയോ അവരെ (ആ സ്ത്രീകളെ) വീടുകളിൽ തടഞ്ഞു നിർത്തുക (14:16).**

ജോൺ പെൻ റൈസ് അദ്ദേഹത്തിന്റെ **ഡിക്ഷ്ണറി ഓഫ് ഖുർആൻ** (Dictionary of Quran) എന്ന ഗ്രന്ഥത്തിൽ പറയുന്നു. **ഫാഹിശ:** എന്നതിന്റെ മൂലരൂപത്തിൽ നിന്ന് നിഷ്പന്ന മാകുന്ന അർഥം ദുഷിച്ചത്, ലജ്ജാകരം, അനാശാസ്യകരമായ പെരുമാറ്റം എന്നിവയാണ്. അതുപോലെ **ഫാഹിശ:** എന്ന പദം പിശുക്ക്, ബാധ്യതപ്പെട്ട നികുതികൾ കൊടുക്കുന്നതിനു കാണിക്കുന്ന സങ്കുചിതത്വം എന്നീ അർഥങ്ങളിലും ഖുർആൻ പ്രയോഗിച്ചിട്ടുണ്ട്. **ഫാഹിശത്തുൻ** എന്ന പദത്തിന് ദുഷിപ്പ്, അശുദ്ധി, കുറ്റകൃത്യം, വ്യഭിചാരം എന്നീ അർഥങ്ങളുണ്ടെന്ന് അദ്ദേഹം വിശദീകരിക്കുന്നു. ഈ പദത്തിന്റെ രണ്ടാം ഘട്ട അർഥം **ഫവാഹിശുൻ** എന്നതിന് അനാശാസ്യകരമായ കുറ്റകൃത്യം എന്നും അർഥം നൽകുന്നു.

### ഉപസംഹാരം

ശരീഅത്തിന്റെ രീതി ശാസ്ത്രത്തെ സംബന്ധിച്ചോ ലക്ഷ്യത്തെകുറിച്ചോ നല്ലത്പോലെ അറിയാത്ത ആളുകൾ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ശരീഅത്തിൽ ശിക്ഷ സാധിക്കുന്ന കുറ്റങ്ങൾ വളരെ വ്യക്തമായും കൃത്യമായും സാക്ഷികൾ മുഖേന വെളിപ്പെടുകയും നിർദിഷ്ട മാനദണ്ഡങ്ങൾ പൂർത്തിയാക്കുകയും വേണം. എങ്കിൽ മാത്രമേ ശിക്ഷ നടപ്പാക്കാൻ സാധ്യമാകൂ. മുസ്‌ലിംകൾക്ക് മാത്രം ബാധകമായിട്ടുള്ള ഇസ്‌ലാമിക ശരീഅത്തിലെ നിയമങ്ങൾ വ്യക്തവും സൂക്ഷ്മവുമായി നിർണയിക്കാതെ മുസ്‌ലിം രാജ്യത്തെ ഇസ്‌ലാമിക ഭരണകൂടങ്ങൾക്ക് മുസ്‌ലിം രാജ്യത്തിലെ അമുസ്‌ലിം പൗരന്മാർക്കാവട്ടെ

▶ ശേഷം പേജ് 41 ൽ



# റഷ്യയിൽ ഇസ്‌ലാമിന്റെ ഭാവി

റാവീൽ ബുഖാറയേവ്

1991 ഡിസംബറിൽ ഖാദിയാനിൽ നടന്ന അഹ്മദിയ്യാ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയ റാവീൽ ബുഖാറയേവ് സാഹിബ് കേരളത്തിലും വരികയുണ്ടായി. 1992 ജനുവരി 12 ന് കോഴിക്കോട് ടൗൺ ഹാളിൽ അദ്ദേഹത്തിന് ഉജ്ജ്വലമായ സ്വീകരണം നൽകുകയുണ്ടായി. റഷ്യയിൽ കമ്യൂണിസത്തിന്റെ പൊളിച്ചെഴുത്ത് നടന്നുകൊണ്ടിരുന്ന ആ നാളുകളിൽ ഒരു റഷ്യൻ മുസ്‌ലിം ചിന്തകൻ എന്ന നിലക്ക് അദ്ദേഹത്തിന്റെ പ്രഭാഷണം കേൾക്കാൻ വലിയ ജനക്കൂട്ടം എത്തിയിരുന്നു. ആ യോഗത്തിൽ അദ്ദേഹം നടത്തിയ പ്രസംഗമാണ് ചുവടെ ചേർക്കുന്നത്.



രണ്ടു വർഷം മുമ്പാണ് ഞാൻ അഹ്മദിയ്യാ ജമാഅത്തുമായി അടുത്തു ബന്ധപ്പെടുവാൻ തുടങ്ങിയത്. അതൊരു അദ്ഭുത സംഭവമായിരുന്നുവെന്ന് പറയേണ്ടിയിരിക്കുന്നു. യാദൃച്ഛികമെന്നതിനേക്കാൾ ദൈവികമായ ഒരു നിശ്ചയമാണെന്ന് എനിക്ക് തോന്നുന്നു. ഞാൻ ഒരു നോവൽ രചിക്കുന്നതിനുള്ള ഗവേഷണവുമായി ബന്ധപ്പെട്ട നിലയിൽ ഇംഗ്ലണ്ടിൽ വന്നതായിരുന്നു. 20 ദിവസത്തോളം ഞാൻ ലണ്ടനിൽ താമസിച്ചു. ഒരു ഒഴിഞ്ഞ വീട്ടിലാണ് താമസിച്ചത്. ഒരു സ്ത്രീയാണ് അതിന്റെ ഉടമസ്ഥ. അപ്പോൾ അവിടെ ഒരുഫോൺ കോൾ വന്നു. ഒരു സ് ത്രീയാണ് സംസാരിച്ചത്. അവിടെ റഷ്യൻ അതിഥിയുണ്ടോ എന്ന് ആരാഞ്ഞു.ഇതാരാണെന്ന് എനിക്കറിയുമായിരുന്നില്ല. എന്നെക്കുറിച്ച് അന്വേഷിച്ചതിൽ അദ്ഭുതംതോന്നി. ഒരു ബ്രിട്ടീഷ് വനിതയാണ് എന്നെ അന്വേഷിച്ചത്. അവരും ഒരു റിസർച്ച് വർക്ക് നടത്തുന്നവരായിരുന്നു. സെൻട്രൽ ഏഷ്യയെ സംബന്ധിക്കുന്ന ഒരു പുസ്തകം രചിക്കുകയായിരുന്നു. പിന്നീട് ഖലാൻ ഖവാൻ എന്നു പേരുള്ള ഒരാൾ എന്നെ സമീപിച്ചു. അദ്ദേഹം അഹ്മദിയ്യാ മിഷനെയും ലണ്ടൻ പള്ളിയെയും പറ്റി സംസാരിച്ചു. എന്നെ അവിടത്തേക്ക് കൂട്ടിക്കൊണ്ടു പോയി. അവിടെ എത്തിയപ്പോൾ എനിക്ക് ലഭിച്ച ആദ്യത്തെ ഗ്രന്ഥം ജീസസ് ഇൻ ഇന്ത്യ എന്ന വാഗ്ദത്ത മസീഹിന്റെ ഒരു കൃതിയായിരുന്നു. അതു വായിച്ചപ്പോൾ എനിക്ക് ആമൂലാഗ്രം സത്യമാണെന്ന് തോന്നി. ഞാൻ ഗ്രന്ഥത്തിൽ ആണ്ടിറങ്ങി. എനിക്ക് മുഴുവൻ പരമ സത്യമാണെന്ന് ബോദ്ധ്യം വന്നപ്പോൾ ഞാൻ എന്നെ തന്നെ പ്രസ്ഥാനവുമായി ബന്ധപ്പെടുത്താൻ ആഗ്രഹിച്ചു. ഗ്രന്ഥം മുഴുവൻ തർജമചെയ്യാൻ ഞാൻ പ്രചോദിതനായെന്ന് പറഞ്ഞാൽ കഴിഞ്ഞല്ലോ. പിന്നെ എനിക്കെന്റെ ജോലിയെക്കുറിച്ച് ചിന്തയില്ലാതായി. ആ പണി ഇപ്പോഴും എന്നെക്കാത്തു

കഴിയുകയാണ്. അഹ്മദിയ്യത്തിനെക്കുറിച്ച് കൂടുതൽ വായിക്കുവാൻ ശ്രമിച്ചു. അല്ലാഹുവിന്റെ സഹായത്താൽ ഇരുപതോളം അഹ്മദിയ്യാ സാഹിത്യ കൃതികൾ ഞാനിതിനകം തർജമ ചെയ്തിട്ടുണ്ട്. Introduction to The Study of Holy Quran, Economic structure of islamic society, Where Did Jesus Die എന്നീ അടിസ്ഥാന ഗ്രന്ഥങ്ങൾ കൂടി അതിൽപ്പെടും. ഖലീഫത്തുൽ മസീഹിനെ കണ്ടു ബൈഅത്ത് ചെയ്തു. പിന്നീട് ഞാൻ ഹങ്കറിയിലേക്ക് ഒരു യാത്ര ചെയ്തു. ബുഡാപെസ്റ്റിൽ നിന്ന് ഇംഗ്ളണ്ടിലേക്ക് ഞാൻ തിരിച്ചെത്തിയപ്പോൾ ലണ്ടനിലെ ഗാറ്റ്വിക്ക് എയർപോർട്ടിൽ വെച്ചു എനിക്ക് ഒരു അനുഭവമുണ്ടായി. ഒരു നവമ്പർ 24 നു ആയിരുന്നു ആ സംഭവം. എയർപ്പോർട്ടിൽ വെച്ചു ഞാൻ എമിഗ്രേഷൻ ഓഫീസുമായി സംസാരിക്കുന്നതിനിടയിൽ അദ്ദേഹം എന്നോട് ചോദിച്ചു. താങ്കൾ അഹ്മദിയാണോ? ആ ചോദ്യം തികച്ചും അപ്രതീക്ഷിതമായിരുന്നു. അയാൾ എന്തിന് അത് ചോദിച്ചു എന്ന് എനിക്ക് മനസ്സിലായില്ല. ആയിരക്കണക്കിനാളുകൾ യാത്രക്ക് ശ്രമിക്കുന്നതിനിടയിൽ എ ന്നോട് മാത്രം അങ്ങനെ ചോദിക്കാൻ കാരണമെന്ത്? ഞാൻ അദ്ഭുതപ്പെട്ടു. ഞാൻ അൽഹംദുലില്ലാഹ് അഹ്മദിയാണെന്ന് പറഞ്ഞു. അപ്പോൾ അദ്ദേഹവും പറഞ്ഞു താനും ഒരു അഹ്മദിയാണെന്ന്. അദ്ദേഹം ഇത് ചോദിക്കാൻ കാരണമെന്തെന്നും എന്നെക്കുറിച്ചെങ്ങനെ മനസ്സിലാക്കിയെന്നും എനിക്കറിയില്ല. ഞാൻ ഖാദിയാനിലേക്ക് യാത്ര തിരിക്കേണ്ട ശ്രമത്തിലായിരുന്നു. എന്റെ ഉദ്ദേശം പവിത്രമാണെന്നും എന്റെ ദൗത്യം ദൈവനിശ്ചയമാണെന്നും എനിക്കപ്പോൾ ഉറപ്പായി. എന്നെ സഹായിക്കാനുള്ള മാർഗങ്ങൾ തുറക്കപ്പെടുകയാണെന്നും എന്റെ ശ്രമങ്ങൾ വിജയപര്യവസായിയായിത്തീരുമെന്നും എനിക്ക് അപ്പോൾ ബോദ്ധ്യമായി. പഞ്ചാബിലെത്തിയശേഷമുണ്ടായ അനുഭവങ്ങളും എനിക്ക് ദൃഢവിശ്വാസമുണ്ടാക്കുന്നതായിരുന്നു. ഞാൻ കാറിൽ സഞ്ചരിച്ചുകൊണ്ടിരിക്കെ എന്റെ മുമ്പിൽ വെച്ചു നടന്ന ഒരു കൊലപാതകത്തിന് ഞാൻ സാക്ഷ്യം വഹിക്കേണ്ടി വന്നു, 15 നിമിഷത്തിനകം എല്ലാം കഴിഞ്ഞു. ഒരാൾവെടിയേറ്റു മരിച്ചു. എന്റെ ഡ്രൈവർ പരിഭ്രമിച്ചു. ഭയാക്രാന്തനായി. ദൈവികമായ പ്രചോദനത്താലെന്ന പോലെ ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ ഞാൻ നിർഭയനായിരുന്നതേയുള്ളൂ. ഞാൻ ഒരു മഹത്തായ ലക്ഷ്യത്തി ലേക്കാണെന്ന് എനിക്കുറപ്പായിരുന്നു.

ഞാൻ താത്താരിസ്ഥാൻ റിപ്പബ്ളിക്കിലെ കസാൻ എന്ന നഗരത്തിലെ ഒരു മുസ്ലിം കുടുംബത്തിലാണ് ജനിച്ചത്. ക്രിസ്തുമതവുമായി എനിക്കൊരു ബന്ധവുമുണ്ടായിരുന്നില്ല. ഏഴു തലമുറയായി മുസ്ലിമായി തുടരുന്ന ഒരു കുടുംബമാണ് എന്റേത്. ഞാൻ മുസ്ലിമായിരുന്നെങ്കിലും മുസ്ലിം എന്നത് പേരിൽ മാത്രമായിരുന്നു. ഇസ്ലാമിക സംസ്ക്കാരിക പശ്ചാത്തലം ഉണ്ടായിരു ന്നെങ്കിലും ആരാധനയുടെ ആന്തരിക സത്യങ്ങളൊന്നും അറിയാമായിരുന്നില്ല. ദൈവികമായ ബന്ധത്തെക്കുറിച്ചും അല്ലാഹുവിനോടുള്ള അടുപ്പത്തെക്കുറിച്ചും എനിക്കറിയില്ലായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ചതിന് ശേഷമാണ് എനിക്കിതെല്ലാം മനസ്സിലായത്. പ്രാർഥനയുടെ അഗാധമായ വേരുകളും ഞാൻ പിന്നീട് മനസ്സിലാക്കി. വെറും ആചാരമാത്ര മായ ആരാധനയാണ് മുമ്പ് നടത്തിപ്പോന്നത്.

പത്താം നൂറ്റാണ്ടിലാണ് തത്താരിസ്ഥാനിൽ ഇസ്ലാം കടന്നു വന്നത്. ബാഗ്ദാദിൽ നിന്നാണ് ഇസ്ലാം അവിടെ പ്രവേശിച്ചത്. അക്കാലത്ത് ഇസ്ലാം മതപരിവർത്തനം ചെയ്ത മുസ്ലിംകൾ ഇന്നും ഇസ്ലാമിൽ ഉറച്ചു നിൽക്കുന്നു.

കസാൻ ദേശത്താണ് ഞാൻ ജനിച്ചത്. വോൾഗയുടെയും മറ്റൊരു നദിയുടെയും ഇടയിലാണ് ഈ നഗരം. കാസാൻ എന്ന പട്ടണത്തിൽ ഖാദിയാനുമായുള്ള ശബ്ദ സാമ്യം നിങ്ങൾ ശ്രദ്ധിച്ചിരിക്കും. ഇവിടെ ഒരു നൂറു വർഷം മുമ്പ് ഒരു ഇസ്ലാമിക നവോത്ഥാന പ്രസ്ഥാനം തലപൊക്കി. ആ പ്രസ്ഥാനവുമായി എന്റെ കുടുംബവും ബന്ധപ്പെട്ടിരുന്നു. വാഗ്ദത്ത മസീഹ് തന്റെ മസീഹ് വാദം പുറപ്പെടുവിച്ച അതേ കാലഘട്ടത്തിലാണ് ഇസ്ലാമിക നവോത്ഥാന പ്രസ്ഥാനം അവിടെ മുളപൊട്ടിയത്. ഇത് യാദൃച്ഛികമായ സംഭവമാണ്. വാഗ്ദത്ത മസീഹിന്റെ വാദങ്ങളെക്കുറിച്ചറിയാതെ ഇസ്ലാമിക നവോത്ഥാന പ്രസ്ഥാനം അവിടെ ഉയിരെടുത്തത് ദൈവികമായ ഒരു ചലനം തന്നെയാണ്. പള്ളികൾ എല്ലാം അവഗണിക്കപ്പെട്ടു കിടന്നിരുന്നു. പലതും നശിപ്പിക്കപ്പെടുകയുമുണ്ടായി. ഇസ്ലാമിന്റെ മുഖം തികച്ചും മാറിപ്പോയിരിക്കുന്നു. ബുഖാറയും സമർഖണ്ടും മറ്റു പട്ടണങ്ങളും ഇസ്ലാമിക സംസ്കാരത്തിന്റെ കേളീ രംഗങ്ങളായിരുന്നു. ഖാദിയാനിൽ നിന്നുള്ള ദിവ്യശബ്ദത്തിനൊത്ത് കാസാനിൽ പ്രതികരണങ്ങളുണ്ടായത് യാദൃച്ഛികമല്ലെന്നു നിങ്ങൾ മനസ്സിലാക്കണം. അതിന് പിന്നിൽ ദൈവികമായ ഇച്ഛ പ്രവർത്തിച്ചിരുന്നതായി കാണാം. ഇന്ത്യയിൽ നിന്ന് ഒരു പ്രകാശം വെളിപ്പെടുമെന്ന് താത്താരികൾ വിശ്വസിച്ചുപോന്നിട്ടുണ്ട്. താത്താ രികൾ മുഖേന തന്നെ പേർഷ്യയിൽ ഇസ്ലാമിന്റെ ഉയിർത്തെഴുന്നേൽപ്പ് ഉണ്ടാകുന്നതായിരിക്കും. ഇൻശാ അല്ലാഹ് റഷ്യയെ സംബന്ധിച്ചുള്ള വാഗ്ദത്ത മസീഹിന്റെ സകല പ്രവചനങ്ങളും പൂർത്തികരിക്കപ്പെടുകതന്നെ ചെയ്യും.

ഞാൻ വ്യക്തിപരമായി ആരുമല്ല. നിസ്സാരനായ എന്നെ നിങ്ങളുടെ ഇടയിൽ കൊണ്ടെത്തിച്ചതിന് പിന്നിൽ ദൈവികമായ കൈ പ്രവർത്തിച്ചിട്ടുണ്ട്. എന്നെ ഈ കേരളത്തിൽ അഹ്മദികളുടെ ഇടയിൽ സൗഹാർദ വലയത്തിൽ എത്തിച്ചതിന് അല്ലാഹുവിനെ സ്തുതിക്കുന്നു. അവശ്യമായും ഈ സാഹോദര്യ ബന്ധത്തിൽ തന്നെയാണ് ലോകത്തിന്റെ ഭാവിയും പ്രതീക്ഷയും എന്നു നാം മനസ്സിലാക്കണം. ലോകം മുഴുവനും ഇന്ന് പരവശപ്പെട്ടു കഴിയുകയാണ്. അജ്ഞാതമായ എന്തോ ഒന്നിന്ന് വേണ്ടിയാണ് അവർ തിരഞ്ഞു കൊണ്ടിരിക്കുന്നത്. ഉദ്വേഗം മാത്രമേ എല്ലാവരുടെയും മുഖത്തു കാണാനുള്ളൂ. പുഞ്ചിരികാണാനില്ല. ഭാവിയുടെ സുപ്രതീക്ഷയിൽ കഴിയുന്ന അഹ്മദികളുടെ മുഖത്ത്മാത്രം സുന്ദരസ്മേരം കാണപ്പെടുന്നു. അത് അഹ്മദികൾ പ്രതിനിധാനം ചെയ്യുന്ന മഹത്തായ സന്ദേശത്തിന്റെ സ്വാധീനമാണ്. ഈ സന്ദേശം ലോകാവസാനം വരെ പരത്തുന്നതിന് നമുക്ക് പരിശ്രമിക്കാം. റഷ്യയിൽ എട്ടോളം മുസ്ലിം റിപ്പബ്ളിക്കുകളുണ്ട്. ബുഖാറ, താഷ്ക്കന്റ്, ബൈലോ റഷ്യ, ലിത്വാനിയ മുതലായ പ്രദേശങ്ങളിൽ മുസ്ലിം ഭൂരിപക്ഷമാണ്. മോസ്കോവിൽ 50,000 ത്തോളം മുസ്ലികളുണ്ട്. അവിടെ താത്താരികൾ പണിത വലിയ ഒരു പള്ളിയുണ്ട്. താത്താരികൾ വളരെ ശക്തിയുള്ളവരാണ്. എന്നാൽ തത്താരികൾക്കെതിരായി സ്റ്റാലിന്റെ നേതൃത്വത്തിൽ സംഘടിതമായ സംഹാര നടപടികൾ ഉണ്ടായി. അവർക്കെതിരായ

മർദന നടപടികൾ ഒരു നീണ്ട കഥയാണ്. തത്താരികളുടെ ഒരു വലിയ നേതാവായിരുന്നു സുൽത്താൻ ഖാലിഫ്. കമ്യൂണിസ്റ്റ് വിപ്ലവ കാലത്ത് ലെനിനൊടൊപ്പം നിന്നു വിപ്ലവത്തെ സഹായിച്ചു. കമ്യൂണിസം വാഗ്ദാനം ചെയ്യുന്ന സമത്വ തത്ത്വങ്ങൾക്ക് ഇസ്‌ലാം അനുകൂലമായിരിക്കയാലും ഇസ്‌ലാം ഉന്നത ധാർമിക മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനാലും ഇസ്‌ലാം മുഖേന കമ്യൂണിസ്റ്റ് വിപ്ലവത്തിന് ആക്കം കൂട്ടുമെന്നു ലെനിൻ മനസ്സിലാക്കിയിരുന്നു. അത് കൊണ്ട് മുസ്‌ലിം സ്റ്റേറ്റുകളെയും മുസ്‌ലിം ഭരണപ്രദേശങ്ങളെയും തൊടാതെ വിടണമെന്ന അഭിപ്രായം സുൽത്താൻ ഖാലിഫ് മുന്നോട്ട് വെച്ചു. ബ്രിട്ടീഷ് സാമ്രാജ്യം മുസ്‌ലിംകളെ അടിമകളാക്കി വെച്ചിരിക്കയാണ്. അത്കൊണ്ട് ഇസ്‌ലാമുമായി ഇടഞ്ഞ് നിൽക്കേണ്ട കാര്യമില്ല. കമ്യൂണിസ്റ്റുകാർ വിഭാവന ചെയ്യുന്ന ലക്ഷ്യം തന്നെയാണ് ഇസ്‌ലാമിന്റേത്. അതായത് പാവങ്ങളെ ഉദ്ധരിക്കുകയും ഉച്ചനീചത്വം അവ സാനിപ്പിക്കുകയും ചെയ്യുക. ആകയാൽ മുസ്‌ലിം സ്റ്റേറ്റുകളുടെ കാര്യത്തിൽ ഇടപെടരുതെന്നായിരുന്നു സുൽത്താൻ ഖാലിഫിന്റെ നിർദേശം ഇതിനോട് പക്ഷേ ലെനിൻ പൂർണമായും യോജിച്ചില്ല. ലെനിൻ ഖാലിഫിനെ അധിക്ഷേപിക്കുകയുണ്ടായി. എന്നാലും അദ്ദേഹത്തിന്റെ വ്യക്തിമഹാത്മ്യവും സ്വാധീന ശക്തിയും കാരണം ലെനിൻ അദ്ദേഹത്തിനെതിരായി നടപടി കളൊന്നും സ്വീകരിച്ചില്ല. എന്നാൽ ലെനിൻ 1924 ൽ മരണപ്പെട്ടപ്പോൾ അധികാരത്തിൽ വന്ന സ്റ്റാലിൻ ഖാലിഫുമായി ഇടഞ്ഞു. സ്റ്റാലിൻ അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് കോൺസൺട്രേഷൻ ക്യാമ്പിൽ അയച്ചു. സമുന്നത നേതാവെന്ന നിലയിൽ ഇത് ചില പ്രതികരണങ്ങളൊക്കെയുണ്ടാക്കിയപ്പോൾ അദ്ദേഹത്തെ വിട്ടയച്ചു. അത് യുദ്ധ കാലമായതിനാൽ അപ്രകാരം വിട്ടയക്കുന്നത് ജനങ്ങളുടെ ആനുകൂല്യം നേടുന്നതിന് ആവശ്യമായിരുന്നു. എന്നാൽ റഷ്യക്ക് യുദ്ധത്തിൽ മേൽകൈ ലഭിച്ചപ്പോൾ അദ്ദേഹത്തെ വെടിവെച്ചു കൊന്നു കളഞ്ഞു.

അതോടെ സുൽത്താൻ ഖാലിഫ് ഒരു ഹീറോ ആയി മാറി. വലിയ ഒരുവിഭാഗം മുസ്‌ലിംകൾ അദ്ദേഹത്തിന്റെ പേരിൽ പോരാട്ടം ആരംഭിച്ചു. 15 കൊല്ലക്കാലത്തോളമവർ ജിഹാദ് നടത്തി. താത്താരികളെ കീഴടക്കുക സാധ്യമല്ലെന്നും അവരുടെ മനക്കരുത്ത് തകർക്കാനാവില്ലെന്നും ഇസ്‌ലാം അവരെ ആവേശഭരിതരാക്കുന്നുവെന്നും മനസ്സിലാക്കിയ സ്റ്റാലിൻ താത്താരികളെ കശാപ്പ് ചെയ്യാൻ തുനിഞ്ഞു. അവരെ വംശവിച്ഛേദം വരുത്താനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു. അവരെ കുടിമാറ്റി താമസിപ്പിക്കുകയും കൂടാതെ ഒരൊറ്റ താത്താരിയെ ഒരിടത്തും ഭരണത്തിൽ പങ്കുചേർക്കില്ലെന്ന കർശനമായ നയം സ്റ്റാലിൻ നടപ്പാക്കുകയും ചെയ്തു. രാത്രിക്ക് രാത്രി കൂട്ടത്തോടെ നാടുകടത്തി. സ്റ്റാലിൻ ഇസ്‌ലാമിനെ പേടിച്ചിരുന്നു. ഇസ്‌ലാം അതിന്റെ അനുയായികളെ സംഘടിപ്പിക്കുന്നു എന്നും ചൈതന്യ ധന്യരാക്കുന്നുവെന്നും സ്റ്റാലിൻ കണ്ടെത്തിയിരുന്നു. യൂറോപ്യൻ റഷ്യയിൽ നിന്നും ഇസ്‌ലാമിനെ തുടച്ചു നീക്കാനാണ് സ്റ്റാലിൻ ശ്രമം നടത്തിയത്. താത്താരി ഭാഷ അറബി ലിപിയിലുള്ളതായിരുന്നു. അത് പിന്നീട് റോമൻ ലിപിയാക്കി മാറ്റി. ഇനി ഈ സംസ്ക്കാരമെല്ലാം പുനസ്ഥാപിക്കുകയെന്ന മഹത്തായ ജോലി നമുക്ക് പൂർത്തിയാക്കാനുണ്ട്.

റഷ്യയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഒരു ഭൗതിക ദൃഷ്ടിക്ക് തികച്ചും യാന്ത്രികമായി തോന്നാം. എന്നാൽ അതിന്റെ പിന്നിൽ പല ആത്മീയ സത്യങ്ങളുമുണ്ട്. ഗോർബചേവ് ഒരു ധീരനേതാവാണെന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹം സോവ്യറ്റ് റഷ്യയെ അതിന്റെ സ്വാഭാവിക നാശത്തിൽ നിന്ന് രക്ഷിക്കാനാണ് ശ്രമിച്ചത്. കഴിഞ്ഞ 20 വർഷത്തിനിടയിൽ സോഷ്യലിസം പരാജയപ്പെട്ടു എന്ന് സമ്മതിക്കാത്ത ഒരൊറ്റ റഷ്യക്കാരനും ഇല്ല എന്നതാണ് പരമാർഥം. എന്നാൽ അത് തുറന്നു പറയാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല എന്നതാണ് സത്യം. ആ സത്യത്തിന്മേലുള്ള ആവരണം നീക്കുവാനാണ് പെരിസ്ട്രോയിക്കയിലൂടെ ഗോർബചേവ് ശ്രമിച്ചത്. ഒരു ഓപ്പറേഷൻ അനിവാര്യമാണെന്ന് അദ്ദേഹം കണ്ടു. അതി വിദഗ്ധമായി തന്നെ ആ ഓപ്പറേഷൻ നടത്തേണ്ടതായിരുന്നു. ബോധരഹിത ഔഷധങ്ങൾകൂടാതെ രോഗിയെ ഓപ്പറേറ്റ് ചെയ്യാനുള്ള നീക്കമാണുണ്ടായത്. ഗേർബചേവ് അന്ധാളിച്ചു. ഓപ്പറേഷൻ പൂർത്തിയാക്കുന്നതിന് മുമ്പേ അദ്ദേഹം കത്തി അവിടെ വെച്ച് നിസ്സഹായനായി തിരിച്ചു



ഗോർബചേവ്

പോകുന്നതായാണ് കണ്ടത്. സോവ്യറ്റ് റഷ്യയിൽ യഥാർഥത്തിൽ നടന്നത് നമുക്ക് ഇപ്രകാരം ചിത്രീകരിക്കാം. എന്ത് ചെയ്യണമെന്നും എങ്ങനെ ചെയ്യണമെന്നും അറിയാതെയാണ് മാറ്റത്തിന് വേണ്ടി ഇറങ്ങിപുറപ്പെട്ടത്. മാറ്റം അനുപേക്ഷണീയവും എല്ലാവരും ആഗ്രഹിക്കുന്നതുമായിരുന്നു. ബാഹ്യലോകത്ത് നടക്കുന്ന വമ്പിച്ച പുരോഗതി റഷ്യക്കാരെ ഹരം കൊള്ളിച്ചിരുന്നു. മാറ്റം ക്ഷണത്തിൽ വേണമെന്നവർ ആഗ്രഹിച്ചു. വാസ്തവത്തിൽ റഷ്യയെ പോലെയുള്ള ഒരു രാജ്യത്ത് അത് അങ്ങനെ നടപ്പാക്കാമായിരുന്നില്ല. സകല അധികാരങ്ങളും കയ്യിലെടുത്തു കൊണ്ട് കുറേശ്ശ കുറേശ്ശയായി നിരന്തരമായ മാറ്റം അഴിച്ചു വിടുകയായിരുന്നു വേണ്ടത്. എല്ലാ സ്വാതന്ത്ര്യങ്ങളും ഒപ്പം കിട്ടിയ ജനം കാത്തുനിൽക്കാൻ തയ്യാറില്ലായിരുന്നു. നിർഭാഗ്യവശാൽ ഗോർബചേവിനെപോലെ പരിചയ സമ്പന്നരല്ല അദ്ദേഹത്തിന് ചുറ്റും ഉണ്ടായിരുന്നത്. അതു കാരണം അദ്ദേഹത്തിന്ന് എല്ലായിടത്തും മൂക സാക്ഷ്യം വഹിക്കേണ്ടി വന്നു. എന്തു തന്നെയായാലും റഷ്യയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ അവിടെ ഇസ്‌ലാമിക വിപ്ലവത്തിന് രംഗമൊരുക്കുകയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വാഗ്ദത്ത മസീഹിന്റെ പ്രവചനങ്ങൾക്കനുസരിച്ച് ഇസ്‌ലാമിന്റെ വമ്പിച്ച മുന്നേറ്റം റഷ്യയിൽ സംഭവിക്കാൻ പോകുന്നു. ഞാനും നിങ്ങളും പരസ്പരം മേളിച്ചു നിൽക്കുന്നതും ആ മഹത്തായ ഇസ്‌ലാമിക ഭാവിയുടെ നാന്ദിക്കുറിക്കപ്പെടുന്ന സംഭവമാണ്. ആ എല്ലാ പ്രവചനങ്ങളും പൂർത്തീകരിക്കപ്പെടുന്ന നാൾ എത്രയും വേഗം പുലരുമാറാകുന്നതിന് അല്ലാഹു സഹായിക്കട്ടെയെന്ന് നമുക്കു പ്രാർഥിക്കാം. ●



# അഹ്മദികൾ

## ഇസ്ലാമിലെ നവീകൃത വിഭാഗം

ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ



**വിശദമായ നിയമ വിശകലനങ്ങൾക്കും മത ശാസ്ത്ര പഠനങ്ങൾക്കും ശേഷം അഹ്മദികൾ മുസ്ലിംകൾ തന്നെ യെന്ന് വിധിച്ചുകൊണ്ടുള്ള പ്രഗല്ഭനായ ജസ്റ്റിസ് കൃഷണയ്യരുടെ വിധിയുടെ മൂന്നാം ഭാഗം**

പ്രസ്തുത കേസിൽ കുറ്റാരോപിതൻ കുറ്റവിമുക്തനാക്കപ്പെടുകയുണ്ടായി. ഒരു മുസ്ലിം അഹ്മദിയ്യാ വിശ്വാസം സ്വീകരിച്ചാൽ അയാൾ മതം ത്യജിച്ചവനായി കണക്കാക്കുന്നതാണ് എന്നായിരുന്നൂകണ്ടെത്തൽ. അക്കാരണത്താൽ സ്വയം തന്നെ അയാളുടെ വിവാഹബന്ധം ഭാര്യയിൽ നിന്ന് വിടുതൽ ചെയ്യപ്പെടുകയാണുണ്ടായത്. മിസ്റ്റർ സഫറുല്ലാഹ് ഖാൻ അഹ്മദികൾ മുസ്ലിം സമൂഹത്തിനകത്ത് തന്നെയുള്ള ഒരു വിഭാഗമാണെന്ന് വിജയകരമായി വാദിച്ചു. സാധാരണ മുഹമ്മദനിസത്തിൽ നിന്നുമുള്ള വിഭിന്നത പ്രസ്തുത വിശ്വാസത്തിൽ നിന്നുമുള്ള മതപരിത്യാഗവുമായി ബന്ധമുള്ളതല്ല അതവരെ മതവിപരീതികളാക്കുന്നുമില്ല. ഈ പ്രശ്നത്തിൽ തീരുമാനം കൽപ്പിച്ചു കൊണ്ട് ജസ്റ്റീസ് ഓൾഡ് ഫീൽഡ് (Oldfield)ഇപ്രകാരം അഭിപ്രായപ്പെട്ടു: 'അന്യായക്കാരന്റെ മതപരമായ കാഴ്ച്ചപാട് നിശ്ചയിക്കുന്ന വ്യക്തിപരമായ നിലപാടിനോടാണ് അത് യഥാർഥത്തിൽ ഏറിയ കൂറും ബന്ധപ്പെട്ടിരിക്കുന്നത്, യാഥാസ്ഥിതികത്വത്തിന്റെ ഏറ്റക്കുറച്ചിലനുസരിച്ച് മാത്രമാണ് തർക്ക പ്രശ്നമെന്ന് പറയുമ്പോൾ ഇസ്ലാമിൽ നിന്നുള്ള അഹ്മദിയ്യാ വ്യതിയാനം അതു മുഖേന ഇസ്ലാമികമായ എന്തെങ്കിലും അടിസ്ഥാനവശം ഉപേക്ഷിക്കാനിടയാക്കുന്നുണ്ടോ എന്നതാണ് പ്രശ്നമെന്ന് വരുന്നു.' പുതിയ വിശ്വാസങ്ങളുടെ നേരെ സമുദായത്തിലെ യാഥാസ്ഥിതിക വിഭാഗത്തിൽ നിന്നും ഉയരുന്ന ശത്രുതയെ ബഹുമാനപ്പെട്ട ജഡ്ജി കണക്കിലെടുത്തിട്ടുണ്ടെങ്കിലും ഓരോ വ്യതിയാനത്തെയും മതം ഉപേക്ഷിക്കലായി നിയമ ദൃഷ്ട്യാ പരിഗണിച്ചു കൂടാത്തതാണ്. നിശ്ചയമായും മുസ്ലിംകളുടെ ഏകാഭിപ്രായത്തെ സംബന്ധിച്ചിടത്തോളം തന്നെയും ജഡ്ജി അഭിപ്രായപ്പെട്ടത്, 'മുസ്ലിം സമുദായം പൊതുവിലായോ ഇന്ത്യയിൽ പ്രത്യേകിച്ചോ അന്തിമവും ഖണ്ഡിതവുമെന്ന് നമുക്ക് കരുതാവുന്നവിധം എന്തെങ്കിലും ഒരു തീരുമാനം ഇക്കാര്യത്തിൽ എടുത്തിട്ടുണ്ടെന്ന് സ്ഥാപിക്കപെട്ടിട്ടില്ല' എന്നത്രെ. കോടതി ഹദ്റത്ത് അഹ്മദിന്റെ (അവസാനകാലത്തെ പ്രവാചകൻ എന്നു ആരോപിക്കപ്പെട്ട ആൾ) വാചകങ്ങൾ തന്നെ ഉദ്ധരിച്ചിരിക്കയാണ്: 'ദൈവാനുഗ്രഹത്താൽ ഞങ്ങൾ മുസ്ലിംകൾ തന്നെയാകുന്നു. ആ അറബി പ്രവാചകനായ മുഹമ്മദ് മുസ്തഫാ ആകുന്നു ഞങ്ങളുടെ നേതാവും മാർഗദർശിയും. ഖുർആൻ എന്ന ദൈവിക ഗ്രന്ഥത്തിന്റെ ചഷകത്തിൽ നിന്നുള്ളതാകുന്നു, ഞങ്ങളുടെ ആത്മീയജ്ഞാനത്തിന്റെ വീഞ്ഞ്. എല്ലാ പ്രവാചകത്വവും മുഹമ്മദ് എന്ന് പേരുള്ള പ്രവാചകനിലത്രേ ചെന്നു ചേരുന്നത്. എനിക്കു ലഭിച്ച വെളിപാടുകളും

ആത്മീയ പ്രചോദനങ്ങളും സ്വതന്ത്ര മായി അനുഗ്രഹിച്ചു നൽകപ്പെട്ടതല്ല. മറിച്ചു ഈ സമ്മാനം എനിക്കു ലഭിച്ചത് അവിടുന്ന് മുഖേനയത്രേ. വിധി ന്യായ ത്തിൽ ഉദ്ധരിച്ചു കാണുന്ന വിവിധ പാഠങ്ങളെല്ലാം തന്നെ '*ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദൻ അബ്ദുഹു വ റസൂലുഹു*'(അല്ലാഹു വല്ലാതെ ആരാധ നക്കർഹനില്ല. മുഹമ്മദ് ആവന്റെ ദാസനും ദൂതനുമാകുന്നു) എന്ന നിർണായകമായ ഈ രണ്ടു പരിശോധ നാ മാനദണ്ഡത്തിന്റെ അടിസ്ഥാന ത്തിൽ അഹ്മദികളെ സംബന്ധിച്ച് എല്ലാ സംശയങ്ങളും ദൂരീകരിക്ക പ്പെടുന്നു. ബഹുമാനപ്പെട്ട ജഡ്ജി ഓൾ ഫീൽഡ് ഇപ്രകാരം ഊന്നിപറഞ്ഞു: 'മുഹമ്മദ് മതത്തിന്റെ (ഇസ്‌ലാമിന്റെ) സാർവത്രികമായ സ്വീകാരമാണ് ഇതിലെല്ലാം അടങ്ങിയിരിക്കുന്നതെ ന്നാണ് പറയപ്പെടുന്നത്. യഥാർഥത്തിൽ അന്യായ ഭാഗത്തിന്റെ ആക്ഷേപം ഇസ്‌ലാമിൽ അഹ്മദികൾ നടത്തി യതായി പറയുന്ന കൂട്ടിചേർപ്പുകളും അവർ ആരോപിക്കുന്ന പൊരുത്ത ക്കേടുകളും ആണ്. എന്നാൽ ഇസ്‌ലാമി ലെ ഏതു വിശ്വാസ സിദ്ധാന്തങ്ങളാണ് ഏതുവരെയാണ് അനുവദിക്കപ്പെട്ടി ട്ടുള്ളത് എന്നുള്ള കാര്യത്തിൽ ഖണ്ഡി തമായ ഒരു ആധികാരിക രേഖങ്ങ ളുടെ മുമ്പിൽ സമർപ്പിക്കപ്പെട്ടിട്ടില്ല എന്നാണ് എന്റെ അഭിപ്രായം. ബഹു മാനപ്പെട്ട ജഡ്ജിയുടെ വാദഗതി ചിന്തോദ്ദീപകമാണ്. വ്യക്തിപരമായ ഈ തീരുമാനവും സമാന രൂപങ്ങളായ അനുമാനവും ആണ് അനുക്ത സാഹ ചര്യ ങ്ങളിൽ ഏറെക്കുറെ നിയമ വശം നിശ്ചയിക്കുന്നതിനുള്ള ന്യായമായ രീതി എന്നത് പ്രമാണ ഗ്രന്ഥങ്ങളിൽ അംഗീ കരിക്കപ്പെട്ടിട്ടുള്ളതാണ് '

(Ameerali's Muhammedan law ,11-14, Abdudurrahim ,Muhamme dan jurisprudence,25) മൗലിക സത്യങ്ങൾ നിലനിർത്തിക്കൊണ്ട് തന്നെ വികാസ പരിണാമങ്ങൾ എങ്ങനെ ഉൾക്കൊള്ളാ നാകും എന്നതാണ് വിഷയം. ജീവനും വളർച്ചയും നിലനിർത്തിക്കൊണ്ട് ഏതൊരു വിശ്വാസ സിദ്ധാന്തവും നെടുനാൾ നിലനിൽക്കുമ്പോൾ അത്തരം വിശ്വാസ സിദ്ധാന്തങ്ങൾക്ക് എന്തു കൊണ്ടു മാറിയ പരിതസ്ഥിത കൾക്കനുസരിച്ച് രൂപാന്തരണം സംഭവി ക്കുന്നില്ല. ഇക്കാര്യം എന്തുകൊണ്ട് മത ധർമശാസ്ത്രത്തിൽ അംഗീകരിക്ക പ്പെട്ടുകാണുന്നില്ല. യാഥാസ്ഥിതിക വിശ്വാസത്തിൽ നിന്നുള്ള വ്യതിയാന ങ്ങളെന്നോണം ഇവിടെ കീഴ്ക്കോടതി എണ്ണിപ്പറഞ്ഞിട്ടുള്ള ആറു കാര്യങ്ങ ളിലും അഹ്മദികൾ നീതീകരിക്കപ്പെടു ന്നതിന് ഇത്മാത്രം മതിയെന്നാണ് ഞങ്ങൾക്ക് തോന്നുന്നത്. ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്ന കാര്യത്തിൽ വാളുപ യോഗിക്കേണ്ടതില്ലെന്നും സമാധാന പരമായ ന്യായവാദങ്ങളിലുടെയാണ് മതം പരത്തേണ്ടതെന്നുമാണ് അഹ്മ ദികൾ വാദിക്കുന്നത്. സമരാത്മക സാഹചര്യങ്ങൾ ഇന്ന് എവിടെയും നിലവിലില്ലാത്തത് കൊണ്ടും തങ്ങൾ നിവസിക്കുന്ന രാജ്യത്തിലെ നിയമ വ്യവസ്ഥയോട് കൂറുകാണിക്കാൻ ബാദ്ധ്യതപ്പെട്ട നിലയിൽ മറ്റു രാജ്യങ്ങ ളിലും മുസ്‌ലിംകൾ വ്യാപിച്ചിരിക്കുന്നത് കൊണ്ടും അത് അനിവാര്യമായി തീർന്നിരിക്കുന്നു. തുർക്കി സുൽത്താന്റെ ആത്മീയ നേതൃത്വം അംഗീകരിക്കാൻ അവർ കൂട്ടാക്കുന്നില്ല. കാലപരിഗ ണനകൾ വെച്ചുള്ള കാരണങ്ങൾ കൊണ്ട് അത് മൗലിക വിശ്വാസ ങ്ങളിൽപ്പെടുത്തികൂടാത്തതാകുന്നു. (അഹ്മദികളും അഹ്മദികളല്ലാത്തവരും തമ്മിലുള്ള വ്യത്യാസങ്ങളെ സംബ ന്ധിച്ച് മറ്റു പ്രശ്ങ്ങൾ കോടതി പരിശോ ധിക്കുകയുണ്ടായി. കോടതിയുടെ തീരുമാനം ഇപ്രകാരമാണ്.)

(ഹദ്റത്ത്) അഹ്മദ് ഇസ്‌ലാമിന്റെ മൗലികമായ മതോപദേശങ്ങൾ എത്ര ത്തോളം സ്വീകരിക്കുന്നുണ്ടെന്നും എത്രകണ്ട് അതിൽ മുന്നോട്ട് പോകുന്നു ണ്ടെന്നും ഉള്ള കാര്യത്തിൽ അദ്ദേഹ ത്തിന്റെ തന്നെ പ്രസ്താവനകൾ ഉദ്ധരിച്ചു കഴിഞ്ഞിട്ടുണ്ട്. അങ്ങനെ യിരിക്കെ മതം ഉപേക്ഷിച്ചു എന്നു തീരുമാനിക്കത്തക്കവിധം അതിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ എവിടെ യാണ് വ്യതിചലിക്കുന്നതെന്നും തെളി യിച്ചു കാട്ടേണ്ടത് എതിർ കക്ഷിയുടെ ചുമതലയാകുന്നു. അവർ (അഹ്മദി കൾ) അപ്രകാരം ഇസ്‌ലാമിനെ ഉപേക്ഷി ച്ചതായി ഞങ്ങളുടെ മുമ്പിലുള്ള രേഖകളെ മുൻനിർത്തി കരുതുവാൻ സാധ്യമേയല്ല. മുഹമ്മദ് (സ) അവസാന പ്രവാചകൻ ആണെന്നതിനെ സംബ ന്ധിച്ച അഹ്മദിയ്യാ സിദ്ധാന്തത്തെ പറ്റിയും ഞാനൊരു വാക്ക് പറഞ്ഞോ ട്ടെ! ഖുർആനിൽ പറഞ്ഞ 'എനിക്കു ശേഷം വരാനിരിക്കുന്ന അഹ്മദ് എന്നു പേരുള്ള റസൂൽ' എന്നു ഞാൻ മുകളിൽ പരമാർശിച്ച അഹ്മദ് എന്ന പ്രവാചകൻ (ഹദ്റത്ത്)അഹ്മദ് തന്നെയാണെന്നാണ് അഹ്മദിയ്യാ വിശ്വാസം. മുഹമ്മദ്(സ) മറ്റു മുൻ പ്രവാചകന്മാരും ഉദാഹരണത്തിന് ബുദ്ധൻ, രാമൻ, കൃഷ്ണൻ എന്നിവരും ദൈവിക സന്ദേശ വാഹകരായിരുന്നു എന്നും അഹ്മദികൾ വിശ്വസിക്കു ന്നുണ്ട്. ഉദാഹരണത്തിന് ദൈവവും മനുഷ്യനും തമ്മിലുള്ള വെളിപാടു ബന്ധം യേശു മുഖേന മാത്രമല്ല സാധ്യമാവുക എന്നാണ് അവർ വിശ്വസിക്കുന്നത്. തീർച്ചയായും (ഹദ്റത്ത്) അഹ്മദ് (അ) തന്നെയും ഖുർആനിൽ ഏതൊരാളുടെ ആവിർ ഭാവത്തെ പറ്റി ദീർഘ ദർശനം ചെയ്യ പ്പെട്ടിട്ടുണ്ടോ ആ പ്രവാചകനായിട്ടത്രെ അദ്ദേഹത്തിന്റെ അനുയായികളാൽ സ്വീകരിച്ചാദരിക്കപ്പെടുന്നത്. എന്നാൽ ന്യായപ്രമാണവാഹിയായ ഒരു പ്രവാചകനും വിശുദ്ധ നബി തിരു മേനിക്ക് ശേഷം അദ്ദേഹത്തിന്റെ അനുയായികളിൽ നിന്നു പോലും പ്രത്യക്ഷപ്പെടാൻ സാദ്ധ്യമല്ല, ആ വാതിൽ പൂർണമായും അടക്ക പ്പെട്ടിരിക്കുന്നു എന്നതത്രെ ഈ മസീഹ്(ഹദ്റത്ത് അഹ്മദ്) സ്വീക രിച്ചിട്ടുള്ള നിലപാട്. ഈ കാഴ്ച്ചപാടിൽ ജഡ്ജി ഓൾഡ്ഫീൽഡ്, അഹ്മദി കളുടെ അദ്ധ്യാപനങ്ങളെയും മതോപ ദേശങ്ങളെയുമെല്ലാം ആകെ കൂടി വിലയിരുത്തിക്കൊണ്ട് സങ്കോചലേശ മന്യേ അഭിപ്രായപ്പെട്ടത് അവർക്ക് ഇസ്‌ലാം മതവുമായി വസ്തു നിഷ്ഠാ പരമായ തദാത്മ്യമുണ്ട് എന്നത്രെ. കൃഷ്ണൻ ജഡ്ജിയും ഇസ്‌ലാമിക ധർമശാസ്ത്രത്തിലെ ഈ പ്രശ്നത്തെ പരാമർശിക്കുകയും സർ അബ്ദുർ റഹീമിന്റെ വീക്ഷണത്തോട് യോജി ക്കുകയുമുണ്ടായി. Muhammadan Jurispudence ന്റെ 25-ാം ഭാഗത്ത് സർ അബ്ദുർറഹീം പറയുന്നു: 'ചിലയാ ളുകൾ മറ്റുള്ളവരുടെ മേൽ അവിശ്വാ സത്തിന്റെ കുറ്റം വെച്ചു കെട്ടാനും മത ഭ്രഷ്ടരെന്നോണം അവരോട് പെരുമാ റാനും ബദ്ധത കാണിക്കുന്നു. എന്നാൽ മത ഭ്രംശപരമായ സിദ്ധാന്തങ്ങൾ വ്യക്തവും അവിതർക്കിതവുമായ ദൈവിക വചനങ്ങൾക്ക് എതിരായിരിക്കു ന്നുവെങ്കിൽ മാത്രമെ അവിശ്വാസമായി രിക്കുമെന്നും അല്ലാത്ത പക്ഷം അവിശ്വാസമാകയില്ല എന്നുമത്രെ ശരിയായ നിയമം.' വിശദമായ പഠന ത്തിന് ശേഷം ബഹുമാനപ്പെട്ട ജഡ്ജി തന്റെ ബഹുമാന്യ സഹോദരനോ ടൊപ്പം, അഹ്മദികൾ മുഹമ്മദീയരിൽ (മുസ്‌ലിംകളിൽ) പെട്ട ഒരു നവീകൃത വിഭാഗമാണെന്ന യോജിച്ച തീരുമാന ത്തിലെത്തിച്ചേർന്നു. (തുടരും) ●



# കർബല:

അമീർ സഫീർ

## സ്നേഹപ്രകടനത്തിന്റെ ശരിയായ മാർഗം

കർബല, മുസ്‌ലിംകളുടെ ഹൃദയം നുറുങ്ങിപ്പോവുന്ന ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും വേദനാജനകമയ സംഭവമാണ് . കർബലയുടെ സ്മരണയിൽ വീണ്ടും സമുദായം സംഘർഷഭരിതമാവാൻ പാടില്ല. റസൂൽ (സ)തിരുമേനിയേയും കുടുംബത്തേയും എങ്ങനെ സ്നേഹിക്കണമെന്ന് വാഗ്ദത്ത മസീഹ് (അ) വിവരിച്ചിട്ടുണ്ട്.

**കർബലയിലെ ദുരന്തം**

നബി(സ)തിരുമേനിയുടെ അനുഗൃഹീത പൗത്രനായ ഹദ്റത്ത് ഇമാം ഹുസൈൻ(റ) മുആവിയയുടെ പുത്രനായ യസീദിന് ബൈഅത്ത് ചെയ്യാൻ വിസമ്മതിച്ചതാണ് കർബല സംഭവത്തിന്റെ പശ്ചാത്തലം. ഹദ്റത്ത് ഇമാം ഹുസൈന്റെ പിതാവും ഖുലഫാ ഉർറാശിദീങ്ങളിൽ നാലാമനുമായ ഹദ്റത്ത് അലി (റ) ക്കെതിരെ മുആവിയ വിപ്ലവം നടത്തിയിരുന്നു. അദ്ദേഹം സ്വയം ഭരണം നടത്തുകയും സ്വയം നിശ്ചയിക്കപ്പെട്ട ഖലീഫയായി പ്രഖ്യാപനം നടത്തുകയും ചെയ്തി രുന്നു. തന്റെ മരണത്തിന് മുമ്പ് മകനായ യസീദിനെ തന്റെ അനന്തരാവകാശിയായി നിയമിക്കുകയും ചെയ്തു. നിരവധി മുസ്‌ലിംകൾ യസീദിന് ബൈഅത്ത് ചെയ്തിരുന്നുവെങ്കിലും ഹദ്റത്ത് ഇമാം ഹുസൈനും മറ്റുചില അനുയായികളും ഇത് നിരാകരിക്കുകയുണ്ടായി. യസീദിന്റെ ഭക്തിരാഹിത്യം കാരണം ഖിലാഫത്ത് പദവി വഹിക്കാൻ അയോഗ്യനാണെന്നും അതിനുള്ള അർഹത അദ്ദേഹത്തിനില്ലെന്നും അവർക്ക് തോന്നി. സ്വയമേവ അനന്തരാവകാശം സിദ്ധിക്കുന്ന രാജാധികാരം പോലെയുള്ള ഒരു വ്യവസ്ഥയല്ല ഖിലാഫത്ത് എന്നായിരുന്നു അവരുടെ നിലപാട്. ജനങ്ങളുടെ ഇച്ഛപ്രകാരമാണെങ്കിലും യഥാർഥ ഖലീഫയെ അല്ലാഹുവാണ് തിരഞ്ഞെടുക്കുന്നത്. അതിനാൽ മുആവിയയും യസീദും ഖിലാഫത്തിന്റെ പരിവേശത്തിൽ സ്വേച്ഛാധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുകയായിരുന്നു. ഒടുവിൽ ഹദ്റത്ത് ഇമാം ഹുസൈൻ (റ) എഴുത്തു മുഖേന ബൈഅത്ത് വാങ്ങി ഏകദേശം 18,000 ആളുകളേയും കൂട്ടി ഇറാഖിലെ കൂഫയിലേക്ക് യാത്ര ആരംഭിച്ചു. ഹദ്റത്ത് ഇമാം ഹുസൈന് ദർശനം മുഖേനയും മറ്റു ചിലരിൽ നിന്നുള്ള അറിയിപ്പു മുഖേനയും ഏന്തോചിലത് ശരിയല്ലെന്ന് മനസ്സിലായിരുന്നു. കൂഫ ജനങ്ങൾ തനിക്കനുകൂലമല്ലെന്ന് പൂർണമായും അറിയാതെയാണ് അദ്ദേഹം കൂഫയിലേക്ക് പുറപ്പെട്ടത്. വഴിയിൽ കർബലയിൽ വെച്ച് ഹദ്റത്ത് ഇമാം ഹുസൈനും സംഘത്തിനും ഭീമമായ ഒരു സൈന്യത്തെ നേരിടേണ്ടി വന്നു. ഇമാം ഹു സൈനെ (റ)യും സംഘത്തെയും തടുത്തു നിർത്തി അവരോട് യസീദിന് ബൈഅത്ത് ചെയ്യാൻ ആവശ്യപ്പെടാൻ തനിക്ക് കൽപ്പനയുണ്ടെന്ന് ശത്രുപക്ഷത്തെ പട്ടാള മേധാവി പറഞ്ഞു. തന്നെ കൂഫയിലെ ജനങ്ങൾ വിളിച്ചിരിക്കയാണെന്നും ഇനി മറ്റെവിടെയെങ്കിലും പോവാൻ താൻ തയ്യാറാണെന്നും ഇമാം ഹുസൈൻ(റ) വിശദീകരിച്ചെങ്കിലും അതെല്ലാം ബധിരകർണങ്ങളിലായിരുന്നു പതിച്ചത്.

ആശുറാ ദിനം രാവിലെ (മുഹറം 10 ന്) വിധി ദിവസം വന്നെത്തി. 4000 പട്ടാളക്കാർക്കെതിരിൽ ഇമാം ഹുസൈ(റ)ന്റെ കൂടെ ഏകദേശം 72 പേർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇമാം ഹുസൈന്റെ സഹചരരിൽ ഒരോരുത്തരായി അദ്ദേഹത്തെ രക്ഷിക്കാൻ ശത്രുക്കളുമായി യുദ്ധം

ചെയ്തു. ഓരോരുത്തരായി മരിച്ചു വീണു. അതിന് ശേഷം അഹ്‌ലു ബൈത്ത് (നബിതിരുമേനി(സ)യുടെ കുടുംബാംഗങ്ങൾ) ഓരോരുത്തരായി കർബലാ മൈതാനത്ത് രക്തസാക്ഷി കളായി. ഇമാം ഹുസൈൻ(റ) വളരെ ധീരതയോടെ അവസാനം വരെ പോരാടി രക്തസാക്ഷിയായി. കുതിര പടയാളികൾ ഹദ്റത്ത് ഇമാം ഹുസൈൻ (റ)ന്റെ മൃതദേഹം ചവിട്ടി മെതിച്ചു. ആ മഹാത്മാവിന്റെ മൃതദേഹ ത്തിൽ 45 അമ്പുകൾ തറച്ചിരുന്നു. കുന്തം കൊണ്ടുള്ള 35 മുറിവുകൾ ഉണ്ടായിരുന്നു. 40 പ്രാവശ്യം വാളിന്റെ വെട്ടേറ്റിരുന്നു. ഹദ്റത്ത് ഇമാം ഹുസൈ(റ)ന്റെ ശിരസ്സ് ഉടലിൽ നിന്ന് വെട്ടിമാറ്റി കൂഫയിലേക്ക് കൊണ്ടു പോയി. ഗവർണർ അത് പൊതു ജനങ്ങൾക്ക് കാണാനായി പ്രദർശി പ്പിച്ചു. ഇസ്‌ലാമിക ചരിത്രത്തിൽ ഇത് ദുരന്ത പൂർണമായ ദിനമായിരുന്നു. നിർദാക്ഷിണ്യമായ വധത്തിൽ അല്ലാഹു വിന്റെ വരിഷ്ട ദാസന്മാരുടെ രക്തം ചിന്തുകയുണ്ടായി. കൂഫയിലെ ജനങ്ങൾ അങ്ങേയറ്റത്തെ ഭീരുത്വവും കാപട്യ വുമാണ് കാണിച്ചത്. എന്നിരിക്കിലും ഇമാം ഹുസൈൻ തന്റെ ജീവൻ ത്യജിച്ചത് സത്യത്തെ ഉയർത്തി പിടിക്കാ നായിരുന്നു വെന്നതിൽ സംശയമില്ല. ഇവിടെ നമ്മുടെ ഉദ്ദേശ്യം നബി തിരു മേനി (സ) യോടും കുടുംബത്തോടും യഥാർഥ സ്നേഹം എങ്ങനെ പ്രകടിപ്പി ക്കാം എന്ന കാര്യം വിശദീകരി ക്കാനാണ്.

വാഗ്ദത്ത മസീഹും ഇമാം മഹ്ദിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) തന്റെ ലിഖിതങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത് യസീദ് അശുദ്ധനായ ഒരു കീടമാണെന്നാണ്. ഭൗതികലോകത്തോടുള്ള സ്നേഹ ത്താൽ അയാൾ അന്ധനായിരുന്നു. അതേ സമയം ഇമാം ഹുസൈൻ (റ) സത്യസന്ധനും മുസ്‌ലിംകൾക്ക് അനുകരണീയനായ പരിശുദ്ധ മാതൃക യുമായിരുന്നു. ഒരിക്കൽ വാഗ്ദത്ത മസീഹിന്റെ ഗൃഹത്തിൽ ഹദ്റത്ത് ഇമാം ഹുസൈന്റെ രക്തസാക്ഷി ത്വത്തെകുറിച്ച് വിവരിക്കപ്പെടുക യായിരുന്നു. ഇതു കേട്ടപ്പേൾ വാഗ്ദത്ത മസീഹ് (അ) പൊട്ടിക്കരയാൻ തുടങ്ങി. എന്നിട്ട് കഠിന വേദനയോടെ പറഞ്ഞു **'യസീദ് മുഹമ്മദ് നബി(സ) യുടെ പൗത്രനെതിരിൽ ഈ കൊടും ക്രൂരത കാണിച്ചു. പക്ഷേ ഉടനെ അക്രമിയുടെ മേൽ ദൈവ കോപമിറങ്ങി'**

## നബി (സ) തിരുമേനി യോടുള്ള യഥാർഥ സ്നേഹപകടനം

1000 വർഷങ്ങൾക്ക് മുമ്പ് കർബല മൈതാനത്തിൽ നടന്ന ഹദ്റത്ത് ഇമാം ഹുസൈ ന്റേയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെയും സഹചരരുടേയും രക്തസാക്ഷിത്വത്തിൽ ലോകത്തെങ്ങുമുള്ള മുസ്‌ലിംകൾ എല്ലാവർഷവും മുഹററത്തിലെ ആദ്യ ത്തെ പത്ത് ദിനങ്ങളിൽ ദുഃഖമാചരി ക്കുന്നു. എന്തെന്നാൽ നിർണായക ദിവസം രക്തസാക്ഷികളായത് നബി തിരുമേനിയുടെ (സ) ഏറ്റവും അടുത്ത കുടുബാംഗങ്ങളായിരുന്നു. കർബലയെ സ്മരിക്കുന്നതിൽ മുസ്‌ലിംകൾക്ക് പ്രത്യേക പ്രാധാന്യം കാണുന്നു. ചില മുസ്‌ലിംകൾ തെരുവിലിറങ്ങി കൈകൾ കൊണ്ടും ആയുധം കൊണ്ടും നെഞ്ചത്തടിച്ച് ആർത്തു കരയുന്നു. നബി തിരുമേനി (സ) യുടെ കുടുംബം കർബലയിൽ അനുഭവിച്ച ദുരിതം അക്ഷരാർഥത്തിൽ പ്രാവർത്തികമാക്കു ന്നത് ഈ സ്മരണയുടെ സുപ്രധാന മായ വശമാണെന്ന് വിശ്വസിക്ക പ്പെടുന്നു. മറ്റുള്ളവർ ജാഥകളിൽ പങ്കെടുക്കുന്നു. പ്രത്യേകമായി സംഘടി പ്പിക്കുന്ന ചടങ്ങുകളിൽ പങ്കെടുക്കുന്ന തിനു പള്ളികളിലും ഹാളുകളിലും കൂട്ടമായി പങ്കെടുക്കുന്നു. എന്നിരി ക്കിലും അത്തരം കൂട്ടായ്മകളിൽ ഇസ് ലാമികാദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായ നിരവധി ബിദ്അത്തുകൾ നടക്കുന്നു. കുടാതെ വിഭാഗീയമായ ആക്രമണ ങ്ങൾ ഈ മാസത്തിൽ അരങ്ങേറുന്നു. സുന്നികൾ ശിയാക്കളേയും ശിയാക്കൾ സുന്നികളേയും ആക്രമിക്കുന്നു. അതു മുഖേന ജീവഹാനിയും സ്വത്തു നാശവും ഉണ്ടാകുന്നു. ഇതെല്ലാം നിർവഹിക്കപ്പെടുന്നത് അല്ലാഹുവി ന്റെയും നബിതിരുമേനി (സ) യു ടെയും പേരിലാണ്. അതിനാൽ കർബലയിലെ സംഭവങ്ങളിൽ അനുശോചിക്കേണ്ട ശരിയായ വഴിയേതാണ് എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഈ കാലഘട്ടത്തിലെ വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) വളരെ മനോഹരമായ രീതിയിൽ നമുക്കത് വിശദീകരിച്ചു തന്നിട്ടുണ്ട്. വാഗ്ദത്ത മസീഹിന് തിരുമേനി(സ)യോടും കുടുംബത്തോടും ഉണ്ടായിരുന്ന സ്നേഹം പരിപൂർണവും ആത്മാർ ഥവും നിസ്തുലവുമായിരുന്നു. ആ മഹാത്മാവിന്റെ ലിഖിതങ്ങളിലും എഴുത്തുകളിലും പ്രഭാഷണങ്ങളിലും നബിതിരുമേനി(സ)യോടുള്ള ഹൃദയംഗ മമായ സ്നേഹം നിറഞ്ഞു നിൽക്കുന്നു. നബി തിരുമേനി (സ) യോട് വാഗ്ദത്ത മസീഹിനുണ്ടായിരുന്ന ഭക്ത്യാദരങ്ങൾ യഥോചിതം ചിത്രീകരിക്കാൻ നിരവധി ഗ്രന്ഥങ്ങൾ വേണ്ടി വരും. ആമഹാത്മാ വിനുണ്ടായിരുന്ന സ്നേഹത്തിലേക്ക് ഒരു എത്തിനോട്ടം നടത്തുകയാ ണിവിടെ. അദ്ദേഹം എഴുതുന്നു:

**മുഹമ്മദ് (അദ്ദേഹത്തിനു മേൽ ആയിരമായിരം അനുഗ്രഹങ്ങളും സമാധാനവും ഉണ്ടാകട്ടെ ) എന്ന പേരുള്ള അറബി പ്രവാചകന്റെ ഉന്നതമായ സ്ഥാനം എന്നെ വിസ്മയ ഭരിതനാക്കുന്നു. ഒരാൾക്കും തന്നെ അദ്ദേഹത്തിന്റെ ഉന്നത സ്ഥാനം പ്രാപിക്കാൻ സാധ്യമല്ല.അവിടുത്തെ ആത്മീയ സ്ഥാനത്തെ ശരിയാം വണ്ണം വിലയിരുത്താൻ മനുഷ്യനാൽ സാധ്യ മല്ല. ഓരോ അനുഗ്രഹത്തിന്റെ യും ഉറവിടം അദ്ദേഹമാണ്. ഓരോ ഔന്ന ത്യത്തിന്റേയും താക്കോൽ ആ മഹാത്മാവിന് നൽകപ്പെട്ടിരിക്കുന്നു. എല്ലാ ജ്ഞാനത്തിന്റെയും ഖജനാവ് അദ്ദേഹത്തിന് പ്രദാനം ചെയ്യപ്പെട്ടി രിക്കുന്നു.ആ മഹാത്മാവിന്റെ അനുഗ്ര ഹത്തെ അംഗീകരിക്കാതെ മേൽ ക്കോയ്മ അവകാശപ്പെടുന്നയാൾഒരു മനുഷ്യനല്ല. പിശാചിന്റെ സന്തതി യാണ്. ഞാനൊന്നുമല്ല. ഒന്നിന്റേയും ഉടമയുമല്ല. ദൈവത്തിന്റെ ഏകത്വ ത്തിന്റെ യാഥാർഥ്യം ആ മഹാത്മാ വിൽ നിന്നാണ് ഞാൻ പഠിച്ചിട്ടു ള്ളതെന്ന് സമ്മതിക്കാത്ത പക്ഷം അത് ഏറ്റവും വലിയ കൃതഘ്നതയായിരി ക്കും. സജീവനായ ദൈവത്തിന്റെ തിരിച്ചറിവ് ഈ പരിപൂർണ പ്രവാചകൻ മുഖേനയാണ്, അദ്ദേഹത്തിന്റെ പ്രകാശത്തിൽ കൂടിയാണ് ഞാൻ കൈവരിച്ചിട്ടുള്ളത്. ദൈവിക മുഖം ദർശിക്കാനുള്ള ദൈവവുമായുള്ള സംഭാഷണത്തിന്റെ ബഹുമതി എനിക്ക് നൽകപ്പെട്ടിട്ടുള്ളത് ഈ മഹാനായ പ്രവാചകൻ മുഖേനയാണ്. മാർഗ ദർശനത്തിന്റെ സൂര്യരശ്മി സൂര്യ പ്രകാശം പോൽ എന്നിൽ പതിക്കുന്നു. ഞാൻ പ്രകാശിതനായി തുടരുന്നത് അതുമായി തദാത്മ്യം പ്രാപിക്കുമ്പോൾ മാത്രമാണ്'**

മുസ്‌ലിംകളുടെ ധാർമികാവസ്ഥ ഏറ്റവും താഴ്ന്ന നിലയിലാവുകയും പള്ളികൾ ജന ബഹുലമാവുകയും ശരിയായ ആരാധന ഇല്ലാതിരിക്കുക യും വിശുദ്ധ ഖുർആന്റെ ആന്തരികാർ ഥങ്ങൾ മനസ്സിലാകാതെ മുസ്‌ലിംകൾ

അത് പാരായണം ചെയ്യുകയും മുസ്‌ലിം പുരോഹിതർ സൃഷ്ടികളിൽ ഏറ്റവും മോശപ്പെട്ടവരാകുകയും ചെയ്യുന്ന കാലത്ത് മസീഹ് ആഗതാനാകും എന്ന് മുഹമ്മദ് നബി (സ) പ്രവചിച്ചിട്ടുണ്ട്. ഈയൊരു പരിതസ്ഥിതിയിലാണ് വാഗ്ദത്ത മസീഹ് ആഗതനായത്. ഖുർആനികസൂക്തങ്ങളുടെ ആന്തരികാർഥങ്ങൾ വിശദീകരിച്ചു കൊണ്ട് ഇസ്‌ലാമികാദ്ധ്യാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്ന കർത്തവ്യം അദ്ദേഹമാണ് നിർവഹിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ അവകാശവാദങ്ങളെ ദൃഢീകരിക്കുന്ന ബുദ്ധിപരമായ ആയിരക്കണക്കിന് തെളിവുകൾ അദ്ദേഹം നൽകി. അദ്ദേഹത്തിന് പിന്തുണയായി നിരവധി ദൈവിക ദൃഷ്ടാന്തങ്ങൾ പ്രകടമാകുകയും ചെയ്തു. ദൈവിക മാർഗ ദർശനത്താൽ 80 ലധികം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. അവ ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ ഉൾക്കാഴ്ച്ച ഉൾക്കൊള്ളുന്നവയായിരുന്നു. ദൈവികമായി പഠിപ്പിക്കപ്പെട്ട ഗൂഢാർഥങ്ങളുടെ വ്യതിരിക്തത ഉൾക്കൊള്ളുന്നവയായിരുന്നു അദ്ദേഹത്തിന്റെ ലിഖിതങ്ങൾ.

ഹക്കമൻ അദലൻ (നീതിമാനായ വിധികർത്താവ്) എന്ന നിലയിൽ തെറ്റായ പല ധാരണകളെയും ദുരീകരിക്കാൻ ദൈവം തന്നെ നിയോഗിച്ചിരിക്കയാണെന്ന് അദ്ദേഹം അവകാശപ്പെട്ടു. അവ സ്വയം തന്നെ മുസ്‌ലിം ആചാരാനുഷ്ഠാനങ്ങളിൽ കടന്നു കൂടിയിരിക്കയാണ്. ഖുർആനാണ് മുസ്‌ലിംകളുടെ പരിപൂർണ ഗ്രന്ഥം. അതിൽ യാതൊന്നും തന്നെ പുതുതായി കൂട്ടിചേർക്കപ്പെട്ടിട്ടില്ല. വാഗ്ദത്ത മസീഹ് (അ) വിശദീകരിക്കുന്നു.

**'ആകാശത്തിന് കീഴിൽ ഇപ്പോൾ ഒരു പ്രവാചകനും ഒരു ഗ്രന്ഥവുമാണുള്ളത്. ആ പ്രവചകൻ മുഹമ്മദ് നബി(സ) ആണ്. തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം എല്ലാ പ്രവചകന്മാരേക്കാളും ഉന്നതനാണ്. ഏറ്റവും പരിപൂർണനായ പ്രവാചകനും ഖാത്തമുൽ അംബിയാഉം ആണ്. മനുഷ്യനിൽ ഏറ്റവും ഉത്തമൻ ആണ്. അദ്ദേഹത്തെ പിന്തുടർന്നാൽ നമുക്ക് സർവശക്തനായ ദൈവത്തെ കണ്ടെത്താൻ സാധിക്കുന്നു. അന്ധകാരത്തിന്റെ എല്ലാ മറകളും ഉയർത്തപ്പെടുന്നു. ഈ ജീവിതത്തിൽ തന്നെ യഥാർഥ മോക്ഷത്തിന്റെ അടയാളങ്ങൾക്ക് സാക്ഷിയാവാൻ സാധിക്കുന്ന ഗ്രന്ഥം വിശുദ്ധ ഖുർ ആൻ ആകുന്നു. അതിൽ യഥാർഥവും സമഗ്രവും ഫലപ്രദവുമായ മാർഗ ദർശനം അടങ്ങിയിരിക്കുന്നു. അതു മുഖേന ദൈവത്തെക്കുറിച്ചുള്ള പരിപൂർണ ജ്ഞാനം ലഭ്യമാവുന്നു. മനുഷ്യന്റെ ദുർബലതകളിൽ നിന്ന് ഹൃദയം ശുദ്ധീകരിക്കപ്പെടുന്നു. അജ്ഞതയിൽ നിന്നും സംശയങ്ങളിൽ നിന്നും മാറി മനുഷ്യൻ നിശ്ചയ ജ്ഞാനത്തിന്റെ പരിപൂർണതയിൽ എത്തിച്ചേരുന്നു.'**

വിശുദ്ധ ഖുർആന്റെ യഥാർഥ അദ്ധ്യാപനങ്ങളുടെയും തിരുനബി (സ)യുടെ ചര്യയുടെയും അടിസ്ഥാനത്തിൽ മുസ്‌ലിംകളുടെ തെറ്റായ അനുഷ്ഠാനങ്ങളും സിദ്ധാന്തങ്ങളും വാഗ്ദത്ത മസീഹ് തിരുത്തി. ഇതിന്റെ വെളിച്ചത്തിൽ അദ്ദേഹത്തിന് പ്രവാചകനോടുള്ള അനുരക്തി നിസ്തുലമാണെന്ന് കാണാം. വാഗ്ദത്ത മസീഹ് എഴുതുന്നു.

***'ഈ പരിപൂർണ മനുഷ്യന് നൽകപ്പെട്ട ഉന്നത നിലയിലുള്ള പ്രകാശം മലക്കുകളിൽ കാണുമായിരുന്നില്ല. നക്ഷത്രങ്ങളിൽ കാണുമായിരുന്നില്ല. സമുദ്രങ്ങളിലും നദികളിലു മുണ്ടായിരുന്നില്ല. ചുരുക്കത്തിൽ ആകാശങ്ങളിലും ഭൂമിയിലുമുള്ള മറ്റൊന്നിലും ഉണ്ടായിരുന്നില്ല. സമുദ്രങ്ങളിലും നദികളിലുമുണ്ടായിരുന്നില്ല. മാണിക്യത്തിലും മരതകത്തിലും ഉണ്ടായിരുന്നില്ല. അതിലുപരി പൂർണനായ ഈ മനുഷ്യനിലുണ്ടായിരുന്നു. അതിന്റെ സമഗ്രവും ഉന്നതവുമായ ഉദാഹരണമാണ് നമ്മുടെ പ്രഭുവും യജമാനനും പ്രവാചകന്മാരുടെ നേതാവുമായ മുഹമ്മദ് നബി(സ) യിലുണ്ടായിരുന്നത്. ആ പ്രകാശം ഈ മനുഷ്യനിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നിറമുൾക്കൊള്ളുന്ന ഏത് വ്യക്തികൾക്കും അവരുടെ നിലയനുസരിച്ച് പ്രകാശം ലഭ്യമാകും. ഈ മഹത്വം അതിന്റെ പരിപൂർണതയിൽ എത്തിയത് നമ്മുടെ യജമാനനും മാർഗദർശകനുമായ, സാത്വികനായ, സാത്വികരുടെ സാക്ഷ്യമുള്ള മുഹമ്മദ് നബി(സ) യിലായിരുന്നത്രേ.'***

മറ്റൊരിടത്ത് നബി (സ)യുടെ മുഅ്ജിസ അതായത് അജ്ഞതയിലും ധാർമി കാധപതനത്തിലും മുഴുകിയിരുന്ന ഒരു ജനതയെ ഭക്തിയുടെ തിളങ്ങുന്ന മാതൃകയാക്കി മാറ്റിയ കാര്യം വിവരിച്ചു കൊണ്ട് വാഗ്ദത്ത മസീഹ് (അ) എഴുതുന്നു.

**'വളരെ വിചിത്രവും ശ്രദ്ധേയവുമായ ഒരു സംഭവം അറേബ്യയിൽ നടന്നു. ലക്ഷക്കണക്കിന് മൃതരായവർ ദിവസങ്ങൾക്കുള്ളിൽ ജീവനുള്ളവരായി മാറി. തലമുറതലമുറകളോളം ദുഷിച്ചു പോയവർ ദൈവിക ദിവ്യവർണം സ്വീകരിച്ചവരായി രൂപാന്തരപ്പെട്ടു. കുരുടന്മാർ കാണാൻ തുടങ്ങി. ഊമകളായവരുടെ നാവിൽ നിന്ന് ദൈവികജ്ഞാനം പ്രവഹിക്കാൻ തുടങ്ങി. ലോകത്ത് അതിന് മുമ്പൊരിക്കലും ഒരു ചെവിയും കേൾക്കാത്തതും ഒരു കണ്ണും കാണാത്തതുമായ മഹാദ്ഭുതമാണ് അരങ്ങേറിയത്. ഇത് എന്തു കൊണ്ടായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ? ദൈവത്തിൽ പരിപൂർണമായും വിലയം പ്രാപിച്ച ഒരു വ്യക്തി അന്ധകാര നിബിഢമായ രാത്രിയിൽ ചെയ്ത പ്രാർഥനയുടെ ഫലമായിരുന്നു ഇതെല്ലാം. ഇത് ലോകത്തെ ഇളക്കി മറിച്ചു. അങ്ങനെ നിരക്ഷരനും നിസ്സഹായനുമായ ഒരു വ്യക്തിയുടെ കയ്യാൽ അസാദ്ധ്യവും അസംഭവ്യവുമെന്ന് തോന്നുന്ന അദ്ഭുതങ്ങൾ വെളിപ്പെടുമാറായി. ഓ അല്ലാഹുവേ, മുസ്‌ലിം ഉമ്മത്തിന് വേണ്ടി അവിടുന്ന് പ്രകടിപ്പിച്ച ഉത്കണ്ഠയും അനുഭവിച്ച കഷ്ട പാടുകൾക്കും ദുഃഖങ്ങൾക്കും അനുസരിച്ച് അദ്ദേഹത്തിൽ സലാമും അനുഗ്രഹങ്ങളും ഇറക്കുകയും അദ്ദേഹത്തിന് മേൽ നിന്റെ ദീപ്തി വർഷം ചൊരിയുകയും ചെയ്യേണമേ!'**

വാഗ്ദത്ത മസീഹിന് ശേഷം ദൈവേച്ഛയാൽ ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിക്കപ്പെട്ടു. വിശുദ്ധഖുർആന്റെയും തിരുനബി (സ)യുടെയും പ്രവചനങ്ങളനുസരിച്ചായിരുന്നു ഇത്. വാഗ്ദത്ത മസീഹിന് നൽകപ്പെട്ട അഗാധമായ ആത്മീയ ജ്ഞാനത്തിന്റെ

ഞാൻ എപ്പോഴും വളരെ വിസ്മയത്തോടെയാണ് അറബി പ്രവാചകനായ മുഹമ്മദ് മുസ്തഫ(സ)യെ നോക്കിക്കാണാറുള്ളത്. അദ്ദേഹത്തിന്റെ പദവി എത്രമാത്രം ഉന്നതമാണ്. അദ്ദേഹത്തിന്റെ ഔന്നത്യത്തിന്റെ പരിധി നിർണയിക്കാൻ ആർക്കും സാധ്യമല്ല.

–ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)



കർബല: ഇമാം ഹുസൈൻ (റ) ന്റെ കബർ സ്ഥിതിചെയ്യുന്ന സ്ഥലം

വെളിച്ചത്തിൽ അഹ്മദിയ്യാമുസ്ലിം ജമാഅത്തിന്റെ ഇപ്പോഴത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അൽ ഖാമിസ് ഒരു ജുമുഅ ഖുത്ബയിൽ കർബലയെ അനുസ്മരിക്കാനുള്ള ഏറ്റവും ഉത്തമമായ രീതി വിവരിച്ചിരിക്കുന്നു. നബി (സ) തിരുമേനിയുടെയും അനുഗ്രഹങ്ങളും അഭിവാദനങ്ങളും ചൊരിയാൻ ദുറൂദ് അയക്കുകയും നമ്മിൽ തന്നെ ഒരു പരിവർത്തനമുണ്ടാക്കുകയുമാണ് വേണ്ടത്. കർബല സംഭവത്തിൽ എല്ലാ മുസ്ലിംകളും ദുഖവും വേദനയും അനുഭവിക്കുന്നുണ്ടെന്ന് ഹുസൂർ പറഞ്ഞു. പക്ഷേ ഞങ്ങളുടെ വീക്ഷണത്തിൽ ചില മുസ്ലിം ഗ്രൂപ്പുകൾ തീവ്രമായ ആചാരങ്ങൾ കൈക്കൊള്ളുന്നു. വിശുദ്ധ ഖുർആൻ ദുറൂദ് വിവരിച്ചു തന്നിട്ടുണ്ട്. തിരു നബി (സ)യുടെ ഹദീസുകളും ഇതിലേക്ക് ശ്രദ്ധക്ഷണിച്ചിട്ടുണ്ട്. അതുപോലെ തന്നെ വാഗ്ദത്ത മസീഹും ഈ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. നബി തിരുമേനി(സ) യോടും കുടുംബത്തോടും സ്നേഹം പ്രകടിപ്പിക്കാനുള്ള ഏറ്റവും മികച്ച മാർഗമാണിത്. വാഗ്ദത്ത മസീഹ് (അ) പറഞ്ഞു: **'ഒരു രാത്രി നബി തിരുമേനി (സ)യുടെ മേൽ അനുഗ്രഹങ്ങൾ തേടി. എത്രത്തോളമെന്നാൽ എന്റെ ഹൃദയവും മസ്തിഷ്ക്കവും അതിന്റെ സുഗന്ധത്താൽ പൂരിതമായി. അന്ന് രാത്രി ഒരു സ്വപ്നത്തിൽ മലക്കുകൾ എന്റെ വീട്ടിലേക്ക് പ്രകാശം നിറച്ച തോൽ സഞ്ചികളുമായി വരുന്നത് കണ്ടു. അവയിലൊരു മലക്ക് എന്നോട് പറഞ്ഞു: താങ്കൾ മുഹമ്മദ് നബി (സ)യിലൂടെ നേടിയ അനുഗ്രഹങ്ങളാണിത്.'**

**'വാഗ്ദത്ത മസീഹിന്റെ ജീവിതം നബി തിരുമേനി(സ) യുടെ ജീവിതത്തിന്റെ പരിപൂർണ പ്രതിഫലനമായിരുന്നു. അത് കാരണമായി അദ്ദേഹത്തിന്റെ ബദ്ധവൈരിയായിരുന്നവർ പോലും യഥാർഥ ഇസ്ലാമിലേക്ക് ചായ്വുള്ളവരായി തീർന്നു. വാഗ്ദത്ത മസീഹ് നമ്മെ പഠിപ്പിച്ചിരിക്കുന്നത് നബി തിരുമേനി (സ) യോടുള്ള യഥാർഥ സ്നേഹം പ്രകടിപ്പിക്കാൻ ഒരു യഥാർഥ മുസ്ലിം നബി (സ) യുടെ പേരിൽ സ്വലാത്ത് ചൊല്ലുന്നതോടൊപ്പം തന്നെ ആ മഹാത്മാവിന്റെ മാതൃക പിന്തുടരാൻ കഠിന യത്നം ചെയ്യണമെന്നാണ്. ദൈവത്തിന്റെ എല്ലാകൽപ്പനകളും അയാൾ അനുസരിക്കുകയും വേണം. തന്റെ ജീവിതത്തിന്റെ ഒരോ നിമിഷവും റസൂൽ തിരുമേനി(സ) കാണിച്ചു തന്ന വഴിയിൽ സഞ്ചരിക്കുകയും പ്രയത്നിക്കുകയും വേണം. ഒരു മുസ്ലിം ഈ സമീപനം കൈകൊള്ളുകയാണെങ്കിൽ അവന്റെ/അവളുടെ ഹൃദയത്തിൽ നിന്നും ദറൂദ് ബഹിർഗമിക്കും. അവനോ/ അവളോ നന്മയുടെയും ധാർമികതയുടെയും ഉന്നത നിലവാരത്തിൽ വർത്തിക്കുന്നവരായിരിക്കും. ഇങ്ങനെയാണ് നബി(സ) തിരുമേനി യോടുള്ള യഥാർഥ സ്നേഹം പ്രകടിപ്പിക്കേണ്ടത്. അല്ലാതെ നബി തിരുമേനി (സ) ഒരിക്കലും അനുഷ്ഠിച്ചിട്ടില്ലാത്ത ആചാരാനുഷ്ഠാനങ്ങൾ നടപ്പിലാക്കുകയും റാലികൾ സംഘടിപ്പിക്കുകയുമല്ല വേണ്ടത്. മുസ്ലിമിന്റെ മികവുറ്റ പെരുമാറ്റം ഇസ്ലാമിന്റെ ശത്രുക്കളടക്കമുള്ള ജനങ്ങളെ ആകർഷിക്കുന്നു. ഇസ്ലാമിന്റെയും തിരുമേനി(സ)യുടെയും മാതൃക പ്രാവർത്തികമാക്കുന്നതിന്റെ ഫലമായി അവർ സ്തുതിക്കപ്പെടുകയും ചെയ്യുന്നു. ഹദ്റത്ത് ഇമാം ഹുസൈന്റെ(റ)യും അദ്ദേഹത്തിന്റെ കൂടെയുള്ളവരുടേയും മരണം സുനിശ്ചിതമായിട്ടും ഉറച്ചു നിന്നതുപോലെ മുസ്ലിംകളും സഹനവും സ്ഥിരചിത്തതയും പ്രകടിപ്പിക്കണം. യസീദിന്റെ പ്രകൃതമുള്ളവരോട് അങ്ങനെയാണ് വർത്തിക്കേണ്ടത്. ഹുസൈൻ (റ) ഒരു വലിയ സൈന്യത്തെ നേരിടുമ്പോഴും സത്യം പ്രകടിപ്പിച്ചു. അതു പോലെ തങ്ങൾക്ക് എന്തു പ്രത്യാഘാതങ്ങൾ വന്നാലും മുസ്ലിംകൾ സത്യം മുറുകെ പിടിക്കണം.**

വാഗ്ദത്ത മസീഹ് (അ) ബുദ്ധിപരമായും ദൈവിക വെളിപാട് മുഖേനയും വിവരിച്ചിട്ടുള്ളതാണ് നബി തിരുമേനി(സ)യോടും കുടുംബത്തോടും പ്രകടിപ്പിക്കേണ്ട ഏറ്റവും നല്ല രീതി. വാഗ്ദത്ത മസീഹി (അ)ന് തിരുനബി(സ) യോടുള്ള ഭക്ത്യാദരങ്ങൾ എത്ര മനോഹരമായ രീതിയിലായിരുന്നു പ്രകടിപ്പിച്ചതെന്ന് ചുരുങ്ങിയ പേജുകളിൽ വിവരിക്കുക സാധ്യമല്ല. അഹ്മദിയ്യാമുസ്ലിം ജമാഅത്തിന്റെ വെബ്ബ്സൈറ്റ് www.alislam.org/books സന്ദർശിക്കുക.

അവസാനമായി വാഗ്ദത്ത മസീഹിന്റെ ലിഖിത ശേഖരത്തിൽ നിന്നും ഒരു ഭാഗം താഴെ ചേർക്കുന്നു. അതിലദ്ദേഹം ഇസ്ലാമിനോടും മുഹമ്മദ് നബി (സ) യോടുമുള്ള തന്റെ സ്നേഹം പ്രകടിപ്പിക്കുന്നു.

***അല്ലയോ ഭൂമിയിൽ വസിക്കുന്നവരേ, പശ്ചിമ പൂർവ ദിക്കുകളിൽ വസിക്കുന്ന മനുഷ്യാത്മാക്കളേ! ഞാൻ നിങ്ങളോട് ദൃഢമായി പ്രഖ്യാപിക്കുന്നു. ഭൂമിയിലെ സത്യയാഥാർഥ്യം ഇസ്ലാം അതൊന്നു മാത്രമാണ്. വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ട ദൈവമാണ് യഥാർഥ ദൈവം. എന്നെന്നും നിലനിൽക്കുന്ന ആത്മീയ ജീവനുള്ള പ്രവാചകൻ, പ്രതാപത്തിന്റേയും പരിശുദ്ധിയുടേയും സിംഹാസനത്തിൽ ഉപവിഷ്ടരായ പ്രവാചകൻ, മുഹമ്മദ് നബി(സ)യാണ്. അദ്ദേഹത്തിന്റെ ആത്മീയ ജീവിതത്തിന്റെയും പരിശുദ്ധ പ്രതാപത്തിന്റെയും തെളിവ് എന്തെന്നാൽ അദ്ദേഹത്തെ പിന്തുടരുകയും സ്നേഹിക്കുകയും ചെയ്താൽ നാം പരിശുദ്ധാത്മാവിന്റെ സ്വീകർത്താക്കളാവുകയും ദൈവിക ഭാഷണങ്ങളാൽ അനുഗൃഹീതരാവുകയും ദൈവിക ദൃഷ്ടാന്തങ്ങൾക്ക് സാക്ഷിയായിത്തീരുകയും ചെയ്യും എന്നതാണ്.***

*The Review of Religion. Jan 2012*

വിവ:കെവി ഹസ്സൻ കോയ,കോഴിക്കോട്

# മുറുകുന്ന മുടിവിവാദം

**മുസാഫിർ**

**സു**ന്നീനേതാവ് കാന്തപുരം ഏ.പി അബൂബക്കർ മുസ്‌ല്യാർ റസൂൽ തിരുമേനി(സ)യുടെ തിരുകേശം എന്ന പേരിൽ കേരളത്തിൽ കൊണ്ടു വന്നശേഷം അവയുടെ പ്രദർശനത്തിനായി ഒരു മന്ദിരവും അതിനോടനുബന്ധിച്ച് ഒരു ടൗൺഷിപ്പുമൊക്കെ നിർമിക്കാനു ള്ള വൻ സംരംഭവുമായി മുന്നോട്ട് പോകുകയാണ്. ഏ. പി സുന്നികളുടെ ആസ്ഥാനമായ മർക്കസിൽ ഇപ്പോൾ സൂക്ഷിച്ചിട്ടുള്ള മുടിയുടെ ആധികാരികത സ്ഥാപിക്കാൻ തെളിവും പരമ്പരയും(സനദും) തങ്ങളുടെ കൈവശമുണ്ടെന്നാണ് അവരുടെ അവകാശവാദം. കഴിഞ്ഞ ജനുവരി അവസാനത്തിൽ ഏ.പി സുന്നികൾ കോഴിക്കോട് സംഘടിപ്പിച്ച അന്താരാഷ്ട്ര മിലാദ് കോൺഫറൻസിൽ സമസ്ത പ്രസിഡന്റ് അബ്ദുർറഹ്മാൻ അൽ ബുഖാരി ഉള്ളാളാണ് മുടി സൂക്ഷിക്കുന്ന ശഅ്റെ മുബാറക്ക് മസ്ജിദിന് സാങ്കൽപികമായി തറക്കല്ലിട്ടത്. മുടിസൂക്ഷിക്കുവാനുള്ള 40 കോടിയോളം വരുന്ന കെട്ടിടത്തിന് മസ്ജിദുൽ ആസാർ (തിരുശേഷിപ്പ് പള്ളി) എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. പക്ഷേ പള്ളി നിർമിക്കുന്ന സ്ഥലം എവിടെ യാണെന്ന് ഇത്വരെ വെളിപ്പെടുത്തിയിട്ടില്ല.

തിരുകേശത്തിനെതിരെ തുടക്കം മുതൽ തന്നെ ഇ. കെ വിഭാഗം സുന്നികളും മുജാഹിദുകളും മറ്റു മുസ്‌ലിം കക്ഷികളും എതിർപ്പുമായി രംഗത്തുണ്ട്. ഏ. പി. വിഭാഗം സുന്നികളുമായി നല്ല ബന്ധത്തിലായിരുന്ന മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് ശ്രീ. പിണറായി വിജയൻ എന്തോ അജ്ഞാത കാരണങ്ങളാൽ അബൂബക്കർ മുസ്‌ല്യാരുടെ മുടി സംരംഭത്തിനെതിരെ നിശിത വിമർശനവുമായി രംഗത്ത് വന്നത് മുടിപ്പള്ളി വിവാദം കേരളീയ സമൂഹത്തിന്റെ പൊതു മണ്ഡലത്തിലും വ്യാപകമായ ചർച്ചയായി മാറ്റിയിരിക്കുകയാണ്.



നിർദിഷ്ട ശഅ്റെ മുബാറക്ക് മസ്ജിദും ടൗൺഷിപ്പും

പ്രവാചകന്റെ മുടി കത്തുകയില്ല എന്ന കാന്തപുരത്തിന്റെ അവകാശവാദം ശരിയല്ലെന്നും അതൊരു ബോഡി വെയ്സ്റ്റ് ആണെന്നും പ്രവാചകന്റെ വാക്കും പ്രവർത്തിയും അനുകരിക്കുകയാണ് വേണ്ടതെന്നുമായിരുന്നു പിണറായിയുടെ വിമർശനവും ഉപദേശവും.

ഇതിനോട് പ്രതികരിച്ചു കൊണ്ട് രാഷ്ട്രീയക്കാർക്ക് മതത്തിന്റെ കാര്യത്തിൽ അഭിപ്രായം പറയാൻ അധികാരമില്ലെന്നും അങ്ങനെ അഭിപ്രായം പറഞ്ഞാൽ അത് വർഗീയതക്ക് വഴിവെക്കുമെന്നുമായിരുന്നു കാന്തപുരം ഉസ്താദിന്റെ താക്കീത്.

കാന്തപുരത്തിന്റെ കയ്യിലുള്ള മുടിയിഴ റസൂൽ തിരുമേനി (സ) യുടെതാണെന്ന് ഖണ്ഡിതമായി തെളിയിക്കപ്പെട്ടിട്ടില്ല. ലോകത്തിന്റെ പല ഭാഗങ്ങളിലും ഇത്തരത്തിൽ റസൂൽ തിരുമേനി (സ)യുടേതെന്ന് പറയപ്പെടുന്ന തിരുകേശമടക്കമുള്ള തിരുവസ്തുക്കൾ സൂക്ഷിച്ചിട്ടുണ്ട്. അതൊന്നും തന്നെ ആധികാരികമായി ശരിയാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. തെളിയിക്കപ്പെട്ടാൽ തന്നെ അവ ശിർക്കിലേക്ക് നയിക്കുന്ന രീതിയിലും ധനസമ്പാദനത്തിനും ഉപയോഗിക്കുകയാണെങ്കിൽ അത്തരം പ്രവർത്തനം കുറ്റകരം കൂടിയാണ്. തന്റെ കൈവശമുള്ളത് റസൂൽ തിരു മേനി(സ)യുടെ മുടിയാണെന്നും അത് കത്തിച്ചാൽ കത്തുകയില്ലെന്നുമുള്ള അവകാശവാദങ്ങൾ പരിഹാസ്യവും ആ പുണ്യാത്മാവിന്റെ വാദങ്ങൾക്കും വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്കും വിരുദ്ധവുമാണ്. റസൂൽ തിരുമേനി (സ)യോടായി പറയാൻ അല്ലാഹു വിശുദ്ധ ഖുർആനിൽ ഇപ്രകാരം ആജ്ഞാപിക്കുന്നതായി കാണാം:

***തീർച്ചയായും ഞാൻ നിങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധ്യൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് ദിവ്യവെളിപാടുണ്ടായിരിക്കുന്നു. അതിനാൽ ഏതൊരാൾ തന്റെ നാഥനെ കണ്ടു മുട്ടുന്നതിന്***

***ആഗ്രഹിക്കുന്നുവോ അയാൾ സൽക്കർമങ്ങൾ ചെയ്തു കൊള്ളട്ടെ. അയാൾ തന്റെ നാഥനെ ആരാധിക്കുന്ന കാര്യത്തിൽ ആരെയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യട്ടെ(18; 111)***

റസൂൽ തിരുമേനി(സ)യുടെ ഏറ്റവും വലിയ വാദങ്ങളിലൊന്ന് മറ്റു മതാനുയായികൾ തങ്ങളുടെ മതപുരുഷന്മാരെ പറ്റിപറയുന്നത് പോലെ ദൈവികതയുടെ യാതൊരു അംശവും തന്നിലില്ലെന്നും താൻ തികച്ചും സാധാരണ മനുഷ്യനാണെന്നുമാണ്. മനുഷ്യൻ എന്ന പരിധിയിൽ നിന്നു കൊണ്ടാണ് അവിടുന്ന് കൊടിയ പീഢനങ്ങളും ദ്രോഹങ്ങളും പ്രതികൂല സാഹച ര്യങ്ങളും അത്യധികം സഹനത്തോടെയും വിപദിധൈര്യത്തോടെയും



പിണറായി വിജയൻ



കാന്തപുരം എ.പി.അബൂബക്കർ മുസ്ല്യാർ

ദൈവസമർപ്പിതനായി നേരിട്ടത്. ഏറുകൊണ്ട് അവിടുത്തെ പുണ്യ ശരീരത്തിൽ നിന്നും രക്തം ഒഴുകിയിട്ടുണ്ട്. യുദ്ധാവസരത്തിൽ അവിടുത്തെ തിരുദന്തങ്ങൾ നഷ്ടപ്പെട്ടി ട്ടുണ്ട്. കടുത്ത ദാരിദ്ര്യത്തിൽ പട്ടിണി കിടന്നിട്ടുണ്ട്. സാമൂഹിക ബഹിഷ്ക്കരണം നേരിട്ടിട്ടുണ്ട്. തന്റെ അനുചരന്മാരും അടുത്ത ബന്ധുക്കളും ക്രൂരമായി ഭേദ്യം ചെയ്യപ്പെടുകയും വധിക്കപ്പെടുകയും ചെയ്തിട്ടുണ്ട് . തന്റെ പ്രിയപ്പെട്ട സന്താനങ്ങൾ ശിശുപ്രായത്തിൽ തന്നെ മരണപ്പെട്ടിട്ടുണ്ട്. ഇങ്ങനെ അവർണനീയവും അറ്റമില്ലാത്തതുമായ ത്യാഗങ്ങളും യാതനകളും വേദനകളും പൂർണ ധർമ്മ നിഷ്ഠയോടെ തന്റെ നാഥനുവേണ്ടി സഹിച്ച പുണ്യാത്മാവ് എന്ന നിലക്കാണ് റസൂൽ തിരുമേനി(സ)യുടെ മഹത്വവും മാതൃകയും ഏറ്റവും പ്രോജ്ജ്വലമാകുന്നത്. അമാനുഷികതയും അദ്ഭുതങ്ങളും കാണിച്ചതിന്റെ പേരിൽ റസൂൽ തിരുമേനി (സ)യാതൊരു അവകാശവാദവും നടത്തിയിട്ടില്ല. അമാനുഷികമായ കഴിവുകളുള്ള ഒരാളാണ് റസൂൽ തിരുമേനി (സ) യെങ്കിൽ ജീവിത പ്രയാസങ്ങൾ അദ്ഭുതകരമായ രീതിയിൽ അനായാസം തരണം ചെയ്യാൻ സാധിക്കും. അത് അവിടു ത്തെ ത്യാഗത്തിന് മാറ്റു കുറക്കുകയാണ് ചെയ്യുക. തന്നെ വിശ്വസിക്കാത്ത ശത്രുക്കൾ റസൂൽ തിരുമേനി(സ)യോട് അദ്ഭുതങ്ങൾ കാണിക്കാൻ ആവശ്യപ്പെട്ടപ്പോൾ അവിടുന്ന് നൽകിയ മറുപടി ഖുർആൻ ഇപ്രകാരം രേഖപ്പെടുത്തുന്നു.

**അല്ലെങ്കിൽ നിനക്ക് സ്വർണം കൊണ്ട് ഒരു ഭവനമുണ്ടായിരിക്കുക, അല്ലെങ്കിൽ നീ ആകാശത്തേക്ക് കയറിപ്പോവുക (അങ്ങനെ) ഞങ്ങൾ വായിക്കുന്ന ഒരു പുസ്തകം ഞങ്ങൾക്ക് നീ ഇറക്കിക്കൊണ്ടു വരുന്നതു വരേയും നിന്റെ ആരോഹണത്തെ ഞങ്ങൾ വിശ്വസിക്കുകയില്ല. പറയുക: എന്റെ നാഥൻ പരിശുദ്ധനാണ്. ഞാൻ ദൂതനായ മനുഷ്യൻ മാത്രമാണ്. ( 17: 94)**

നബി തിരുമേനി(സ) യുടെ തിരുശരീരം മറ്റുമനുഷ്യരെപ്പോലെ എല്ലാ ഭൗതിക നിയമങ്ങൾക്കും പരിമിതികൾക്കും വിധേയമാണ്. അത്കൊണ്ടാണ് അവിടുന്ന് മനുഷ്യവംശത്തിന്റെ സമ്പൂർണ മാതൃകയാവുന്നത്. അദ്ദേഹത്തിന് ആകാശത്തേക്ക് കയറിപ്പോവാനോ അവിടെ നിന്ന് ഒരു പുസ്തകം കൊണ്ടുവരുവാനോ സാധ്യമല്ല എന്നാണ് അല്ലാഹു പറയുന്നത്. എന്നാൽ പ്രകൃത്യാതീതമായ അമാനുഷികതകൾ റസൂൽ തിരുമേനി (സ) ക്കുണ്ടെന്നാണ് കാന്തപുരം ഉസ്താദ് വാദിക്കുന്നത്. അവിടുത്തെ തിരുകേശം കത്തിച്ചാൽ കത്തില്ല എന്നാണ് ഉസ്താദിന്റെ വാദമെങ്കിൽ ആ പറഞ്ഞ കാര്യം സത്യമാണെന്ന് തെളിയിക്കാൻ പിണറായി വിജയൻ വെല്ലു വിളിച്ചാൽ ഉസ്താദ് അതേറ്റെടുക്കുകയാണ് വേണ്ടത്. അങ്ങനെയാണെങ്കിൽ സനദിന്റെ പിന്നാലെ പോയി വിയർക്കേണ്ടതില്ല. എല്ലാവർക്കും പൂർണ ബോദ്ധ്യമാവുന്ന രീതിയിൽ ശാസ്ത്രീയമായി തന്നെ മുടിയുടെ സത്യം തെളിയിക്കാമല്ലോ. അതിനു പകരം മതകാര്യങ്ങളിൽ ഇടപെടാൻ മറ്റാർക്കും അധികാരമില്ലെന്ന പ്രസ്താവന പരിഹാസ്യമാണ്. ദൈവം ബുദ്ധി നൽകിയവർക്കെല്ലാം ദൈവം അവതരിപ്പിച്ച മതത്തെക്കുറിച്ച് സംസാരിക്കാനും മതത്തിന്റെപേരിൽ നടക്കുന്ന അന്ധവിശ്വാസങ്ങളെ ക്കുറിച്ച് ചോദിക്കാനും അവരുടെ സന്ദേഹങ്ങൾക്ക് നിവർത്തി വരുത്താനും അവകാശമുണ്ട്. സുന്നികൾ തമ്മിലും സുന്നികളും മറ്റു മുസ്ലിം കക്ഷികൾ തമ്മിലും മതപരമായ തർക്കങ്ങളിൽ നിന്നും ആരംഭിക്കുന്ന സംഘർഷങ്ങൾ സ്വത്തുപിടിച്ചെടുക്കലും അടിപിടിയും കത്തിക്കുത്തിലും തട്ടികൊണ്ടുപോയി കൊലപ്പെടുത്തലിലും വരെ കലാശിക്കാറുണ്ട്. ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ അമുസ്ലിംകളായ പോലീസുകാരും കോടതിയും ഇടപെടാറുണ്ടല്ലോ. മതപരമായ പ്രശ്നങ്ങളിൽ നീതിക്കു വേണ്ടി സുന്നികൾ തന്നെ ഈ അമുസ്ലിം മതേതര സ്ഥാപനങ്ങളെ സമീപിക്കുകയും ചെയ്യുന്നു. അപ്പോൾ അസ്വാഭാവികമായ സാമ്പത്തിക സമാഹരണവും അന്ധവിശ്വാസ പ്രചാരണങ്ങളും കാണുമ്പോൾ സമൂഹത്തിലെ ഏതൊരു പൗരനും അതിൽ ഇടപെടാനും അഭിപ്രായം പറയാനും അവകാശമുണ്ട്. കാന്തപുരം മുസ്ലിയാർ തന്റെ അവകാശ വാദങ്ങൾക്ക് തൃപ്തികരമായ മറുപടിയാണ് നൽകേണ്ടത്. അല്ലാതെ പൗരന്മാരുടെ അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്നത് ശരിയല്ല.

വാസ്തവത്തിൽ അദൃശ്യനായ ദൈവത്തിൽ വിശ്വസിക്കാനുള്ള മനുഷ്യന്റെ വിമുഖതയും താൽപ്പര്യക്കുറവും ബുദ്ധിപരമായ പരാജയവും

സർവോപരി ആത്മീയ ബോധത്തിന്റെ കുറവുമാണ് പ്രത്യക്ഷ വസ്തുക്കളെ ആരാധിക്കാനും പൂജിക്കാനും അവ ദൈവസംപ്രാപ്തിക്കുള്ള മാദ്ധ്യമങ്ങളായി കാണാനും അവനെ പ്രേരിപ്പിക്കുന്നത്. തിരുശേഷിപ്പുകളും ബിംബങ്ങളും ആൾദൈവങ്ങളും സിദ്ധന്മാരും അദൃശ്യതയുടെ ഈ ശൂന്യത നികത്തുമെന്നു വിശ്വാസത്തിൽ ദുർബലായവർ കരുതുന്നു. സാത്വിക ജീവിതത്തിലധി ഷ്ഠിതമായ ശ്രമകരമായ കർമ മാർഗമാണ് അദൃശ്യനായ ദൈവത്തെ പ്രാപിക്കാനുള്ള ഇസ്‌ലാമിലെ മോക്ഷ മാർഗം. പഞ്ചേന്ദ്രിയങ്ങൾക്ക് അനുഭവ വേദ്യമാകുന്ന പ്രത്യക്ഷങ്ങളിൽ മാത്രം വിശ്വാസമുള്ള ഭൗതികോന്മുഖരാണ് ആത്മീയ വിരുദ്ധമായ ഇത്തരം കുറുക്കുവഴികൾ അന്വേഷിക്കുന്നത്. അവർ വിശ്വാസത്താൽ ആത്മ പ്രചോദിതമായ കർമമാർഗത്തി നുപകരം പുണ്യാത്മാക്കളുടെ തിരുശേഷിപ്പിന്റെ സ്പർശനവും ദർശനവും അശനവും കൊണ്ട് ദൈവ പ്രീതി കരസ്ഥമാക്കാൻ കഴിയുമെന്ന് വ്യാമോഹിക്കുന്നു. ലോകാനുഭൂതികളിൽ മാത്രം കണ്ണുനട്ട മതപണ്ഡിതന്മാർ സാധാരണ ക്കാരായ വിശ്വാസികളുടെ ഇത്തരം പ്രവണതകളെ എക്കാലത്തും ചൂഷണം ചെയ്ത് ധനസമ്പാദന മാർഗമായി മാറ്റിയിട്ടുണ്ട്. അതുകൊണ്ടാണ് ഖുർ ആൻ വിശ്വാസികളെ അഭിസംബോധന ചെയ്ത് കൊണ്ട് പറഞ്ഞത്.

**വിശ്വസിച്ചവരേ, മതപണ്ഡിതന്മാരിൽ നിന്ന് അധിക പേരും മനുഷ്യരുടെ ധനം അന്യായമായി കരസ്ഥമാക്കി ഭക്ഷിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും ജനങ്ങളെ തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും സംഭരിച്ചു വെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനാജനകമായ ശിക്ഷയുണ്ടെന്ന് മുന്നറിയിപ്പ് നൽകുക**(9:34)

അല്ലാഹു വിശുദ്ധ ഖുർആനിൽ പരിശുദ്ധ ഹജ്ജുമായി ബന്ധപ്പെട്ട സഫാ, മർവാ കുന്നുകൾ പവിത്രമായ മാസങ്ങൾ (ശവ്വാൽ, ദുൽഖഅദ്, ദുൽഹജ്ജ്, റജബ്) ബലിമൃഗങ്ങൾ എന്നിവയെല്ലാം തന്റെ ചിഹ്നങ്ങളായി (ശആയിറുല്ല:) പറയുകയും അവയെ ബഹുമാനിക്കാൻ അല്ലാഹു കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതേ പ്രകാരം പുണ്യാത്മാക്കളുടെ കബറിടങ്ങളും അവരോട് ബന്ധപ്പെട്ട വസ്തുക്കളുമെല്ലാം തന്നെ ആദരണീയങ്ങളാണെന്നാണ് ഇസ്‌ലാമിന്റെ അദ്ധ്യാപനം. അത്തരം വസ്തുക്കളുടെ കാഴ്ച പുണ്യാത്മാക്കളുടെ ജീവിതത്തെക്കുറിച്ചും ദൈവമാർഗത്തിൽ അവർ അനുഷ്ഠിച്ച ത്യാഗങ്ങളെക്കുറിച്ചും അവർക്ക് ലഭിച്ച ദൈവികാനുഗ്രഹങ്ങളെക്കുറിച്ചും നമ്മെ ഓർമിപ്പിക്കുകയും അവ നമ്മിൽ ദൈവസ്മരണകളുയർത്തുകയും ചെയ്യുന്നു. ഇത് മനുഷ്യ പ്രകൃതിയിലുള്ള ഒരു സഹജ വികാരമാണ്. തികഞ്ഞ ഭൗതിക വാദികളായ കമ്മ്യൂണിസ്റ്റുകൾ പോലും യാതൊരു പരിധിയുമില്ലാതെ ഇത്തരം സഹജ വികാരങ്ങളെ വൈകൃതത്തോളം വരുന്ന തലങ്ങളിൽ ആഘോഷിക്കാറുണ്ട്. റഷ്യയിലെ റെഡ് സ്ക്വയറിൽ ലെനിൻ മുസോളിയത്തിലും ചൈനയിലെ ടിയാനൻമെൻ സ്ക്വയറിലെ മാവോ മുസോളിയത്തിലും എംബാം ചെയ്തു വെച്ച വിപ്ലവാചാര്യന്മാരുടെ പൂർണകായ ബോഡി 'വെയ്സ്റ്റുകൾ' അന്ധമായ കമ്യൂണിസ്റ്റ് പുണ്യദർശനങ്ങളുടെ നിദർശനമാണ്. ഭൂമിയിൽ അനശ്വര ജീവിതം കൊതിച്ച ഈജിപ്തിലെ ഫറോവമാരുടെ മമ്മി കളെപോലെ അവരുടെ ആശയങ്ങൾ കാലഹരണപ്പെട്ടിട്ടും ഈ പ്രേത ശരീരങ്ങൾ നിലനിൽക്കുന്നതിന്റെ യുക്തിയെന്ത്? റഷ്യയിലും ചൈനയിലും മാത്രമല്ല നമ്മുടെ നാട്ടിലെ പാർട്ടി സമ്മേളനങ്ങളിൽ രണസ്മരണകളിരമ്പുന്ന രക്തസാക്ഷി മണ്ഡപങ്ങളും പുഷ്പാർച്ചനയും നേതാക്ക ന്മാരുടെ വലിയ കട്ടൗട്ടുകളും ഈ സഹജ വികാരത്തിന്റെ പ്രകടനങ്ങളാണ്. മനുഷ്യ സഹജമായ ഇത്തരം സ്മരണകൾ ഇസ്‌ലാമും അംഗീകരിക്കുകയും വികാരപ്രകടനങ്ങൾക്ക് മാർഗ നിർദേശം നൽകി വഴി തെറ്റാതെ പരിരക്ഷിക്കുകയും ചെയ്യുന്നു. ഇത്തരം ഇസ്‌ലാമിക സമാരകങ്ങളെ ആദരിക്കൽ പാവനമായ ഭക്തിപ്രകടനം തന്നെയാണെന്നാണ് ഖുർആൻ പറയുന്നത്. വിശുദ്ധ ഖുർആൻ ഈ പ്രസ്താവന നടത്തുന്നതിന് തൊട്ട്മുമ്പത്തെ വചനത്തിൽ ആരാധനക്കർഹൻ അല്ലാഹുവാണെന്ന തത്ത്വം ഖണ്ഡിതമായി പ്രഖ്യാപിച്ചതിന് ശേഷമാണ് അല്ലാഹുവിന്റെ പാവന ചിഹ്നങ്ങളെ ബഹുമാനിക്കണമെന്ന കൽപ്പന നൽകുന്നത്.

**അല്ലാഹുവിന് വേണ്ടിഋജുമാനസരായി അവനോട് ഒന്നിനേയും പങ്കു ചേർക്കാത്തവരായിരിക്കുക. .ആരെങ്കിലും അല്ലാഹുവിനോട് വല്ലതിനേയും പങ്കുചേർക്കുന്നതായാൽ തീർച്ചയായും അവൻ ഉയരത്തിൽ നിന്ന് വീണവനെ പോലെ ആയിരിക്കും ...... അതങ്ങനെയാണ്. വല്ലവനും അല്ലാഹുവിന്റെ പാവന ചിഹ്നങ്ങളെ ആദരിക്കുന്നതായാൽ തീർച്ചയായും അത് ഹൃദയത്തിന്റെ ഭക്തിയിൽ പെട്ടതാണ് (22:32,33)** ഇവിടെ ആദരവും ആരാധനയും തമ്മിലുള്ള തിരിച്ചറിവാണ് നമുക്കുണ്ടാവേണ്ടത്. ഇത് തിരിച്ചറിയാനുള്ള വിവേകവും അന്ധവിശ്വാസം ത്യജിക്കാനുള്ള സന്നദ്ധതയും മുസ്‌ലിംകൾക്കുണ്ടാകുമാറാകട്ടെ ●

---

▶ പേജ് 29 ൽ നിന്ന് തുടർച്ച

അവരുടെ മതത്തിനനുസരിച്ചുള്ള ശിക്ഷയും വേണം എന്നാണ് കരുതുന്നത്. അവരെ ഇസ്‌ലാമിക ഭരണം തങ്ങളുടെ രാജ്യത്തുള്ള എല്ലാപൗരന്മാർക്കും ഒരേ നിയമമാണ് നടപ്പാക്കാൻ ശ്രമിക്കേണ്ടത്. അതായത് അവർ ഉദ്ദേശിക്കും വിധം അവരുടെ സമൂഹത്തിന്റെ ക്രമത്തിനനുസൃതമായ നിയമങ്ങൾക്ക് മുൻഗണന നൽകി ഭരണ നിർവഹണം നടത്തേണ്ടതുണ്ട്. സ്വവർഗരതി തടയുന്ന പൊതുനിയമം അവർക്ക് അവരുടെ രാജ്യത്ത് പൊതുവായി നടപ്പാക്കാവുന്നതാണ്. ഒരു ബഹുസ്വര സമൂഹത്തിൽ എല്ലാവരുടേയും അഭിപ്രായങ്ങളും അവകാശങ്ങളും കണക്കിലെടുക്കണം. അതു പോലെ എപ്പോഴും പാലിക്കേണ്ട ഇസ്‌ലാമിക നിയമങ്ങളെ പറ്റിയുള്ള ചില മൂലതത്ത്വങ്ങൾ ഇവിടെ വിശദീകരിക്കേണ്ടതുണ്ട്. വിഷയത്തിന്റെ വൈപുല്യം കാരണം ഇവിടെ അത് സാധ്യമല്ല. എങ്കിലും ഇപ്രകാരം സംഗ്രഹിക്കാം. സമൂഹത്തിന് മൊത്തത്തിൽ ദോഷകരമായി വരുന്ന ഒരു പ്രശ്നത്തിൽ ഒരു സംശയമുണ്ടെങ്കിൽ ദോഷത്തിനിരയാവുന്ന കക്ഷിക്ക് അനുകൂലമായി ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുകയാണ് വേണ്ടത്. തെറ്റായ വിധി മൂലം ഒരാൾക്ക് അന്യായമായി നഷ്ടം പറ്റിയാൽ അത് ദൈവത്തിന്റെ കോപം വിളിച്ചു വരുത്തുന്ന പ്രവർത്തിയായിരിക്കും. ●

# പ്രതിഭാശാലിയായ അഹ്മദി ബാലിക



ബ്രിട്ടീഷ് ഗവൺമെന്റ് അന്താരാഷ്ട്ര തലത്തിൽ നടത്തുന്ന ഓ ലെവൽ പരീക്ഷയിൽ (O Level Exam) പാകിസ്താനിലെ അഹ്മദി ബാലിക സിത്താര അക്ബർ ലോക റിക്കാർഡോടെ അതി പ്രശസ്തമായ നിലയിൽ പാസ്സായിരിക്കുന്നു. പതിനൊന്ന് വയസ്സുകാരിയായ സിത്താര ഓ ലെവൽ പരീക്ഷ പാസ്സാകുന്ന ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി കൂടിയാണ്. ഉന്നത പഠനത്തിനായി ബ്രിട്ടീഷ് ഗവൺ മെന്റ് വിദ്യാർഥികൾക്കായി അന്തർ ദേശീയ തലത്തിൽ നടത്തുന്ന പ്രവേശന പരീക്ഷയാണ് ഓ ലെവൽ പരീക്ഷ. ഇംഗ്ലീഷ്, മാത്തമാറ്റിക്സ്, ബയോളജി, കെമിസ്ട്രി, ഫിസിക്സ് എന്നീ വിഷയങ്ങളിലാണ് സിത്താര ലോക റിക്കാർഡ് സ്ഥാപിച്ചിരിക്കുന്നത്. ഒമ്പതാം വയസ്സിൽ കെമിസ്ട്രിയിലും ഈ ബാലിക റിക്കാർഡോടെ ഓ ലവൽ പരീക്ഷ പസ്സായിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ ഇംഗ്ലീഷ് ബിരുദാനന്തര ബിരുദത്തിന് പ്രവേശനം ലഭിക്കാൻ നടത്തുന്ന IELT S പരീക്ഷയിലും (International Enlish Language Test System) സിത്താര പങ്കെടുത്ത് റിക്കാർഡോടെ 9 ൽ 7 ബാൻഡ് നേടി പാസ്സായിട്ടുണ്ട്. അസാമാന്യ പ്രതിഭാശാലിയായ ഈ കൊച്ചു ജീനിയസ്സിനെ പാകിസതാൻ മാധ്യമങ്ങൾ ഭാവിയിലെ അബ്ദുസ്സലാമായിട്ടാണ് വിശേഷിപ്പിക്കുന്നത്. അഹ്മദി ബാലികയായതിന്റെ പേരിൽ സിത്താരക്ക് പാകിസ്താൻ സർക്കാർ വേണ്ട വിധത്തിലുള്ള പരിഗണന കൊടുത്തിട്ടില്ല.

## യുഗരശ്മിക്ക് അംഗീകാരം



**യുഗരശ്മി പത്രാധിപർ**
**മുഹമ്മദ് യൂസുഫ്**

കർണാടക സംസ്ഥാനത്ത് രണ്ട് ദശാബ്ദങ്ങൾ പൂർത്തിയാക്കിയ ആനുകാലികങ്ങളെ ആദരിക്കുന്നതിനോടനുബന്ധിച്ച് കർണാടക സർക്കാർ ഏർപ്പടുത്തിയ പരിപാടിയിൽ അഹ്മദിയ്യാമുസ്ലിം ജമാഅത്തിന്റെ കർണാടക ഭാഷയിലുള്ള മുഖ പത്രമായ യുഗരശ്മി ആദരിക്കപ്പെടുകയുണ്ടായി. ബാംഗളൂരിൽ വെച്ച് നടന്ന ചടങ്ങിൽ യുഗരശ്മി പത്രാധിപർ മുഹമ്മദ് യൂസുഫ് സാഹിബ് പുരസ്ക്കാരവും ബഹുമതി പത്രവും ഏറ്റു വാങ്ങി. 1975 ൽ മുഹമ്മദ് യൂസുഫ് സാഹിബിന്റെ പത്രാധിപത്യത്തിലാണ് യുഗരശ്മി ആരംഭിച്ചത്. കർണാടകത്തിൽ സജീവമായ രീതിയിൽ ഇസ്ലാമിക പ്രചാരണം നടത്തി വരുന്ന മാസികയാണ് യുഗരശ്മി.

▶ പേജ് 16ൽ നിന്ന് തുടർച്ച

വിക്കുമെന്ന് ആരും ഊഹിച്ചിട്ടുപോലുമില്ലായിരുന്നു. അവരാകട്ടെ കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുമുണ്ടായിരുന്നു.” (മുഖദ്ദിമ തഫ്സീർ സനായി ഭാഗം 17 ഒന്നാം പതിപ്പ്)

ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യുടെ അല്ലാഹുവിൽ സത്യം ചെയ്തുകൊണ്ടുള്ള ശക്തവും പ്രബലവും ദൃഢവുമായ വാദവും ആ വാദത്തോടുകൂടി 1908-ൽ ഉണ്ടായ അദ്ദേഹത്തിന്റെ സാധാരണരീതിയിലുള്ള വേർപാടും ഉച്ചൈസ്തരം വിളിച്ചുപറയുന്നത് ആ ധന്യാത്മാവ് അല്ലാഹുവിന് പ്രിയപ്പെട്ടവനും അല്ലാഹുവിന്റെ മിത്രവുമാണെന്നാണ്. മാത്രമല്ല അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ലോകം മുഴുവനുമുള്ള വ്യാപനവും രാപകൽ ഭേദമില്ലാതെയുള്ള അതിന്റെ പുരോഗതിയും ശക്തമായ അതിന്റെ പ്രചാരണങ്ങളും വിജയത്തിലേക്കുള്ള കുതിപ്പും വിളിച്ചോതുന്നതും അദ്ദേഹം അല്ലാഹുവിൽനിന്നുള്ള മഹ്ദിയും മസീഹുമാണെന്നാണ്. അദ്ദേഹം സത്യവാനാണെന്നതിന് ഇതിനേക്കാൾ വലിയ തെളിവ് മറ്റെന്താണ് വേണ്ടത്? അല്ലാഹു അയച്ച ആളല്ല മിർസാ ഗുലാം അഹ്മദ് (അ) എങ്കിൽ എന്നേ അദ്ദേഹത്തിന്റെ പ്രസ്ഥാനം നശിച്ചുമണ്ണടിഞ്ഞിട്ടുണ്ടാകുമായിരുന്നു. തന്റെ ആയത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ വധിക്കാൻ അല്ലാഹു ഇന്ന് കഴിവുള്ളവനല്ലേ? മുമ്പേ പോലുള്ള കഴിവ് അവന് ഇന്നില്ലെന്നാണോ? അല്ല, ഒരിക്കലുമല്ല. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) അല്ലാഹുവിനാൽ നിയോഗിതനായ മഹ്ദിയും മസീഹും തന്നെയാണ്. തന്റെ മിത്രമായ മഹ്ദിയെയും മസീഹിനെയും അവൻ നശിപ്പിക്കുന്നതെങ്ങനെ? സത്യവാന്റെ പ്രകാശത്തെ ഊതിക്കെടുത്താൻ നിഷേധികൾക്കു കഴിയുമോ? ●

### തിരുത്ത്

2012 ജനുവരി ലക്കം സത്യദൂതനിൽ യുഗശബ്ദം എന്ന കോളത്തിൽ ‘തീജ്വാലകൾക്ക് എന്നെ നശിപ്പിക്കാനാവില്ല’ എന്ന തലവാചകത്തിൽ വന്ന ഉദ്ധരണിയിൽ ‘ഇന്നേക്ക് നാൽപത് വർഷംമുമ്പ്’ എന്നത് ‘ഇന്നേക്ക് പതിനാല് വർഷംമുമ്പ്’ എന്നും ‘ലക്ചർ സിയാൽക്കോട്ട്’ എന്നത് ‘ലക്ചർ ലുധിയാന’ എന്നും തിരുത്തി വായിക്കണമെന്ന് അപേക്ഷിക്കുന്നു. തെറ്റു വന്നതിൽ ഖേദിക്കുന്നു.

ചീഫ് എഡിറ്റർ.




2012 ഫെബ്രുവരി 11ന് കണ്ണൂർ സിറ്റിയിൽ ചേർന്ന നബികീർത്തന യോഗത്തിൽ മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് പ്രസംഗിക്കുന്നു. മൗലവി ടി. എം. മുഹമ്മദ് സാഹിബ്, എം. അബ്ദുർറഹ്മാൻ സാഹിബ് എന്നിവർ സമീപം.




മജ്‌ലിസ് അൻസാറുല്ലാഹ് എറണാകുളം മേഖല ഫെബ്രുവരി 5ന് അടിമാലിയിൽ സംഘടിപ്പിച്ച തർബിയ്യത്ത്–നബികീർത്തനയോഗത്തിൽ മേഖലാ ഇൻചാർജ് മൗലവി നാസിർ അഹ്മദ് സാഹിബ് ക്ലാസെടുക്കുന്നു. മേഖലാ നാസിം അൻസാറുല്ല ശാഹുൽ ഹമീദ് സാഹിബ്, മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ്, മൗലവി മുജീബ് സാഹിബ് എന്നിവർ സമീപം.



തൃശൂരിൽ നടന്ന ബുക്ക്ഫെയറിൽ അഹ്മദിയ്യാ ബുക്ക്സ്റ്റാൾ സന്ദർശിക്കുന്ന മന്ത്രി ശ്രീ. സി. എൻ ബാലകൃഷ്ണൻ



2012 March

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

Vol: 84 Issue.3
Price Rs. **20/-**

**The Sathyadoothan Monthly**

# Ahmadiyya Muslim Community

*Apps for mobile devises*

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news



View these apps at
alislam.org/apps
or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** **Toll Free (9 am to 9 pm)**